# യുക്തിവിചാരം



2002

ആഗസ്ററ്

കുററിപ്പുഴ കൃഷ്ണപിള്ളയുടെ അനുജനും യുക്തിവാദ പ്രചരണവേദിയുടെ സ്ഥാപകനേതാക്കളിൽ ഒരാളും യുക്തിവിചാരം മാസികയുടെ ദീർഘകാലത്തെ പത്രാധിപരും ഞങ്ങളുടെ ഉററമിത്രവുമായിരുന്ന കുററിപ്പുഴ ചന്ദ്രൻ അന്തരിച്ചിട്ട് 2002 ആഗസ്റ്റ് 9_നു ക്കു് 14 വർഷം തികയുന്നു. ഞങ്ങൾ അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്മരിക്കുന്നു.

യുക്തിവാദപ്രചരണവേദി, തൃശൂർ - 680004

വില 5 രൂപ

# യുക്തിവിചാരം

പുസ്തകം: 26 | 2002 ആഗസ്റ്റ് | ലക്കം: 7


* കുററിപ്പുഴ സ്മരണ — എ. വി. ജെ.

* കുറിപ്പുകൾ;– പത്രക്കാരുണ്ടാക്കുന്ന അത്ഭുതങ്ങൾ,
വി. എച്ച്. പി. യും ആർ. എസ്. എസും മുസ്ലീമുകളും,
കാളപെററെന്നു കേട്ടാൽ കയറെടുക്കരുത്. — ജെ. വി.

* ഇന്ത്യയെ രക്ഷിക്കാൻ യുക്തിവാദത്തിനേ കഴിയൂ.
— കുററിപ്പുഴ ചന്ദ്രൻ

* ആനക്കയം സെയ്ത്ത്മുഹമ്മതിന്നു അവാർഡ്.
— യുക്തിവാദപ്രചരണവേദി

* ആനക്കയം സെയ്ത്തുമുഹമ്മദ്–
ജീവിതം യുക്തിവാദത്തിന് നേഴിഞ്ഞുവെച്ച പോരാളി — യു. പ.

* ഞാനെങ്ങനെ യുക്തിവാദിയായി?
— ആനക്കയം സെയ്തുമുഹമ്മദ്

* ജ്ഞാനേന്ദ്രന്റെ തിരുക്കശാപ്പ് — നാരായണൻപേരിയ

* ആഗോളവൽക്കരണവും മതതീവ്രവാദവും — സി. എ. ഉമ്മൻ

* ജനാധിപത്യത്തിനുള്ളിലെ താലിബാനുകൾ
— ആനക്കയം സെയ്തുമുഹമ്മദ്

* ശ്രീനി പട്ടത്താനത്തിനെ പ്രോസിക്യൂട്ട് ചെയ്യാൻ നീക്കം
— യു. പ.

* വായനക്കിടയിൽ — എം. ഒ. ജി. മലപ്പട്ടം

* കത്തുകളിൽനിന്നു്

* വാർത്തകളിൽനിന്ന്


## ചിന്താവിഷയം

"യുക്തിവിചാരം ചെയ്യാത്തവൻ അന്ധവിശ്വാസിയാണ്; യുക്തിവിചാരം ചെയ്യാൻ കഴിയാത്തവൻ വിഡ്ഢിയാണ്; യുക്തിവിചാരം ചെയ്യാൻ ധൈര്യപ്പെടാത്തവനാകട്ടെ അടിമയും."

— സർ. ഡബ്ല്യു. ഡ്രുമണ്ട്

# കുററിപ്പുഴ സ്മരണ

## ഇന്നത്തെ ഗുരുതര പ്രശ്നത്തിന്നു ഏക പോംവഴി

പണ്ഡിതൻ, സ്വതന്ത്രചിന്തകൻ, സാഹിത്യ വിമർശകൻ, അദ്ധ്യാപകൻ, സാമൂഹിക ചിന്തകൻ, യുക്തിവാദികളുടെ താത്വികാചാര്യൻ എന്നീ നിലകളിലെല്ലാം ഇന്നും അതുല്യനായി ശോഭിക്കുന്ന കുററിപ്പുഴ കൃഷ്ണപിള്ള ജനിച്ചതു് 1900 ആഗസ്റ്റ് 1-ാംനു-യാണു്. ഇദ്ദേഹത്തെ ശുശ്രൂഷിച്ചും ആദർശങ്ങൾ പ്രചരിപ്പിച്ചും ജീവിത കാലം മുഴുവനും കഴിച്ചു കൂട്ടിയ സ്വന്തം അനുജനും നിഷ്ക്കളങ്കനും ത്യാഗിവര്യനും യുക്തിവാദ പ്രചരണ വേദിയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനും യുക്തിവിചാരം മാസികയുടെ ദീർഘകാല പത്രാധിപരും ഞങ്ങളുടെ ഉററ മിത്രവുമായിരുന്ന കുററിപ്പുഴ ചന്ദ്രൻ അന്തരിച്ചതു 1988 ആഗസ്ററു 9-ാം നു-യാണു. എല്ലാംകൊണ്ടും കുററിപ്പുഴ സ്മരണക്കു യോജിച്ച മാസം ആഗസ്ററു തന്നെ.

എന്നാൽ ഇന്ത്യ മുഴുവനും, ദൈവം, പിശാചു്. സ്വർഗ്ഗം, നരകം, ആത്മാവു്, പുനർജന്മം, ജാതി, മതം, എന്നീ യഥാർത്ഥത്തിൽ ഇല്ലാത്തവയിലുള്ള വിശ്വാസങ്ങൾക്കടിമപ്പെട്ടു, മുമ്പൊന്നുമില്ലാത്തവിധം പരസ്പരം കൊന്നും ചത്തും ആകെ കലുഷിതമാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇവരെപററി സ്മരിച്ചാൽ മാത്രം പോരാ. ഇവരുടെ സൂക്തങ്ങൾ-മനുഷ്യന്റെ സൃഷ്ടിയാണു ദൈവം-പ്രാർത്ഥന മുഖസ്തുതി-വഴിപാടു് ദൈവത്തിനുള്ള കൈക്കൂലി - ദേവാലയം ഭ്രാന്താലയം (ഭ്രാന്തു് എന്നാൽ സ്വയവും മററുള്ളവർക്കും ദ്രോഹം ചെയ്യുന്നതു്) മതം മനുഷ്യനെ വഴി തെററിക്കുന്ന കൂട്ടഭ്രാന്തു്-വിശ്വാസം ഒരു മാനസീക ദൌർബല്ല്യം-പൗരോഹിത്യം ജീവനമാർഗം-ദൈവനിഷേധം ജ്ഞാനത്തിന്റെ ആരംഭം-എന്നിവ ഭാരതത്തിന്റെ എല്ലാ മുക്കിലും മൂലയിലും ചുമരായ ചുമരുകളിൽ മുഴുവനും പ്രദർശിപ്പിക്കാൻ തെയ്യാറാകണമെന്നാണു ഞങ്ങളുടെ വിനീത അഭ്യർത്ഥന. വായിക്കാനറിയുന്നവർ വായിച്ചു ചിന്തിക്കട്ടെ! അങ്ങിനെയാണു നമ്മൾ ഇവരുടെ സ്മരണ പുതുക്കേണ്ടതു്.

ഒരു മതത്തെ (ഇരുട്ടിനെ) മറെറാരുമതം (ഇരുട്ടു്) കൊണ്ടു് നശിപ്പിക്കാൻ കഴിയില്ല. അതുകൊണ്ടു് കുറെപേരെ കൊല്ലാനും

കുറിപ്പുകൾ:- ജെ. വി.

# പത്രക്കാരുണ്ടാക്കുന്ന അത്ഭുതങ്ങൾ

തിരുവനന്തപുരത്തുകാരനായ ഷാജഹാൻ എന്ന പയ്യൻസ് നെററിയിൽ തിരുമ്മി, കണ്ണിൽനിന്നും കല്ലെടുക്കുന്നതിനെക്കുറിച്ച് നമ്മുടെ പത്രങ്ങളും ഏഷ്യാനെററ് തുടങ്ങിയ സാററ്ലൈററ് ചാനലുകളും അത്ഭുത വാർത്തയായി പ്രചരിപ്പിച്ചിരുന്നു. ഒരിക്കലും അങ്ങിനെ ഒന്നു സംഭവിക്കുകയില്ല എന്നു ചിന്തിക്കുവാനോ, അതിലൂടെ ഷാജഹാന്റെ തട്ടിപ്പിന്റെ രഹസ്യം പുറത്തുകൊണ്ടു വരാനോ നമ്മുടെ വാർത്താമാദ്ധ്യമങ്ങൾ ശ്രമിച്ചില്ല. മാത്രമല്ല യുക്തിവിചാരം പത്രാധിപർ ഈ വാർത്ത പ്രസിദ്ധീകരിച്ച മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങൾക്കു അന്നുതന്നെ 'മനുഷ്യന്റെ തലയിൽ കരിങ്കൽ ഫാക്ടറിയോ?' എന്ന തലക്കെട്ടിൽ കത്തുകളിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി ഓരോ കത്തു അയച്ചുകൊടുക്കുകയുണ്ടായി. അതിൽ ഇങ്ങിനെയാണു എഴുതിയിരുന്നതു്. "നിങ്ങളുടെ പത്രത്തിൽ 20-1-2002ൽ 13 വയസ്സായ ഒരു കുട്ടിയുടെ കണ്ണിൽനിന്നും കഴിഞ്ഞ ഒരു മാസമായി ദിവസേന ഇരുപതിനും മുപ്പതിനുമിടയിൽ ചെറുകല്ലുകൾ വന്നുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ശൂരനാട്ടുനിന്നും സ്വന്തം ലേഖകന്റേതായി അത്ഭുതകരമായ ഒരു വാർത്ത കണ്ടു. ഇതു ആ കുട്ടിതന്നെ ലഘു മനോരോഗംകൊണ്ട് മററുള്ളവരുടെ കണ്ണുവെട്ടിച്ചു ചെയ്യുന്ന തട്ടിപ്പാണു്. ആ കുട്ടിയെ ദേഹപരിശോധന ചെയ്യുകയും കല്ലുകിട്ടാത്ത സ്ഥലത്തു താമസിപ്പിക്കുകയും ചെയ്താൽ നിന്നുപോകുന്നതാണു ഈ രോഗം. ഡോക്ടർമാർക്കു് പരിശോധിച്ചിട്ടു മനസ്സിലായില്ല എന്നതിലാണു അത്ഭുതം തോന്നുന്നതു്. ഇത്തരം വാർത്തകൾ ചമയ്ക്കുന്നതു മാധ്യമങ്ങൾക്കു ഒരു പതിവായിട്ടുണ്ടു് ഇപ്പോൾ." ഈ കത്തും പത്രങ്ങൾ പ്രസിദ്ധീകരിച്ചില്ല. എങ്കിലും ഒടുവിൽ

കുറെ പേക്കു് ചാകാനും മാത്രമേ കഴിയൂ. അതിനെ വെളിച്ചം (അറിവ്) കൊണ്ടു് മാത്രമേ ഇല്ലായ്മ ചെയ്യാൻ കഴിയൂ. എല്ലാററിനും ആർഷ സംസ്കാരം പൊക്കിപിടിക്കുന്ന, ഇന്നത്തെ ഇന്ത്യയിലെ ഭരണാധികാരികൾ, ചാർവാകൻ, ബൃഹസ്പതി, കപിലൻ തുടങ്ങിയ ഋഷിമാരേയും അവരുടെ ദർശനങ്ങളേയും പററി മിണ്ടുന്നില്ല! എന്തൊരു ഗതികേട്!

ഞങ്ങൾ നിത്യസ്മരണീയരായ കുററിപ്പുഴകൾക്കു മുമ്പിൽ, സ്മരണാഞ്ജലി അർപ്പിച്ചു കൊള്ളുന്നു.

സത്യം പുറത്തു വന്നിരിക്കുന്നു. ഈ പത്രവാർത്ത ശ്രദ്ധിക്കുക.

"തിരുവനന്തപുരം: നെററിയിൽ തിരുമ്മി കണ്ണിൽനിന്നു് കല്ലുടക്കുന്നതു് ഷാജഹാൻെറ മാനസിക പ്രശ്നത്തെത്തുടർന്നാണെന്നു് തെളിഞ്ഞു. മനോരോഗ ചികിത്സയ്ക്കു് വിധേയനായതോടെ പപതിമൂന്നു വയസ്സുകാരനായ ഷാജഹാൻെറ കണ്ണിൽകൂടി കല്ലുവരുന്ന പ്രതിഭാസത്തിനു് അവസാനമായി. ഇതോടെ സാധാരണ നിലയിലെത്തിയ കുട്ടി സ്കൂളിൽ പോയിത്തുടങ്ങി. നാടിനേയും വൈദ്യശാസ്ത്രത്തെയും അമ്പരപ്പിച്ച കല്ലിൻെറ വരവു് വെറും കൺകെട്ടു് വിദ്യയെന്നു് വെളിപ്പെടുകയും ചെയ്തു. ഷാജഹാനു് സ്കിസോഫ്രേനിയ എന്ന മനോരോഗമായിരുന്നുവെന്നു് ചികിത്സ നടത്തിയ കാത്തികപ്പള്ളി മഹാദേവികാടു് എലൈററ് ആശുപത്രി മേധാവി ഡോക്ടർ പ്രകാശ് പത്രസമ്മേളനത്തിൽ പറഞ്ഞു. പ്രത്യേക മാനസികാവസ്ഥയിൽ കണ്ണിൽ കല്ലുകൾ നിക്ഷേപിക്കുന്നതു് ഷാജഹാൻ തന്നെയാണെന്നു് ഡോക്ടർ വിശദീകരിച്ചു. ശൂരനാടു് വടക്കു് പെരിയംകുളം നന്താണിവീട്ടു വടക്കതിൽ ഹനീഫാറാവുത്തരുടെ മകനായ ഷാജഹാനു് എട്ടുമാസങ്ങൾക്കുമുമ്പാണു് കണ്ണിൽനിന്നും മൂക്കിൽനിന്നും മണൽത്തരികൾ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതു്. നാലുവയസിൽ ഷാജഹാൻെറ അമ്മയുടെ അപകടമരണം കണ്ടതിലുണ്ടായ ആഘാതമായിരുന്നു രോഗത്തിനു കാരണം. തുടർന്നു് അമ്മയില്ലാത്തതിലുള്ള നിരാശയും, മരിച്ച ആളുടെ ആത്മാവു് അവർക്കിഷ്ടമുള്ളവരുടെ ശരീരത്തിൽ വരുമെന്നും അതിശയകരമായ പ്രവൃത്തികൾ കാണിക്കുമെന്നും മുതിർന്നവർ പറഞ്ഞ അറിവിലൂടെയുണ്ടായ അന്ധവിശ്വാസവും, ഒപ്പം മററുള്ളവരുടെ ശ്രദ്ധ പിടിച്ചുപററാനുള്ള മനസ്സിൻെറ ആഗ്രഹവും എല്ലാംകൂടി ആയപ്പോൾ രോഗിയുടെ മനസ്സിലുണ്ടായ പ്രേരണയാണു് ഇത്തരമൊരു അവസ്ഥയിൽ എത്തിച്ചതെന്നു് ഡോ: പ്രകാശ് ചൂണ്ടിക്കാട്ടി. അമ്മയുടെ ആത്മാവു് ശരീരത്തിലുണ്ടെന്ന ധാരണ വരുമ്പോൾ, ഷാജഹാനു് ബോധം നഷ്ടപ്പെടും. ഈ അവസ്ഥയിൽ ചെയ്യുന്ന പ്രവൃത്തികൾ കുട്ടിക്കു് ഓർമ്മയുണ്ടാവില്ല. അതുകാരണം വേദനയോ മററു ബുദ്ധിമുട്ടുകളോ ഉണ്ടാവുകയുമില്ല. ഈ അവസ്ഥയിൽ ഷാജഹാൻതന്നെയായിരുന്നു തൻെറ കണ്ണിൽ കല്ലിട്ടിരുന്നതു്. മററുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ വളരെ വേഗത്തിൽ ചെയ്യാൻ, ഈ പ്രത്യേക മാനസികാവസ്ഥയിൽ രോഗിക്കു് കഴിയും. ബോധം വരുമ്പോൾ കണ്ണിൽ കല്ലു് കിടക്കുന്നതിൻെറ അസ്വാസ്ഥത അനുഭവപ്പെടുകയും അപ്പോൾ കല്ലു് പുറത്തെടുക്കാനുള്ള പ്രേരണയുണ്ടാകുകയും ചെയ്യും. അങ്ങനെയാണു് ഷാജഹാൻ കണ്ണിൽനിന്നും കല്ലു് പുറത്തെടുക്കുന്നതു്. കഴുകാത്ത കല്ലുകൾ കണ്ണിലിട്ട

മ്പോൾ അതിൽ പററിയിരിക്കുന്ന മൺതരികളാണ് കുട്ടി തുമ്മുമ്പോൾ മൂക്കിലൂടെ പുറത്തുവരുന്നത്. കണ്ണിൽനിന്ന് കല്ല് വരുന്നതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ നടത്തിയ പരിശോധനകളിൽ ശാരീരിക പ്രശ്നം ഒന്നുമില്ലെന്ന് കണ്ടെത്തിയിരുന്നു. ഷാജഹാന് മാനസിക പ്രശ്നമാണെന്നും അവിടത്തെ ഡോക്ടർമാർ സൂചിപ്പിച്ചു. തുടർന്നാണ് ഷാജഹാനെയും കുടുംബത്തെയും സഹായിക്കാൻ മുൻകൈയെടുത്ത കുന്നത്തൂർ എം. എൽ. എ. കോവൂർ കുഞ്ഞുമോന്റെ നേതൃത്വത്തിൽ ഏപ്രിൽ 24-ന് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഷാജഹാനെ ഡോ: പ്രകാശിന്റെയടുത്ത് എത്തിക്കുന്നത്. ഷാജഹാനെ ഹിപ്നോട്ടൈസ് ചെയ്തപ്പോൾ, താൻ സ്വയം കണ്ണിൽ കല്ലിടുകയാണെന്ന് ഷാജഹാൻ സമ്മതിച്ചു. ഒരു മാസത്തിലേറെനീണ്ട ചികിത്സയ്ക്കു ശേഷം കണ്ണിൽനിന്നുള്ള കല്ല് വരവ് നിലച്ചു'' (മംഗളം 21-6-02) സ്കീസോഫ്രേനിയ രോഗം ബാധിക്കുന്നവരാണ് ദൈവങ്ങളെയും ദേവിമാരെയുമൊക്കെ കാണുന്നത്. ഈ മനോരോഗത്തിന്റെ ഫലമായി മിഥ്യാശ്രവണങ്ങളും, മിഥ്യാദർശനങ്ങളുമൊക്കെ സംഭവിക്കുന്ന ആകാശത്തിൽ യേശുക്രിസ്തുവിനെയും കന്യാമറിയത്തെയുമൊക്കെ കാണുന്നവരും, ക്രൂശിത രൂപത്തിലൂടെ രക്തം ഒഴുകുന്നതു കാണുന്നവരുമൊക്കെ മനോരോഗികൾതന്നെയാണ്. ഷാജഹാൻ കാണിച്ച അതേ വിദ്യകൾ തന്നെയാണ് സായിബാബ കാണിച്ചുകൊണ്ടിരിക്കുന്നതും.

സ്വയം പ്രത്യായനത്തിലൂടെ സ്വന്തം ശരീരത്തിൽ വ്രണങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് മനശാസ്ത്രജ്ഞർ പരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടുള്ളതുമാണ്. യേശുക്രിസ്തുവിന്റേതുപോലെ സ്വന്തം ശരീരത്തിൽ അഞ്ചു 'തിരുമുറിവു'കൾ ഉള്ള ആളായിരുന്നു പാദ്രേഹയോ എന്ന ക്രിസ്ത്യൻ പുരോഹിതൻ. സ്വയം പ്രത്യായനത്തിലൂടെയായിരുന്നു അദ്ദേഹം തന്റെ ശരീരത്തിൽ മുറിവുകൾ സൃഷ്ടിച്ചിരുന്നത്. അതിനാൽ ആ മുറിവുകൾക്ക് വേദനയും അനുഭവപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ശരീരത്തിലെ 'തിരുമുറിവു'കൾ അപ്രത്യക്ഷമാകുകയും ചെയ്തു. സ്വയം പ്രത്യയനത്തിലൂടെ സ്വന്തം ശരീരത്തിൽ 'തിരുമുറിവു'കൾ സൃഷ്ടിച്ച ഈ മനോരോഗിയായ പുരോഹിതനെ (1968 സെപ്റ്റംബർ 23ന് 81-ാം വയസ്സിൽ മരിച്ചു) രണ്ടായിരത്തിരണ്ട് ജൂൺ നാലിന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചിരിക്കുകയാണ്. മതം നിലനില്ക്കുന്നത് ശാസ്ത്രീയസത്യങ്ങളുടെ നിരാസത്തിലൂടെയാണ്. മതവിശ്വാസത്തിന്റെ ദൃഷ്ടിയിൽ ശാസ്ത്രീയ യാഥാർത്ഥ്യങ്ങൾക്കു പുല്ലുവില. അതുകൊണ്ടുതന്നെ ഇനിയും

ഷാജഹാൻമാരും അത്ഭുതങ്ങളും കട്ടിദൈവങ്ങളും, മനുഷ്യദൈവങ്ങളും വിശുദ്ധന്മാരും വിശുദ്ധകളുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കും. ഇവരില്ലാതെ മതങ്ങൾക്ക നിലനില്ക്കാനാവില്ലല്ലോ.

## വി. എച്ച്. പി. യും ആർ. എസ്. എസും മുസ്ലീമുകളും

രണ്ടായിരത്തിരണ്ട് ജൂൺ ഇരുപത്തിരണ്ടിന് ഹരിദ്വാറിൽ നടന്ന കേന്ദ്രീയ മാർഗ്ഗദർശക് മണ്ഡലിൽ "രാമക്ഷേത്രം സർക്കാരിനും രാഷ്ട്രീയത്തിനും അതീതമാണ്. സർക്കാരിനെയോ അധികാരത്തിലിരിക്കുന്ന പാർട്ടിയെയോ വകവെയ്ക്കാതെ ജനശക്തി ഉപയോഗിച്ച് രാമക്ഷേത്രം നിർമ്മിക്കും" എന്ന് വി. എച്ച്. പി. അന്താരാഷ്ട്ര ജനറൽ സെക്രട്ടറി പർവീൺതൊഗാഡിയ പ്രഖ്യാപിച്ചിരിക്കുന്നു. 'രാജ്യത്ത് വിഭാഗീയ പ്രവർത്തനങ്ങൾ തുടർന്നാൽ മുസ്ലിംങ്ങൾ ഗുജറാത്തിലേതുപോലെ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയേണ്ടിവരുമെന്ന് വി. എച്ച്. പി. നേതാവ് അശോക് സിംഗാൾ മുന്നറിയിപ്പ് നൽകി. ഗുജറാത്തിലുണ്ടായ ആക്രമണങ്ങൾ ആയിരം വർഷങ്ങളോളം തുടർന്ന മുസ്ലീം തീവ്രവാദത്തിന് ഹിന്ദുക്കൾ നൽകിയ ആദ്യതിരിച്ചടിയാണ്. ആചാര്യ ഗിരിരാജ്കിഷോർ പറഞ്ഞു. വിഭാഗീയ പ്രവർത്തനങ്ങൾ തുടർന്നാൽ രാജ്യത്തെമ്പാടുമുള്ള മുസ്ലീമുകൾ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയേണ്ടിവരും-ഗിരിരാജ് കിഷോർ ഭീഷണിമുഴക്കി. ബി. ജെ. പി. രാമക്ഷേത്രം പ്രചാരണം നടത്തി അധികാരത്തിൽ വരികയും പിന്നീട് ഹജ്ജ് സബ്സിഡി പോലുള്ള ആനുകൂല്യങ്ങൾ നൽകി മുസ്ലീങ്ങളെ പ്രീണിപ്പിക്കുകയുമാണ് ചെയ്തതെന്ന് മറ്റൊരു നേതാവ് ആചാര്യ ധർമ്മേന്ദ്ര ആരോപിച്ചു. ജിഹാദി പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് വധശിക്ഷ നൽകണമെന്നും, മതേതര വാദികളെ ബഹിഷ്ക്കരിക്കുകയും മുസ്ലീം അനുകൂല നേതാക്കളെ വനവാസത്തിനയയ്ക്കുകയും ചെയ്യണമെന്നും വി. എച്ച്. പി. കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു.' (മംഗളം 23-6-02) ഇതേ സമയത്തുതന്നെ ആർ. എസ്. എസ്., ജമ്മുകാശ്മീരിലെ മുസ്ലീമുകളെ അതിലെ ഭാഗത്തുമാത്രമായി ഒതുക്കണമെന്നും ആവശ്യപ്പെട്ടു. ഇതിൽനിന്നും ഭാരതത്തിൻെറ അഖണ്ഡതയോ, മതേതരത്വമോ ഒന്നുമല്ല തങ്ങൾക്കാവശ്യം, ഭാരതത്തിലെ ഹിന്ദുക്കളല്ലാത്തവരെയെല്ലാം ഭാരതത്തിൽനിന്നും പുറത്താക്കി മാററുക എന്നത് മാത്രമാണെന്നും വ്യക്തമായിരിക്കുന്നു.

എന്നാൽ അധികാരത്തിൽ അള്ളിപ്പിടിക്കാനും വീണ്ടും അധി

കാരത്തിലേറി ഹിന്ദു അജണ്ട നടപ്പാക്കാനമായാണ് ബി. ജെ. പി., ഡോ; അബ്ദുൾകലാമിനെ പ്രസിഡൻറു സ്ഥാനാർത്ഥിയാക്കിയതു്. ഗുജറാത്തിൽ മുസ്ലീമുകളെ തെരഞ്ഞുപിടിച്ചു വെട്ടിവീഴ്ത്തിയവർ, തങ്ങൾ മുസ്ലീം വിരുദ്ധരല്ല എന്നു വരുത്തിത്തീർക്കുവാനാണ് ഈ നാടകം കളിച്ചതു്. ഗുജറാത്തിൽ ഗോദ്രയിൽവെച്ച് കർസേവകർ കയറിയ ട്രയിൻബോഗിക്കു തീവെച്ചു എന്ന കുററം ചുമത്തിയാണ് മുസ്ലീമുകളെ കൂട്ടക്കൊല നടത്തിയതു്. ഭരണകൂടത്തിൻെറ ഒത്താശയോടെ നടത്തിയ മൃഗീയമായ ഈ നരവേട്ട വി. എച്ച്. പി., ആർ. എസ്. എസ്., ബി. ജെ. പി. ഗൂഢാലോചനയുടെ ഫലമായിരുന്നു എന്നു് പറഞ്ഞുകേൾക്കുന്നു. തീവണ്ടിയുടെ ബോഗി പരിശോധിച്ച ഫൊറൻസിക് ശാസ്ത്രജ്ഞൻ പറയുന്നു പുറത്തുനിന്നല്ല തീ പടർന്നതെന്നു്. പുറത്തുനിന്നും മണ്ണെണ്ണയോ പെട്രോളൊ ഒഴിച്ചായിരുന്നു തീവച്ചതെങ്കിൽ അതിൻെറ ലക്ഷണങ്ങൾ കാണുമായിരുന്നു. ബോഗിക്കുള്ളിൽ തീ പടന്നതിൻെറ തെളിവുകളാണു് കാണുന്നതെന്ന വെളിപ്പെടുത്തൽ, മുസ്ലീമുകളെ കൊന്നൊടുക്കാൻ കരുതിക്കൂട്ടി വി. എച്ച്. പി.യും, ആർ എസ്. എസുമൊക്കെ ചേന്നു് ആസൂത്രണം ചെയ്ത നാടകമായിരുന്നുവോ ഗോദ്ര സംഭവമെന്ന സംശയത്തിനും ഇട നൽകുന്നു.

ഇന്ത്യയിലെന്നല്ല ലോകമെമ്പാടും ഭീകരത വിതയ്ക്കുന്ന മുസ്ലീമുകൾ ഒരു പരിധിവരെ ഇതർഹിക്കുകയും ചെയ്യുന്നുണ്ടു്. ശരിയത്തു് നിയമം ഇവിടെ നടപ്പാക്കണമെന്നു ശഠിക്കുന്ന മുസ്ലീം മതമൗലികവാദികൾ ഇന്ത്യ ഒരു മതേതര രാജ്യമാണെന്ന യാഥാർത്ഥ്യം മറക്കുന്നു. തൊണ്ണൂറുവയസ്സായ മുതുക്കന്നു് പതിമൂന്നുകാരി പെൺകുട്ടിയെ വിവാഹം കഴിക്കാനായി, ശൈശവ വിവാഹത്തിന്നായി ഇവർ വാദിക്കുന്നു. കഴിഞ്ഞ ദിവസം ഹൈദ്രാബാദ് ഹൈക്കോടതി, പതിനെട്ടുവയസ്സു തികയാത്ത ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുത്ത ഒരു പിതാവിനെ ശിക്ഷിച്ച വിധിക്കെതിരെ മുസ്ലീം വ്യക്തിനിയമ ബോർഡ് ധിക്കാരപരമായ സമീപനമാണു് കൈക്കൊണ്ടിരിക്കുന്നതു്. മാസമുറയുണ്ടായാൽ–അതു് ഒമ്പതാംവയസിലാണെങ്കിലും–ആ പെൺകുട്ടിയെ വിവാഹം കഴിച്ചു നൽകാമെന്ന ശരിയത്ത് നിയമമാണു് തങ്ങൾക്കു ബാധകമെന്നും, പതിനെട്ടു വയസു തികയാത്ത പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കുന്നതു കുററകരമാണെന്ന ഇന്ത്യൻ നിയമം തങ്ങൾക്കു ബാധകമല്ലെന്നുമുള്ള മുസ്ലീം മത മൗലികവാദികളുടെ വാദം അനുവദിച്ചുകൊടുക്കുക സാധ്യമല്ല. ശാരീരികമായും മാനസികമായും വളർച്ചയുണ്ടാകാത്ത പ്രായത്തിൽ പെൺകുട്ടികളെ–ഏതു മതത്തിൽപെട്ടവരായാലും–വിവാഹം കഴിപ്പിച്ചു നൽകു

ന്നവരെ ശിക്ഷിക്കാൻ സർക്കാർ തയ്യാറാകണം. മുസ്‌ലീമും ക്രിസ്ത്യാനിയും ഹിന്ദുവുമൊക്കെ ഒരേ നിയമത്തിൻകീഴിൽ വരണം. എല്ലാവർക്കും ഒരേ നിയമമായിരിക്കണം. ഇതനുസരിക്കാൻ തയ്യാറല്ലാത്തവർ ഇന്ത്യയിൽനിന്നും പുറത്തു പോകണം എന്നു സംഘപരിവാർ പറഞ്ഞാൽ അതിൽ തെററുകാണാൻ പററാതെ വരും. അതിനുള്ള അവസരം ഭാരതത്തിലെ മുസ്‌ലീമുകൾ ഉണ്ടാക്കിക്കൊടുക്കാതിരുന്നാൽ അവർക്കു് നന്നു്. വികൃതമായ ഇത്തരം സമീപനങ്ങളെടുക്കുന്ന മുസ്‌ലീമുകളെ പിന്തുണക്കുന്ന കോൺഗ്രസുകാരും കമ്മ്യൂണിസ്റ്റുകളുമൊക്കെ കുററക്കാർതന്നെയാണു്.

## കാള പെററന്നു കേട്ടാൽ കയറെടുക്കരുതു്

കാളപെററന്നു കേട്ടാൽ കയറെടുക്കുന്നവരെങ്ങിനെ യുക്തിവാദിവാദികളാകും. മന്ത്രവാദം ചെയ്താൽ ചിലതരം ലഘുമാനസികരോഗങ്ങൾ സുഖമാകും. അതുകൊണ്ടു മന്ത്രവാദം ശാസ്ത്രീയമാകുമോ? ഇന്നു് ആശുപത്രികളിൽ എത്തുന്ന എൺപതുശതമാനം രോഗികൾക്കും ചികിത്സതന്നെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ചുവന്നവെള്ളവും (കാർമിനേററീവ് മിക്സർ) എന്തെങ്കിലും ഒന്നുരണ്ടുതരം ഗുളികകളും കിട്ടിയാൽ ഇവർക്കു തൃപ്തിയാകും ഇവരുടെ അസുഖവും മാറും. ഇതേ അവസ്ഥതന്നെ വളരെ ഗുരുതരമായ ചില രോഗങ്ങൾക്ക പിന്നിലുമുണ്ടാകാറുണ്ടു്. മാനസികമായ കാരണങ്ങളാലുണ്ടാകുന്ന ഇത്തരം, വളരെ ഗുരുതരമെന്നു തോന്നിക്കാവുന്ന ശാരീരിക ലക്ഷണങ്ങൾ എന്തു ചികിത്സ നടത്തിയാലും മാറില്ല. എന്നാൽ അവർക്കു വിശ്വാസമുള്ള ഏതെങ്കിലും തരം പ്രാകൃത ചികിത്സ നടത്തിയാൽ അത്ഭുതങ്ങൾ സംഭവിക്കുകയും ചെയ്യാറുണ്ടു്. ഇതൊക്കെ കണ്ടറിയാനും, തിരിച്ചറിയാനും ബുദ്ധിയും, യുക്തിയും വിവേകവും വേണം. ശരീരത്തിനു പുറത്തു പുരട്ടുന്ന ഒന്നും ശരീരത്തിനുള്ളിലേക്കു കടക്കുകയില്ല. പുറത്തുനിന്നും രോഗാണുക്കളും അന്യവസ്തുക്കളും ശരീരത്തിനുള്ളിൽ കടക്കാതിരിക്കാനുള്ള ശക്തമായ രക്ഷാകവചമാണു് തൊക്കു്. തൊലിയിലുണ്ടാകുന്ന മുറിവുകളിലൂടെയാണു് രോഗാണുക്കൾപോലും ശരീരത്തിൽ കടക്കാറു്. ശരീരത്തിനു പുറത്തു്—തൊലിയിൽ—വീഴുന്ന അഴുക്കുവെള്ളമോ, വിഷദ്രാവകങ്ങളോ എന്തുകൊണ്ടു് ശരീരത്തിനുള്ളിൽ കടക്കുന്നില്ല. ഇതു മനസ്സിലാകണമെങ്കിൽ ശാസ്ത്രബോധം വേണം. സ്വന്തം ശരീരത്തെക്കുറിച്ചു്—പ്രത്യേകിച്ചു് തൊക്കിനെക്കുറിച്ചു്—അറിഞ്ഞിരിക്കണം. അല്പം അനാട്ടമിയും ഫിസിയോളജിയും അറിഞ്ഞിരിക്കണം. മുറിവിൽ ഓയിൻറുമെൻറു് പുരട്ടുന്നതു് രോഗാണു

ക്കൾ അതിലെ കടക്കുന്നതു് തടയാനാണു്. തൊലിപ്പുറമെ പുരട്ടുന്ന ഓയിൻറ്മെൻറുകൾക്കു് ലോക്കൽ ആക്ഷനുകൾ മാത്രമേയുള്ളു. ത്വക്കിൻെറ ഉപരിതലത്തിലുള്ള എപ്പിഡേർമിസിലെ, മൃതകോശങ്ങൾ ഒന്നിനെയും അകത്തേക്കു വലിച്ചെടുക്കുകയോ കടത്തിവിടുകയോ ചെയ്യുകയില്ല. ആയിരമല്ല പതിനായിരമോ, ലക്ഷമോ വിലയുള്ള കുഴമ്പാണെന്നു പറഞ്ഞിട്ടു കാര്യമില്ല. എപ്പിഡേർമിസ് കലകൾക്കു് തിരിച്ചറിവില്ലല്ലോ. ഗീതാകാരൻ പറഞ്ഞതുപോലെ അവയുടെ ധർമ്മം അവ ചെയ്യുന്നു. ഒരു കുഴമ്പും, എണ്ണയും, കിഴിയുമൊന്നും ഉള്ളിലേക്കു വലിച്ചെടുക്കപ്പെടുകയില്ല. ഇതു് തെളിയിക്കപ്പെട്ട ശാസ്ത്രസത്യം. എണ്ണ വലിച്ചെടുക്കപ്പെടുമായിരുന്നെങ്കിൽ മെലിഞ്ഞ ഒരാളെ എണ്ണ ഭരണിയിൽ ഇറക്കിനിർത്തിയാൽ അയാളുടെ ശരീരത്തിനുള്ളിലേക്കു് എണ്ണ വലിച്ചെടുക്കപ്പെട്ടു് ചീർത്തു വീർക്കണമായിരുന്നു. വെള്ളത്തിൽ ഇറങ്ങിനിൽക്കുന്ന ഒരാളുടെ ശരീരത്തിലേക്കു്, എത്ര മണിക്കൂർ നിന്നാലും ഒരുതുള്ളിവെള്ളംപോലും വലിച്ചെടുക്കപ്പെടുന്നില്ല. അലോപ്പതി എന്നൊരു ചികിത്സാശാസ്ത്രം ഇന്നില്ല എന്ന തിരിച്ചറിവുപോലും ഇല്ലാത്ത യുക്തിവാദികൾ പ്രസ്ഥാനത്തിനു തന്നെ നാണക്കേടുവരുത്തിവെക്കുകയാണു്.

ഹെപ്പാറ്റൈറ്റിസ് വാക്സിനിൽ മെർക്കുറിയുടെ വകഭേദമായ Thiomersal 0.02% ഉണ്ടെന്നും. അതു കുട്ടികളുടെ വൃക്കകളെ തകരാറിലാക്കുമെന്നുമൊക്കെ വ്യാജപ്രചരണം നടത്തുന്നവരും ശാസ്ത്രീയ വീക്ഷണം ഇല്ലാത്തവരാണു്. വർഷങ്ങളായി കൊച്ചുകുട്ടികൾക്കു് (ജനിച്ചു് 42 ദിവസം കഴിയുമ്പോൾ മുതൽ) നൽകുന്ന DPT വാക്സിനിൽ സ്റ്റെബിലൈസറായി തയോമെർസൽ 0.01% അടങ്ങിയിട്ടുണ്ടു്. ഇതു് DPT വാക്സിൻെറ ലേബൽ നോക്കിയാൽ ബോദ്ധ്യമാകും. മാത്രമല്ല പാർക്കിൻെറ 'Text book of preventive and Social Medicine' എന്ന പുസ്തകത്തിൽ 128-ാം പേജ് നോക്കിയാലും ബോധ്യമാകും. DPT നൽകിയാൽ പ്രശ്നമില്ല ഹെപ്പാറ്റൈറ്റിസ് നൽകിയാൽ പ്രശ്നമാകും എന്നു പറയുന്നതിലെ വിവരക്കേടു വ്യക്തമാണല്ലോ. ആരെങ്കിലുമൊക്കെ പറയുന്ന അബദ്ധങ്ങൾ ഏറ്റുപാടുന്നതു യുക്തി

മനസ്സിനിണങ്ങിയ വസ്ത്രങ്ങൾക്കു്

**ഫേഷൻ ഫേബ്രിക്സ്**

തൃശൂർ

ബോധമുള്ള ആർക്കും ഭൂഷണമാവില്ല. കാളപെററന്നു കേൾക്കുമ്പോൾ കയറെടുക്കരുതു്. വ്യക്തമായ തെളിവില്ലാതെ ഒന്നും വിശ്വസിക്കരുതു്—പറയരുതു്.

അന്തകജീനിന്റെ കാര്യത്തിലും ഇതാണു സംഭവിച്ചതു്. കാളപെററന്നു കേട്ടപ്പോൾ പലരും കയറെടുത്തു. കമ്പനിയിൽനിന്നും വാങ്ങുന്ന അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗം ഒരിക്കൽ മാത്രമായി പരിമിതപ്പെടുത്തുന്ന ഒരു ജീൻ വ്യവസ്ഥയുടെ സാധ്യതയാണു് അമേരിക്കൻ കമ്പനി പേററൻറു് എടുത്തതു്. ഇതിനു് Prophetic patent എന്നു പറയും. ഇതിനോടു ബന്ധപ്പെട്ട ജനിതക രാസപരീക്ഷണങ്ങൾക്കു് എട്ടോ പത്തോ വർഷങ്ങൾകൂടി വേണ്ടിവരും. ഈ യജ്ഞം വിജയിച്ചാലേ വിത്തു് വെളിച്ചം കാണുകയുള്ളു. എന്നാൽ സത്യത്തിൽ എന്താണു് ഇവിടെ നടന്നതു്. ഇന്നുവരെ സത്യമാകാത്ത—ശാസ്ത്രജ്ഞന്മാരുടെ ഭാവനയിൽ മാത്രമുള്ള—ഒരു വിത്തിനെതിരെയുള്ള പടപ്പുറപ്പാടു്. പ്രശ്നം ചിന്താകുഴപ്പംതന്നെ. ബോൾഗാർഡു് പരുത്തിയുടെ പരീക്ഷണകൃഷി അന്തകവിത്തിന്റെ കൃഷിയായി അവർ തെററിദ്ധരിച്ചു. പരുത്തിയുടെ അന്തകനായ ബോൾവേം (കായ്പുഴു)നെ നേരിടാൻ ആവശ്യമായ വിഷം (Toxin) ഉല്പാദിപ്പിക്കുന്ന ഒരു ബ്യാക്ടീരിയുമുണ്ടു്. ഈ ബാക്ടീരിയത്തിലെ ടോക്സിൻ ജീൻ പരുത്തിയിലേക്കു് മാററിവെക്കാം. ഇതോടെ പരുത്തിയിലെ ഏതുഭാഗം കരണ്ടാലും പുഴു ചത്തുപോകും. കീടനാശിനി സ്വയം നിർമ്മിക്കുന്ന ഈ ബോൾഗാർഡു് പരുത്തി നമ്മുടെ പരിസ്ഥിതിക്കു് യോജിച്ചതാണോ എന്നറിയാൻ വളർത്തിയ തോട്ടങ്ങളാണു് നഞ്ചുണ്ട സ്വാമിയും സംഘവും വെട്ടിനിരത്തിയതും ചുട്ടുകരിച്ചതുമെല്ലാം. കാളപെററന്നു കേൾക്കുമ്പോൾ കയറെടുക്കുന്നതായ നിരവധി സംഭവങ്ങൾ നമുക്കു് ഓർമ്മയിൽ തികട്ടിവരുന്നു. ഇനിയെങ്കിലും യുക്തിയും ബുദ്ധിയും കൈമോശം വരാത്തവർ ഇത്തരം വങ്കത്തരങ്ങളിൽ ചെന്നുപെടാതിരുന്നെങ്കിൽ എന്നാശിക്കുന്നു. ഇതു് എന്റെ യുക്തിരാഹിത്യമാണെങ്കിൽ സദയം ക്ഷമിക്കുക. ○

With best compliments from ;

**ELITE SAREE HOUSE**

M. O. Road, Trichur-680 003, Phone: 420995, 420963

# ഇന്ത്യയെ രക്ഷിക്കാൻ യുക്തിവാദത്തിനേ കഴിയൂ

കുററിപ്പുഴ ചന്ദ്രൻ

പൌരാണിക കാലം തൊട്ടേ ഭാരതം വൈരുദ്ധ്യങ്ങളുടെ നാടാണ്. മതത്തിനുണ്ടായിരുന്നതുപോലെ ഇവിടെ ഭൗതികവാദത്തിനും നിരീശ്വരത്വത്തിനും താത്വികാചാര്യന്മാരും പ്രചാരകന്മാരും ഉണ്ടായിരുന്നു. ചാർവാകൻ, കപിലൻ, കണാദൻ മുതലായവരുടെ സിദ്ധാന്തങ്ങൾ അക്കാലത്തെ യുക്തിവാദത്തിന്റേയും സ്വതന്ത്രചിന്തയുടേയും തെളിവുകളായി കണക്കാക്കാം. ബുദ്ധന്റെ തത്വസംഹിതകളും ഏറെക്കുറെ അതേ രീതിയിൽ സംഘജീവിതത്തേയും മാനുഷിക മൂല്യങ്ങളേയും അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. അവ ദൈവത്തേയോ വേദേതിഹാസങ്ങളേയോ സ്വീകരിച്ചുകൊണ്ടുള്ളതായിരുന്നില്ല. ബ്രാഹ്മണമേധാവിത്തത്തിനെ പ്രചരണോപാധികൊണ്ടുമാത്രം എതിർത്തു ജയിച്ചു എന്ന ഒരു സവിശേഷതകൂടി ബുദ്ധദർശനത്തിനുണ്ട്. ബുദ്ധന്റെ ഉപദേശങ്ങൾ എത്രമാത്രം മഹത്തരമാണെന്നു മനസ്സിലാക്കിയ അശോകൻ അവയെ ഭാരതമൊട്ടുക്കും വിദേശങ്ങളിലും ഒരു തുള്ളി രക്തം വീഴ്ത്താതെ പ്രചരിപ്പിച്ചു എന്നത് ഒരു അത്ഭുത നേട്ടമാണ്. എന്തെന്നാൽ മററെല്ലാ മതങ്ങളും പ്രത്യേകിച്ച് മുഹമ്മദു മതം, തലകൾ കൊയ്തും കൊള്ളയടിച്ചുമാണ് മനുഷ്യരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടതെന്നോർക്കണം. പക്ഷേ ചരിത്രത്തിന്റെ ഗതിവിഗതികൾ രാജ്യത്തിനെകൊണ്ടെത്തിച്ചത് ബ്രാഹ്മണരുടെ പൊൽപ്പടിയിലും അവരുടെ ചാതുർവർണ്ണ്യ വ്യവസ്ഥയിലധിഷ്ഠിതമായ ഹിന്ദുമതത്തിലുമാണ്. അതിന്റെ പരിണതഫലമോ? വിദേശിയർ ഒന്നൊന്നായി ഇവിടേക്ക് പ്രവഹിച്ച് അവരുടെ അധീശത്വം സ്ഥാപിക്കുകയും അവരുടെ മതങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. ഇവരിൽ മുഗൾസാമ്രാജ്യത്തിന്റേയും മററു സമാന്തര രാജാക്കന്മാരുടേയും തണലിൽ വളർന്നു പന്തലിച്ച ഇസ്ലാംമതം നിലവിലിരുന്ന ഹിന്ദുമതവുമായി നിരന്തര സംഘട്ടനത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. വെള്ളക്കാരുടെ ഭരണം നടപ്പായിട്ടും ഇരുമതങ്ങളുമായുള്ള ശത്രുതക്ക് വിരാമമിടാൻ അവർക്ക് സാധിച്ചില്ല. അവരതു ആഗ്രഹിച്ചതുമില്ല.

അങ്ങനെ ഇന്ത്യ സ്വതന്ത്രമാകുന്ന ഘട്ടം വന്നപ്പോൾ മതസംഘട്ടനങ്ങൾ മൂർദ്ധന്യത്തിൽ എത്തി. ഇന്ത്യയെ രണ്ടായി വിഭജിക്കേണ്ടിവന്നു. 'ഈശ്വര അള്ളാ തേരേ നാം' എന്നു പാടി ഹിന്ദു മുസ്‌ലീം മൈത്രിക്കുവേണ്ടി അകമഴിഞ്ഞ് ആഗ്രഹിച്ച ഗാന്ധിയെ നിരാശയിലാഴ്ത്തികൊണ്ട് ഈശ്വരൻ ഇങ്ങാപ്പുറത്തും അള്ളാ അങ്ങാപ്പുറത്തും പോയി. ആ പോക്കിൽ എത്ര ഭീമവും ഭീകരവുമായ കൂട്ടക്കൊലകൾ നടന്നു! സ്വാതന്ത്ര്യ പേററുനോവിൽ വാർന്നുവീണ ചോരയുടെ മണം ഇന്നും തങ്ങി നിൽക്കുന്നുണ്ട് നമ്മുടെ രാജ്യത്ത് ഇവിടംകൊണ്ടും പ്രശ്നം അവസാനിച്ചിട്ടില്ല; പാക്കിസ്ഥാനിൽ ഉള്ളതിനേക്കാൾ കൂടുതൽ മുസ്‌ലീംകൾ ഭാരതത്തി

ലുണ്ട്. അതുകൊണ്ട് വിഭജനം ഇനിയും ഉണ്ടാവുകയോ ഉണ്ടാക്കുകയോ ചെയ്തുകൂടെന്നില്ല. ഇന്ന് പഞ്ചാബിലും ഭീവണ്ടിയിലും നടക്കുന്ന സംഭവങ്ങൾ വർഗ്ഗീയവൈരാഗ്യത്തിന്റെ ദുരന്തഫലങ്ങളാണ്. ജമ്മുകാശ്മീരിലെ സ്ഥിതിയും ആശങ്കാജനകം തന്നെ. പഞ്ചാബിലും കാശ്മീരിലും പട്ടാളത്തെ അയക്കേണ്ടിവന്നിരിക്കുന്നു പഞ്ചാബിൽ ആഭ്യന്തരയുദ്ധം തന്നെയാണ് നടന്നത്.

ഇത്രയും കാര്യങ്ങൾ ആമുഖമായി പറഞ്ഞത്, ഇന്ത്യൻ ജനാധിപത്യ മതേതര രാഷ്ട്രത്തിന്റെ ഭദ്രത കാത്തുസൂക്ഷിക്കാൻ യുക്ത്യാധിഷ്ഠിതമായി എന്തു ചെയ്യണമെന്ന ഞങ്ങളുടെ അഭിപ്രായങ്ങൾ ഭരണകൂടത്തിന്റേയും ബഹുജനങ്ങളുടേയും മുമ്പിൽ അവതരിപ്പിക്കാനാണ്. ഭരണഘടനയിലെ മതേതരത്വ സ്വഭാവം പരിരക്ഷിക്കാൻ തികച്ചും പരാജയപ്പെട്ടിരിക്കയാണ് ഇന്നത്തെ ഭരണകൂടം. ഭരണാധികാരികൾ മതവികാരങ്ങളെ വ്രണപ്പെടുത്താൻ ഭയപ്പെടുന്നു. കേന്ദ്രസംസ്ഥാന രാഷ്ട്രീയ കക്ഷികൾ വോട്ടിനുവേണ്ടി മതങ്ങളുടെ പുറകെ ഓച്ഛാനിച്ചു നിൽക്കുന്നു. പാർട്ടികളും പാർലമെന്റും ഭരണഘടനയിലെ 44-ാം വകുപ്പ് നിർദ്ദേശിക്കുന്ന വിധം ഭാരതത്തിലെ മുഴുവൻ പൗരൻമാർക്കും വേണ്ടി ജാതിമത വ്യത്യാസമെന്യേ ഒരു ഏകീകൃത സിവിൽനിയമം നിർമ്മിച്ചു നടപ്പാക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ അനാസ്ഥ കാണിക്കുന്നു. ഇവരെല്ലാം തന്നെ പ്രതിക്കൂട്ടിലാണിപ്പോൾ. രാജ്യത്തുണ്ടാകുന്ന ഛിദ്രവാസനകളെ രാഷ്ട്രീയാടിസ്ഥാനത്തിൽ നേരിടാനും അവയ്ക്ക് പരിഹാരം നേടാനും ഇതുവരെയായിട്ടും തന്റേടവും ആത്മാർത്ഥതയും കാണിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സാധിച്ചിട്ടില്ല. അവർ ഇനി ചെയ്യേണ്ടത് വിദ്യാഭ്യാസപരമായി ഈ രാജ്യത്തെ ജനകോടികളെ മതേതരാടിസ്ഥാനത്തിൽ ശാസ്ത്രീയ ചിന്താഗതിക്കാരാക്കുകയാണ്. ഇവിടത്തെ വിദ്യാഭ്യാസരംഗത്തും വാർത്താവിനിമയ രംഗത്തും മതങ്ങളെ പ്രീണിപ്പിക്കുന്ന പഠനരീതിയും പ്രചരണ പ്രക്രിയയും അവസാനിപ്പിച്ചേ പറ്റൂ. തെരഞ്ഞെടുപ്പുവരുമ്പോൾ ജാതിമതവിഭാഗങ്ങളുടെ കൂട്ടുകെട്ടിനുവേണ്ടി നെട്ടോട്ടം ഓടുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തുക. മാത്രമല്ല അത്തരം സമ്പ്രദായങ്ങളെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നിരോധിക്കുകതന്നെ വേണം. ജനാധിപത്യം എന്താണെന്ന് വ്യക്തമാക്കുന്ന പ്രചാരണമാധ്യമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഭരണസംവിധാനത്തിൽ മതങ്ങളുടെ അനാരോഗ്യ സ്വാധീനത്തിനെ തടയണം. പ്രാഥമിക വിദ്യാലയങ്ങൾ തൊട്ട് മതപരമായ വിഷയങ്ങൾ പങ്കുവെച്ച് പഠിപ്പിക്കുന്നത് നിർത്തണം. യുക്തിവാദപരമായ ചിന്താഗതിയെ വളർത്തിയെടുത്തുകൊണ്ട് ശാസ്ത്രീയ വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുന്ന അദ്ധ്യാപന രീതി ആവിഷ്കരിക്കണം. അതിനനുസൃതമായി ആശയ പ്രചരണം നടത്തുന്ന അനൗദ്യോഗിക സംഘടനകൾക്ക് സാമ്പത്തികമുൾപ്പെടെയുള്ള സകലവിധ സഹായസഹകരണങ്ങളും എത്തിക്കണം. മതങ്ങളെ പൊതുപ്രവർത്തനമേഖലകളിൽ നിന്നും തികച്ചും അകറ്റി നിർത്തേണ്ടതാണ്. അധികാരസ്ഥാനത്തിരിക്കുന്നവർ പൗരോഹിത്യത്തിനും അതിനെ പോറ്റിവളർത്തുന്ന ധനിക

വർഗ്ഗത്തിനും കഴലുതാൻ പോകാതിരിക്കുക. ഇത്രയൊക്കെയെങ്കിലും ഒരു തുടക്കമായി പ്രവർത്തിക്കുന്നതിനുള്ള വകുപ്പുകൾ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ മേൽപറഞ്ഞ പുരോഗമനാത്മകമായ ലക്ഷ്യങ്ങളെ അമ്പേ തിരസ്കരിച്ചുകൊണ്ട് ശതകണക്കിനുള്ള മതവിഭാഗങ്ങളുടെ പ്രീണനത്തിനുവേണ്ടി വെമ്പൽ കൊള്ളുന്ന അന്ധവിശ്വാസികളുടെ യുക്തിരഹിതമായ യന്ത്രം തിരിക്കൽ ഭരണ മെഷീനറിയെ മലീമസമാക്കുന്ന കാഴ്ചയാണ് ഞങ്ങൾ കാണുന്നത്. അതുകൊണ്ട് ഞങ്ങൾ ഊന്നിപ്പറയുന്നു, ഈ രാജ്യം രക്ഷപ്പെടണമെങ്കിൽ, ഇവിടെ ശുദ്ധമായ മതേതര സ്വഭാവമുള്ള ഭരണം നടക്കണമെങ്കിൽ, ഭരിക്കാൻ പ്രതിനിധികളെ തെരഞ്ഞെടുത്തയക്കുന്ന ജനങ്ങൾ യുക്തിവാദാധിഷ്ഠിതമായ വിദ്യാഭ്യാസം നേടിയേ പററൂ എന്ന്. തുടക്കത്തിൽ പരാമർശിച്ച പൗരാണിക ഭാരതത്തിലെ ഭൗതിക വാദികളുടേയും നാസ്തികന്മാരുടേയും ചുവട്വെച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, ഉണർവ്വും ഉത്സാഹവും ഉശിരും ഉള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാതെ ഭാരതത്തിന് അഖണ്ഡത കൈവരുത്താനോ, എല്ലാ മനുഷ്യരും തുല്യാവകാശമുള്ള പൗരന്മാരാണെന്ന ബോധത്തോടെ സമൂഹത്തിൽ സംസ്കാരസമ്പന്നരായി ജീവിക്കാനോ സാധിക്കില്ല. ഇത്തരം ഉന്നതമനസ്കരായ പൗരാവലിയെ കരുപ്പിടിപ്പിക്കാൻ മത വിദ്യാഭ്യാസം അപര്യാപ്തമാണെന്നു മാത്രമല്ല അത് വിഘടിത വാദത്തിനും അന്യോന്യ വൈരാഗ്യത്തിനും വഴിതെളിച്ച് ഇനിയും ഭാരതത്തിൽ രക്തപ്പുഴകൾ ഒഴുക്കാൻ കാരണമാക്കുകയും ചെയ്യും. വിദ്യാഭ്യാസം എല്ലാ തുറകളിലും മതപരമായിരിക്കരുത്. സത്യം കണ്ടെത്താനുള്ള ശാസ്ത്രീയാടിസ്ഥാനത്തിലായിരിക്കണം അത്. ബാല്യം മുതൽ തുടങ്ങേണ്ട ഈ വിദ്യാഭ്യാസ ശൈലി വിദ്യാലയങ്ങളിൽ നിന്നു തുടങ്ങി വ്യവസായശാലകൾ വരെ എത്തണം. ജാതിമതാടിസ്ഥാനത്തിലുള്ള രാഷ്ട്രീയ സംഘടനകൾക്ക് അംഗീകാരം നൽകരുത്. തൊഴിലാളിസംഘടനകളിൽ മതത്തിന് സ്വാധീനം പാടില്ല. അതുപോലെ തന്നെ വിദ്യാർത്ഥി സംഘടനകളിലും. ഒറ്റയടിക്ക് ഇത്തരമൊരു പരിവർത്തനം വരുത്താൻ പററുകയില്ലെന്നുള്ള യാഥാർത്ഥ്യബോധത്തോടെ തന്നെ ഞങ്ങൾ തറപ്പിച്ചുപറയുകയാണ്, ഈ വഴിക്ക് പോയില്ലെങ്കിൽ, ലോകത്തിലേക്ക് വെച്ച് ഏററവും വലിയ ഡെമോക്രസി എന്ന പദവി നഷ്ടപ്പെട്ട് ഇൻഡ്യ ഛിന്നഭിന്നമായ ഒരു അസ്ഥികൂടമായിത്തീരുമെന്ന്. അതിനുള്ള എല്ലാ ലക്ഷണങ്ങളും ഭാരതത്തിലുടനീളം കാണുന്നുണ്ട്. യുക്ത്യാധിഷ്ഠിതമായ ശാസ്ത്രീയ ചിന്താഗതികളും മതങ്ങളെ അകററിനിർത്തിയിട്ടുള്ള ഒരു ഭരണകൂടത്തിനും മാത്രമേ വരാനിരിക്കുന്ന ആ ഭീകരവിപത്തിൽ നിന്ന് ഇൻഡ്യയെ സംരക്ഷിക്കാനൊക്കൂ. അതുകൊണ്ടാണ് യുക്തിവാദത്തിൻെറ പ്രസക്തി എന്നത്തേക്കാളുമേറെ ഇന്ന് ഇൻഡ്യയിൽ ഉണ്ടെന്ന് ഞങ്ങൾ പറയുന്നത്.

[1984 ജൂലായിയിൽ യുക്തിവിചാരത്തിൽ എഴുതിയ കുറിപ്പുകളിൽ നിന്ന്]

# ആനക്കയം സെയ്തു മുഹമ്മദിന്ന് അവാർഡ്



**കേരളത്തിലെ ഏററവും മികച്ച യുക്തിവാദ പ്രചാരകനു, കുററിപ്പുഴ ദിനത്തോടനുബന്ധിച്ച തൃശ്ശൂർ യുക്തിവാദ പ്രചരണവേദി നല്കിവരാറുള്ള അവാർഡ് ഇക്കൊല്ലം പ്രശസ്ത യുക്തിവാദിയും എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ ആനക്കയം സെയ്തു മുഹമ്മദിനു നൽകാൻ തീരുമാനിച്ചിരിക്കുന്നു.**

**മുൻകൊല്ലങ്ങളിൽ ഈ അവാർഡിന്നു അർഹരായവർ അഡ്വ: എം. പ്രഭ, എം. ബി. കെ., നാരായണൻ പേരിയ, പവനൻ, അഡ്വ: ഏററുമാന്നൂർ ഗോപാലൻ, എം. കെ. എസ്. നമ്പ്യാർ, യു. കലാനാഥൻ, ജോസഫ് വടക്കൻ, ബി. പ്രേമാനന്ദ്, അഡ്വ: വർഗ്ഗീസ് വട്ടക്കാവ് എന്നിവരായിരുന്നു. 2002 ആഗസ്റ്റ് 18-ാം ഞായറാഴ്ച, മലപ്പുറം കോട്ടപ്പടി ഗവ: എൽ. പി. സ്കൂളിൽ കൂടുന്ന കുററിപ്പുഴ സ്മരണയോഗത്തിൽവെച്ച് അവാർഡ് സമ്മാനിക്കുന്നതാണ്.**

## ആനക്കയം സെയ്തുമുഹമ്മദ്:

## ജീവിതം യുക്തിവാദത്തിനുഴിഞ്ഞുവെച്ച പോരാളി

. ബ്രിട്ടീഷ് ഭരണാധികാരികളിൽ നിന്നു് ഖാൻ ബഹദൂർപട്ടം കൈക്കലാക്കി നാട്ടുഭരണം നടത്തിയിരുന്ന ഭൂവുടമകളും നാട്ടുപ്രമാണിമാരുമായിരുന്ന ആനക്കയത്തെ വലിയ മണ്ണിൽ തറവാട്ടുകാർ. ബ്രിട്ടീഷുകാരുടെ കാവൽ ഭടൻമാരിലൊരാളായിരുന്ന 1921ലെ മലബാർ ലഹളക്കിടയിൽ കലാപകാരികളുടെ വാളിന്നിരയായ പോലീസ് ഇൻസ്പെക്ടർ ചേക്കുട്ടി. സാമ്രാജ്യത്വത്തിന്ന്

ഓരം ചേർന്നുനിന്നവർ മാത്രമല്ല, കേരളത്തിലെ പുരോഗമന പ്രസ്ഥാനത്തിന്ന് കനത്ത സംഭാവനകളർപ്പിച്ചവരും ഇതേ ജന്മിത്തറവാട്ടിൽ ജന്മം കൊണ്ടിട്ടുണ്ട്. 1931ൽ കമ്യൂണിസ്റ്റ് പാർട്ടി നിരോധിച്ച വേളയിൽ EMS നോടും കൃഷ്ണപിള്ളയോടുമൊപ്പം അറസ്റ്റു ചെയ്യപ്പെട്ട സഖാവ് ഇസ്ഹാഖ് അക്കൂട്ടത്തിലൊരാളാണ്. ഒളിവു ജീവിതത്തിനിടെ ഒരു നമ്പൂതിരി കുടുംബത്തിൽ നിന്നും പാർട്ടിയുടെ അനുഗ്രഹാശിസ്സുകളോടെ മിശ്രവിവാഹം നടത്തി വിപ്ലവം സൃഷ്ടിച്ച ഇസ്ഹാഖ് പിന്നീട് സജീവ രാഷ്ട്രീയം ഉപേക്ഷിക്കുകയായിരുന്നു.

ആനക്കയം എന്ന സ്ഥലനാമം, പക്ഷെ, ഇന്ന് പുറംലോകത്ത് അറിയപ്പെടുന്നത് സെയ്തുമുഹമ്മദ് എന്ന യുക്തിവാദിയുടെ തൂലികയിലൂടെയാണ്! വലിയ മണ്ണിലെ ഭൂവുടമകളിലൊരാളായിരുന്ന കുഞ്ഞിപ്പോക്കർ കുട്ടിഹാജിയുടെയും അതേ കുടുംബത്തിലെ കുഞ്ഞിപ്പാത്തുവിന്റെയും മകനായി 1949ൽ സെയ്തുമുഹമ്മദ് ജനിച്ചു

മഞ്ചേരി N S S കോളേജിൽനിന്നും രസതന്ത്രത്തിൽ ബിരുദം നേടിയ ശേഷം വീട്ടിൽ വായനയിൽ മുഴുകി കഴിയവെയാണ് അദ്ദേഹം യുക്തിവാദത്തിലേക്ക് ആകൃഷ്ടനാകുന്നത്. കമ്യൂണിസ്റ്റ് ആശയങ്ങളോട് അഭിമുഖ്യമുണ്ടായിരുന്ന ഈ യുവാവ് സ്വന്തം പിതാവുൾപ്പെടെയുള്ള ജന്മിമാർക്കെതിരെ കർഷകത്തൊഴിലാളികളെ അണിനിരത്തി, കൂലിക്കൂടുതലിനായി സമരം നയിച്ചത് അക്കാലത്ത് നാട്ടുകാരിൽ കൗതുകമുണർത്തി ആനക്കയം പ്രദേശത്തും ചില ബന്ധു വീടുകളിലും വ്യാജ ചികിത്സയുമായെത്തിയ ഒരു തങ്ങൾ സിദ്ധനെതിരെ കേരളശബ്ദം വാരികയിൽ ലേഖനമെഴുതിയതും ബന്ധുക്കളെയും നാട്ടുകാരെയും ചൊടിപ്പിച്ച സംഭവമായിരുന്നു.

ഒരു സുഹൃത്തിന്റെ പ്രേരണയാൽ ഖുർആൻ പരിഭാഷവായിക്കാനിടയായതോടെയാണ് തന്റെ യുക്തിവിചാരം ഇസ്ലാമിനെതിരെ തിരിഞ്ഞതെന്ന് സെയ്തുമുഹമ്മദ് പറയുന്നു. 1978ലാണ് 'ഖുർആനിലെ ദൗർബല്യങ്ങൾ' എന്ന പേരിൽ ഒരു ലഘുലേഖ അച്ചടിച്ചുകൊണ്ട് തന്റെ ഇസ്ലാം മത വിമർശനത്തിന്ന് അദ്ദേഹം തുടക്കം കുറിച്ചത് പ്രഗത്ഭ പണ്ഡിതനായിരുന്ന സി. എൻ. അഹമ്മദ് മൗലവി ഈ ലഘുലേഖക്ക് മറുപടിപ്പുസ്തകമെഴുതിയതോടെ മുസ്ലിം വായനക്കാർക്കിടയിൽ യുക്തിവാദം ഒരു ചർച്ചാ വിഷയമാവുകയായിരുന്നു. മൗലവിയുടെ മറുപടികളെ നിഷ്പ്രഭമാക്കിക്കൊണ്ട് മറ്റൊരു പുസ്തകം ഉടൻതന്നെ പ്രസിദ്ധീകരിക്കപ്പെട്ടു പുസ്തകത്തിന്റെ പ്രതി മൗലവിക്കു നേരിട്ടുനല്കുകയുണ്ടായെങ്കിലും പിന്നീടദ്ദേഹം യുക്തിവാദത്തെക്കുറിച്ച് മൗനമവലംബിക്കുകയാണുണ്ടായത്. തുടർന്നിങ്ങോട്ട് സെയ്തുമുഹമ്മദിന്റെ പേന വിശ്രമമില്ലാതെ, മതാന്ധതക്കെതിരെ പൊരുതിക്കൊണ്ടിരിക്കുന്നു.

'രണരേഖ' എന്ന പേരിൽ ഒരു മാസിക സ്വന്തം ചെലവിൽ കുറെകാലം പ്രസിദ്ധീകരിച്ചുവെങ്കിലും ഭാരിച്ച സാമ്പത്തിക നഷ്ടത്തെ തുടർന്നു മാസിക നിർത്തേണ്ടിവന്നു. ഇസ്ലാം, വിമർശനങ്ങൾക്കു പഴുതില്ലാത്തവിധം അന്യൂന

മാണെന്നും യുക്തിവാദികൾക്ക മറ്റു മതങ്ങളെ വിമർശിക്കുന്നതുപോലെ ഇസ്ലാമിനെ ആക്രമിക്കാൻ കഴിയില്ല എന്നും മത വക്താക്കൾ വീമ്പടിച്ചുകൊണ്ടിരുന്ന കാലത്ത്, അവരുടെ ഈ അവകാശവാദം വെറും നീർക്കുമിളയാണെന്നു തെളിയിച്ചുകൊണ്ട് നിരവധി പുസ്തകങ്ങളും ലേഖനങ്ങളും വെളിച്ചംകാണുകയുണ്ടായി. ഇതോടെ മതഭ്രാന്തരുടെ കണ്ണിലെ കരടായിത്തീർന്നു ഈ സ്വതന്ത്രചിന്തകൻ.

താൻ വിശ്വാസിയായിരുന്ന കാലത്ത് പരലോക സൗഖ്യം കാംക്ഷിച്ചുകൊണ്ട് പള്ളിക്ക് വക്കഫ് ചെയ്തുകൊടുത്ത മൂന്ന് ഏക്കർ കൃഷിഭൂമി, പരലോക വിശ്വാസം നഷ്ടപ്പെട്ട സാഹചര്യത്തിൽ തനിക്ക തിരിച്ചുതന്നു കൂടേ എന്നാവശ്യപ്പെടുന്ന ഒരു കത്ത് മഹല്ല് ഭാരവാഹികൾക്ക് അയച്ചുകൊടുത്തത് പള്ളിക്കാരെ വല്ലാതെ പ്രകോപിപ്പിക്കുകയുണ്ടായി. ഊരുവിലക്ക പ്രഖ്യാപനമായിരുന്നു പെട്ടെന്നുള്ള അവരുടെ പ്രതികരണം.

മതത്തെ, അതിൻെറ തട്ടകങ്ങളിൽ കയറിച്ചെന്ന് ആക്രമിക്കുന്ന ഇത്തരം തീവ്രസമീപനങ്ങൾ എതിരാളികളുടെ അസഹിഷ്ണുതക്ക ആക്കം കൂട്ടി. വധഭീഷണിയും ഊരുവിലക്കും പോലീസ് കേസുമായി അവർ ഈ എഴുത്തുകാരനെ തളർത്താൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിൻെറ തൂലിക അവിരാമം ചലിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ 7കൊല്ലമായി യുക്തിവിചാരത്തിൽ സ്ഥിരമായി എഴുതികൊണ്ടിരിക്കുന്ന ഇദ്ദേഹത്തിൻേറയും ഭാര്യ സുഹറയുടേയും ലളിതസുന്ദരവും ചിന്തോദ്ദീപകവുമായ ലേഖനങ്ങൾ വായിച്ചിട്ടുള്ള സുഹൃത്തുക്കളോട് കൂടുതൽ എന്തെങ്കിലും പറയണോ? പല പ്രസിദ്ധ മുസ്ലിം പ്രസിദ്ധീകരണങ്ങൾക്കും മാററ കോപ്പി എന്ന നിലയിൽ യുക്തിവിചാരവും അയച്ചുകൊടുക്കുന്നുണ്ട്. ആരും ഇദ്ദേഹത്തിൻെറ ലേഖനങ്ങൾക്കെതിരെ പ്രതികരിക്കാൻ ധൈര്യപ്പെട്ടിട്ടില്ല.

മരണശേഷം ശവശരീരവും കണ്ണുകളും കോഴിക്കോട് മെഡിക്കൽകോളജിലേക്ക ദാനം ചെയ്ത സർട്ടിഫിക്കററിൻെറ കോപ്പി മാസങ്ങൾക്കുമുമ്പ് ഞങ്ങൾക്ക അയച്ചുതരികയുണ്ടായി. അതിൽ ഇങ്ങിനെ പറയുന്നു.

1 ഞാൻ ഒരു മതത്തിലും വിശ്വസിക്കാത്ത നിരീശ്വര യുക്തിവാദിയാണ്.

2 എൻെറ മൃതദേഹം സംസ്കരിക്കണമെന്ന എനിക്കാഗ്രഹമില്ല. മൃതദേഹം കൊണ്ടായാലും സാമൂഹ്യസേവനം ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

3 എൻെറ മൃതദേഹം കോഴിക്കോട് മെഡിക്കൽകോളേജിലെ വൈദ്യശാസ്ത്ര വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അക്കാദമിക് ഉപയോഗത്തിനായി ദാനം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു.

4 അപ്രകാരം എൻെറ മൃതദേഹം വൈദ്യശാസ്ത്രപഠനാർത്ഥം സംഭാവന ചെയ്യുവാൻ എൻെറ കുടുംബാംഗങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു.

5 എൻെറ ആരോഗ്യത്തെയോ, രോഗത്തേയോ, മരണത്തെയോ സംബന്ധിച്ച ആരെങ്കിലും എൻെറ ബോധാവസ്ഥയിലോ, അബോധാവസ്ഥയിലോ,

# ഞാനെങ്ങിനെ യുക്തിവാദിയായി?

## ആനക്കയം സെയ്തുമുഹമ്മദ്

മദ്രസയിലും പള്ളിദറസിലുമുള്ള എന്റെ പഠനം എന്നെ ഒരു യഥാർത്ഥ മത വിശ്വാസിയാകാൻ പഠിപ്പിച്ചു. ഭൂമി പരന്ന് കിടക്കുന്ന ഒരു വസ്തുവാണെന്നും എന്നാൽ സ്കൂളുകളിൽ ഭൂമി ഒരു ഗോൾമാണെന്നാണ് പഠിപ്പിക്കുന്നതെന്നും അതൊരിക്കലും നിങ്ങൾ വിശ്വസിക്കരുതെന്നുമാണ് യഥാസ്ഥിക മതപണ്ഡിതന്മാരായ എന്റെ ഗുരുനാഥന്മാർ എന്നെ പഠിപ്പിച്ചത്. (ഇന്നത് തിരുത്താൻ യാഥാസ്ഥിക സുന്നി പണ്ഡിതന്മാർപോലും തയ്യാറായിവരുന്നുണ്ട്.) അന്നത്തെ മത പഠനം എന്നെ ഒരു മതപണ്ഡിതനായി തീരാൻ മോഹിപ്പിച്ചു. അവർ പഠിപ്പിക്കുന്നത് മാത്രമാണ് സത്യമെന്നും മററു മതങ്ങൾ പഠിപ്പിക്കുന്നതെല്ലാം തെററാണെന്നും വിശ്വസിച്ചുകൊണ്ട് ഞാൻ മുസ്ലിം മതപണ്ഡിതന്മാരെപോലെ വേഷത്തിൽ പോലും അനുകരിക്കാൻ ശ്രമിച്ചു. തുടർന്ന് എന്നെ സെക്കൻററി വിദ്യാഭ്യാസത്തിന് ചേർത്ത് പഠിച്ചപ്പോൾ എന്റെ പഴയ ധാരണകളൊക്കെ മാററിമറിച്ചു. ഞാൻ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് എനിക്കൊരു ഇടതുപക്ഷ ചിന്താഗതിക്കാരനെ റൂംമെയ്ററായി കിട്ടിയത്. അതുവരെ ഒരു മത വി

---

മരണശേഷമോ യാതൊരുവിധ മത കർമ്മവും ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

6 മതത്തെ നിരന്തരമായി എതിർത്തിരുന്ന ഞാൻ അവസാനനാളുകളിൽ മതത്തിൽ അഭയം തേടിയെന്ന വ്യാജവാർത്ത പ്രചരിപ്പിക്കുവാൻ ഞാൻ അനുവദിക്കുന്നതല്ല.

ഈ രേഖയിൽ (6-11-2001) സാക്ഷികളായി ഒപ്പിട്ടിട്ടുള്ളത് ഭാര്യ എൻ. വി. സുഹറയും അഡ്വ: സി. കെ. അബ്ദു സമദ് മഞ്ചേരിയും ആണ്.

മുസ്ലിം മതവിശ്വാസികൾക്കിടയിൽ വലിയ കോളിളക്കം സൃഷ്ടിച്ച ഇറാനിയൻ പണ്ഡിതൻ അലിദാസ്തിയുടെ മുഹമ്മദ്നബി-പ്രചരണവും യാഥാർത്ഥ്യവും എന്ന പുസ്തകം അബ്ദുല്ല മേപ്പയ്യൂരിനോടൊപ്പം തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിച്ചതിനുപുറമെ, 'അഹമ്മദ് മൗലവിയുടെ പച്ചനുണകൾ', 'ചേകനൂർ മൗലവി വധിക്കപ്പെട്ടതെന്തുകൊണ്ട്? ഇസ്ലാമിന്റെ തനിനിറം, ഇസ്ലാമിലെ സാമൂഹ്യനീതി' എന്നീ ഗ്രന്ഥങ്ങളും ഇദ്ദേഹത്തിന്റെ വകയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

യുക്തിവാദപ്രചരണത്തിലുള്ള അമിതാവേശവും പരസഹായ തല്പരതയും സാമ്പത്തികമായി പ്രതിസന്ധിയിലെത്തിച്ചുവെങ്കിലും കുടുംബാംഗങ്ങളുടെ പിന്തുണയും പ്രോത്സാഹനവും ഈ എഴുത്തുകാരനു തണലായുണ്ട്. രണ്ടു മക്കളും (സാബു, രോഷിദ്) മിശ്രവിവാഹം ചെയ്തുകൊണ്ട് പിതാവിന്റെ ആദർശങ്ങൾക്കുമാററുകൂട്ടി. മൂന്നാമത്തെ മകൾ രേഖ പഠിക്കുന്നു. ഭാര്യ സുഹ്റ ആശയപ്രചരണരംഗത്തു ഭർത്താവിനോടൊപ്പം പങ്കുചേരുകയും ചെയ്യുന്നു.

# ജ്ഞാനേന്ദ്രന്റെ തിരുക്കശാപ്പ്

## നാരായണൻ പേരിയ

''രക്തം തളം കെട്ടിക്കിടക്കുന്നു. ആട്ടിന്റെയും പോത്തിന്റെയും വെട്ടിയെടുത്ത തലകൾ. തുറിച്ച കണ്ണുകൾ. ചോരയിറ്റുവീഴുന്ന വാളുമേന്തി നിൽക്കുന്ന പുരോഹിതന്റെ പിന്നിൽ പ്രാർത്ഥനയുരുവിട്ടുകൊണ്ട് നിൽക്കുന്ന സ്ത്രീ-പുരുഷന്മാർ. മുട്ടുകുത്തി കുനിഞ്ഞിരുന്ന് ആ കട്ട രക്തം നക്കിക്കുടിക്കുന്ന സ്ത്രീകൾ. ആ രക്തത്തിൽ മുക്കിയെടുത്ത തുണി അടിവസ്ത്രമായി ധരിക്കുന്ന സ്ത്രീകൾ. ഇഷ്ടസന്താനലബ്ധിക്കുവേണ്ടി. രക്തത്തിൽ കുതിർന്ന വസ്ത്രം മാറോടു ചേർത്ത് ധരിക്കുന്ന കന്യകമാർ, വിവാഹ സൗഭാഗ്യമാണ് ലക്ഷ്യം. അവർക്കിടയിൽ നൂറു കണക്കിന് നായ്ക്കൾ, കഴുകന്മാർ,''

കാതറിൻ മേയോ എന്ന അമേരിക്കക്കാരി കാളിഘട്ടിലെ ബലിവേദിയുടെ

---

ശ്വാസിയായിരുന്ന എന്നോട് അദ്ദേഹം ഖുർആൻ പരിഭാഷ നിഷ്പക്ഷമായി വായിച്ചുപഠിക്കാൻ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു. അതൊരു വെല്ലുവിളിയായി ഞാൻ ഏറ്റെടുത്ത് പഠിക്കാൻ ശ്രമിച്ചു. ആ ശ്രമമാണ് എന്നെ മതത്തിനെതിരായി ചിന്തിക്കാൻ പഠിപ്പിച്ചത്.

മതസ്ഥാപനങ്ങൾ നടത്തിവരുന്ന വിവിധ മതസ്ഥരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നത്തെപോലെ അന്നുണ്ടായിരുന്നില്ല. മുസ്ലിം മാനേജുമെന്റുകൾ നടത്തുന്ന സ്കൂളുകളിൽ പഠിക്കുന്ന മുസ്ലിം കുട്ടികളെ വളരെ എളുപ്പത്തിൽ വർഗ്ഗീയവാദികളാക്കാൻ കഴിയുന്നതുപോലെ മറ്റു മത വിഭാഗങ്ങളുടെ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളിലും അവരവരുടെ വർഗ്ഗീയ ചിന്താഗതികൾ വളർത്താൻ കഴിയും. അത്തരത്തിലുള്ള ഒരു വിദ്യാഭ്യാസസ്ഥാപനത്തിലാണ് ഞാൻ തുടർന്ന് പഠിച്ചിരുന്നതെങ്കിൽ ഞാനും ഒരു മതമൗലിക വാദിയായി തീർന്നിരുന്നേനെ.

നിഷ്പക്ഷമായ പഠനം നടത്താൻ ഞാൻ ശ്രമിച്ചതുകൊണ്ട് മാത്രമാണ് ഖുർആൻ എന്നെ ഒരു യുക്തിവാദിയാക്കിയത്. ദൈവത്തിൽനിന്ന് അവതീർണ്ണമായതാണ് ഖുർആൻ എന്ന വിശ്വാസത്തോടെ ഖുർആൻ പഠിക്കുമ്പോൾ ഖുർആനിലുള്ള ന്യൂനതകളൊന്നും ഒരു വിശ്വാസിക്ക് കാണാൻ കഴിയില്ല. കാലഹരണപ്പെട്ട ഖുർആനിലെ ഗോത്രനിയമങ്ങളും അശാസ്ത്രീയ ചിന്താഗതികളും ചരിത്ര വീക്ഷണങ്ങളുമൊക്കെയാണ് എന്റെ ലേഖനങ്ങളിലെ വിഷയങ്ങൾ. ഈ വിശാലമായ പ്രപഞ്ചത്തിൽ മനുഷ്യൻ വെറും പുഴുവാണ്. ''ദൈവം വലിയവനാണെന്ന്''' ദൈവത്തിന്റെ സൃഷ്ടികളായ ഈ പുഴുക്കൾ ഉരുവിടണമെന്നും ഇല്ലെങ്കിൽ ഭയാനകമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും ഒരു കരുണാനിധിയായ ദൈവം ആവശ്യപ്പെടുമെന്ന് തോന്നുന്നില്ല. ഖുർആനിലെ ഇത്തരം ന്യൂനതകൾ അടങ്ങിയ അശാസ്ത്രീയ വിഷയങ്ങൾ ഒരു പ്രപഞ്ചസ്രഷ്ടാവിൽ നിന്ന് പ്രതീക്ഷിക്കാൻ ഒരിക്കലും സാധ്യമല്ലെന്ന് വിശ്വസിക്കുന്നതുകൊണ്ടാണ് ഞങ്ങൾ യുക്തിവാദികളായി തീർന്നത്. ○

ഭീകരചിത്രം വരച്ചിട്ട് ഏഴുപതിററാണ്ട് കഴിഞ്ഞു. ''അഴുക്കുചാൽ പരിശോധകരുടെ റിപ്പോർട്ട്'' എന്ന് ഗാന്ധിജി വിശേഷിപ്പിച്ച 'മദർ ഇന്ത്യ' ഇതുപോലെ അനേകം അപ്രിയ സത്യങ്ങളുടെ സമാഹാരമാണ്. ദുരഭിമാനം വ്രണപ്പെട്ട ഭാരതത്തിന്റെ 'ഉത്തമസന്താനങ്ങൾ' പ്രതിഷേധക്കുറിപ്പുകളല്ല, പുസ്തകങ്ങൾ തന്നെയെഴുതി മറുപടിയായിട്ട്. പതിനഞ്ചോളം പുസ്തകങ്ങൾ പുറത്തിറങ്ങി.'' പൗരാണികത്വമെൻ പൈതൃക സ്വത്തല്ലേ, പാരായണം ചെയ്യാം ഞാനതൽപ്പം.'' മഹാകവി ഉള്ളൂർ പുരാണേതിഹാസങ്ങളുടെ പനയോലക്കെട്ടഴിച്ചുകാട്ടി.

സംഘടിതമായ ആംഗ്ലോ-അമേരിക്കൽ ഗൂഢാലോചനയുടെ ഫലമായിരുന്നു കാതറിൻ മേയോയുടെ ഗ്രന്ഥസംരംഭം എന്നത് അനിഷേധ്യമായ വസ്തുതയാണ്. ഇന്ത്യ അങ്ങേയററം പ്രാകൃതരായ ഒരു ജനതയുടെ നിവാസ ഭൂമിയാണെന്നും, സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നും ലോക സമക്ഷം വിളംബരപ്പെടുത്തുകയായിരുന്നു മേയോവിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നവരുടെ ലക്ഷ്യം. ലണ്ടനിലെയും അമേരിക്കയിലെയും പുരാരേഖകളും മേയോവിന്റെ വ്യക്തിപരമായ കത്തിടപാടുകളും പരിശോധിച്ച് ഡോ. മനോരഞ്ജൻ ഝാ ഇക്കാര്യം തുറന്നുകാട്ടിയിട്ടുണ്ട്. പക്ഷേ ദുഷ്ടലാക്കോടെയാണെങ്കിലും മേയോ എഴുതിയത് തികച്ചും സത്യമായിരുന്നു. അല്പം അതിശയോക്തി സ്പർശവും ചില വളച്ചൊടിക്കലുകളും ഉണ്ടെങ്കിലും.

ഏഴുപതിററാണ്ടിലേറെക്കഴിഞ്ഞിട്ടും, ആ പ്രാകൃതാവസ്ഥയിൽ നിന്ന് ഒട്ടും മുമ്പോട്ടുപോയിട്ടില്ല നാം എന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു. പക്ഷേ, അത് രേഖപ്പെടുത്താൻ ഒരു കാതറിൻ മേയോ ഉണ്ടായില്ല. ലോകത്തിലെ ഏക ഹിന്ദു രാജ്യത്തിലെ രാജാവ് കഴിഞ്ഞ ദിവസം കാളിഘട്ടിലും കാമാഖ്യക്ഷേത്രത്തിലും നടത്തിച്ച ബലികർമ്മങ്ങൾ ആർഷസംസ്ക്കാരമെന്നാൽ 'തിരുക്കശാപ്പ്' കളല്ലാതെ മറെറാന്നുമല്ല എന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു. പോത്ത്, കാള, ആട്, ചെമ്മരിയാട്, പ്രാവ്-ഇങ്ങനെ പഞ്ചബലിക്കുപുറമെ നരബലിയും നടത്തി എന്നാണ് റിപ്പോർട്ട്. നരബലിയുടെ കാര്യം നിഷേധിക്കുന്നുണ്ടെങ്കിലും, വൈദിക വിധിയുള്ള സ്ഥിതിക്ക് അത് മാററിവെയ്ക്കാൻ കഴിയുമോ?

ജന്തുബലി നിയമം വഴി നിരോധിക്കപ്പെട്ട നാടാണിത്, എന്നിട്ടും ഒരന്യനാട്ടുകാരൻ ഇവിടെ വന്ന് പരസ്യമായി ബലി നടത്തിയിട്ടും നിയമത്തിന്റെ കൈകൾ ചലിച്ചില്ല. അതിഥിയെ അറസ്ററു ചെയ്യാൻ പാടില്ലായിരിക്കാം. പക്ഷേ, മറുനാട്ടുകാരനായ അതിഥി ഇവിടെ വന്ന് നിയമലംഘനം നടത്തിയത് ന്യായമോ? മനുഷ്യമാംസം നിഷിദ്ധമല്ലാത്ത ഒരു രാജ്യത്തിൽ നിന്നും (ആഫ്രിക്കയിൽ അത്തരം രാജ്യങ്ങളുണ്ടത്രേ.) ഒരു സന്ദർശകൻ ആവശ്യപ്പെട്ടാൽ ആ 'വിശിഷ്ട വിഭവം' ഒരുക്കിക്കൊടുക്കാൻ തയ്യാറാകുമോ?

നേപ്പാൾ രാജാവിനെ കുററപ്പെടുത്തുന്നതെങ്ങനെ? ഹിന്ദുവിന്റെ ധർമ്മശാസ്ത്രങ്ങളും കർമ്മശാസ്ത്രങ്ങളും വിധിച്ചിട്ടുള്ള വൈദികകർമ്മങ്ങൾ മാത്രമല്ലേ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ളൂ? ബലി കൂടാതുള്ള യജ്ഞമുണ്ടോ? അശ്വമേധം രാജാക്കന്മാർക്ക

വധിച്ചിട്ടുള്ളതാണ്. കുതിരയെ മാത്രമല്ല, മററനേകം ജന്തുക്കളെയും യാഗശാലയിൽ ബലികൊടുക്കണമെന്നുണ്ട്. ദശരഥൻെറ അശ്വമേധത്തിൽ നാനാതരം കരജന്തുക്കളെ മാത്രമല്ല, പലതരം ജലജന്തുക്കളെയും ബലികൊടുത്തതായിപ്പറയുന്നു. (രാമായണം, ബാലകാണ്ഡം, സർഗ്ഗം 14) മൃഗങ്ങളെ അറുക്കുക മാത്രമല്ല, ശ്വാസം മുട്ടിച്ച് ഇഞ്ചിഞ്ചായി കൊല്ലുന്ന പതിവുമുണ്ട്. അതിരാത്രം നടത്തുമ്പോൾ ആടിനെ കൊല്ലുന്നത് നവദ്വാരങ്ങളും അടച്ചുകെട്ടി ശ്വാസം മുട്ടിച്ചിട്ടാണ്. ശ്വാസം മുട്ടിപിടയുന്ന ആടിനെ നോക്കി മന്ത്രമുരുവിടുന്ന 'വേദരത്നങ്ങളായ 'അക്കിത്തിരി' (അതിരാത്രം നടത്തുന്നവർ) മാർ ആ 'തിരുക്കശാ''പ്പിനു് ശാസ്ത്രീയ യുക്തിയുണ്ടെന്നു പറയുന്നു. ആടിൻെറ തൊലിയോടു് പററിനിൽക്കുന്ന കൊഴുപ്പ് ('വപ' എന്നു് യജ്ഞഭാഷ) ആണു് ഹോമിക്കേണ്ടത്. 'വപ'യിലൊരു പങ്ക് നെയ്യിൽ വറുത്ത് പ്രസാദമായി കഴിക്കണം. ആടിനെ അറുക്കുമ്പോൾ കൊഴുപ്പ് ശരീരത്തിലാകെ ചിതറിപ്പോകും. ശ്വാസംമുട്ടിച്ചു കൊല്ലുകയാണെങ്കിൽ കൊഴുപ്പ് ഒരിടത്ത് തന്നെ അടിഞ്ഞുകൂടും. അത് എടുക്കാൻ എളുപ്പമാണ്. ഈ ജീവശാസ്ത്ര രഹസ്യം സഹസ്രാബ്ദങ്ങൾക്കുമുമ്പെ നമ്മുടെ ഋഷീശ്വരന്മാർ മനസ്സിലാക്കിയിരുന്നു എന്ന് വിസ്മയം പ്രകടിപ്പിക്കുന്നു വേദരത്നം രാമൻനമ്പൂതിരി.

ജന്തുബലി മാത്രമല്ല, നരബലിയും യഥേഷ്ടം നടത്തിയിരുന്നു. ''അശ്വമേധാത് പുരുഷമേധഃ'' (അശ്വമേധത്തേക്കാൾ ശ്രേഷ്ഠമാണ് പുരുഷമേധം) എന്നു ഗോപഥബ്രാഹ്മണം. (1. 5. 7) ദൈവപ്രീതിക്കായി ഏതെങ്കിലും ദ്രവ്യത്തെ അർപ്പിക്കുന്നതാണ് 'യജ്ഞം' അഥവാ 'മേധം' അർപ്പിക്കപ്പെടുന്ന വസ്തുവിൻെറ പേര് ആദ്യം ചേർത്ത് പറയും. 'നരമേധം' അഥവാ 'പുരുഷമേധം' നരനെ ബലിയർപ്പിക്കുന്ന യജ്ഞമാണ്. സംസ്കൃത വിശ്വകോശമായ 'ശബ്ദകല്പദ്രുമ'ത്തിലെ വിവരണം നോക്കുക:' നരമേധഃ മിധ് ഹിംസായാം. ഭാവേ യജ്ഞ, നരാണാം മേധോ ഹിംസനം യത്ര നരമേധാത്മക യജ്ഞവിശേഷ: ('മിധ്'' എന്ന ധാതുവിൽ നിന്നാണ് 'മേധം' എന്ന പദമുണ്ടായത്. ഹിംസ എന്നർത്ഥം. നരനെ വധിക്കുന്ന യജ്ഞമാണ് നരമേധം) നരമേധ മാഹാത്മ്യം യജുർവേദ ഭാഷ്യത്തിൽ മഹീധരൻ വർണ്ണിക്കുന്നതു കാണുക: ''ബ്രാഹ്മണ രാജന്യയോ രതിഷ്ഠാകാമയോഃ പുരുഷമേധ സംജ്ഞകോ യജ്ഞോഭവതി.'' (30-2) ബ്രാഹ്മണനോ, ക്ഷത്രിയനോ ഉയർന്ന പദവിയിലെത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുരുഷമേധം അനുഷ്ഠിക്കണം. ശതപഥബ്രാഹ്മണത്തിലും (1-2-1-6) ഐതരേയ ബ്രാഹ്മണത്തിലും (2.8) പുരുഷമേധത്തെക്കുറിച്ച് പറയുന്നുണ്ട്. അഥർവവേദത്തിലെ പഞ്ചബലിയിൽ പശു, കുതിര, പുരുഷൻ, ആട്, ചെമ്മരിയാട് എന്നിവയാണ് വേണ്ടത്. (11-29-2) യജ്ഞാനുഷ്ഠാനപ്രധാനമായ യജുർവേദത്തിലും നരമേധത്തെക്കുറിച്ച് പറയുന്നുണ്ട്. (30-22)

ഹരിശ്ചന്ദ്രനെന്ന രാജാവ് പുത്രനെ ബലികൊടുക്കാമെന്ന് നേരുന്നതും, പകരം ശുനശ്ശേഫനെന്ന ബ്രാഹ്മണബാലനെ വിലയ്ക്കുവാങ്ങി ബലികൊടു

കുമാനൊരുങ്ങുന്നതും വരുണന്റെ ഇടപെടൽ നിമിത്തം അത് ഒഴിവാകുന്നതും ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ട്. (1-24-13) ഐതരേയ ബ്രാഹ്മണത്തിലും (7 3) ശാംഖായന ബ്രാഹ്മണത്തിലും (15-17) ഇതേ കഥ ചെറിയ മാററങ്ങളോടെ കാണാം. ചിലേടത്ത് വിശ്വാമിത്രനാണ് ശുനശ്ശേഫനെന്ന ബലിപുരുഷനെ രക്ഷിക്കുന്നത്. വാല്മീകിരാമായണത്തിലും ഉണ്ട് ഈ കഥ. ശുനശ്ശേഫനുപകരം ബലിപുരുഷനാകാൻ വിശ്വാമിത്രൻ സ്വന്തം മക്കളോട് ആവശ്യപ്പെടുന്നതും, അവർ അനുസരണക്കേടുകാട്ടിയതിനാൽ ശാപത്തിനു് ഇരയാകുന്നതുമാണ് അവിടത്തെ കഥ.

ആൺകുട്ടിയുണ്ടാകാനും നിധിലഭിക്കാനും വേണ്ടി എവിടെ നിന്നെങ്കിലും കട്ടിയെടുത്ത കുട്ടിയെ ബലികൊടുക്കുന്നവർ ഇന്നും വിരളമല്ലല്ലോ. വേദ സമ്മതമായ കർമ്മമാണ് അവർ അനുഷ്ഠിക്കുന്നത്. ധർമ്മാനുഷ്ഠാനഗ്രന്ഥങ്ങളെന്ന നിലയിൽ പ്രസ്തുതകൃതികൾ മാനിക്കപ്പെടുമ്പോൾ ഈ നരബലിയെ തെറെറന്നു വിധിക്കാൻ കഴിയുമോ?

ബ്രഹ്മവൈവർത്ത പുരാണത്തിൽ (പ്രകൃതി ഖണ്ഡം അധ്യായം-64) ബലിക്ക് യോഗ്യനായ പുരുഷന്റെ ലക്ഷണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അവനു് ശാരീരിക വ്യാധികളൊന്നും ഉണ്ടാകരുത്. പരസ്ത്രീകളെ സ്പർശിക്കാത്ത സദാചാരിയായിരിക്കണം. ജാരസന്തതിയോ, മററു അവിഹിതബന്ധത്തിൽ പിറന്നവനോ ആകരുതു്. അവന്റെ മാതാപിതാക്കൾക്കു പണം കൊടുത്ത് വാങ്ങുക. അവനെ കുളിപ്പിച്ച്, സിന്ദൂരചന്ദനാദികൾ ചാർത്തി, നല്ല വസ്ത്രം ധരിപ്പിച്ച് സൈ്വരവിഹാരത്തിനു് വിടണം. ഒരു വർഷക്കാലം അവൻ അങ്ങനെ കഴിയട്ടെ. ഒരു പരിചാരകൻ അവനെ സദാ അനുഗമിക്കണം. വർഷം തികയുമ്പോൾ അഷ്ടമി നവമി സന്ധിയിൽ അവനെ ദുർഗ്ഗാദേവിയ്ക്ക് ബലികൊടുക്കണം.

ഉറങ്ങിക്കിടക്കുമ്പോഴോ മറേറാ പിടിച്ചുകെട്ടിക്കൊണ്ടുപോയി പെട്ടെന്നു് ബലികൊടുക്കുകയാണെങ്കിൽ ഒന്നുമറിയാതെ മരിച്ചെന്ന ആശ്വാസമെങ്കിലുമുണ്ട്. ഇവിടെ അതല്ല നടക്കുന്നത്. സൈ്വരമായി ജീവിക്കുന്ന യുവാവിനെ അവന്റെ മാതാപിതാക്കൾക്കു പണം വാങ്ങിക്കൊണ്ടുപോയി (മകനെ വില്ക്കാൻ മാത്രം ഗതികേടുണ്ടായിരിക്കണം അവർക്ക്. ശുനശ്ശേഫനെയും ഗാലവനെയും വിററത് ദാരിദ്ര്യം നിമിത്തമായിരുന്നു ) ഒരു വർഷക്കാലം നേർച്ചക്കോഴിയായി വിടുക. അവൻ ഓടിപ്പോകാതിരിക്കാനായിരിക്കണം കാവൽക്കാരനെ ഏർപ്പെടുത്തിയിരിക്കുന്നത്. ഓരോ നിമിഷവും മരിച്ചു ജീവിക്കുകയാണ് ആ പാവം ഒരു വർഷക്കാലം. അവന്റെ ബന്ധുക്കൾക്കും ഇക്കാര്യമറിയാം. എന്തൊരു ക്രൂരതയാണിത്! ഇതാണ് ആർഷഭാരതത്തിലെ ധർമ്മാനുഷ്ഠാനം!

നരബലികൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ദേവതയാണ് ദുർഗ്ഗ. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത നാമങ്ങളിൽ രക്തദാഹിയായ ഈ ദേവി ആരാധിക്കപ്പെടുന്നു. ആസ്സാമിൽ കാമാഖ്യാദേവി; ബംഗാളിൽ കാളി; മഹാരാഷ്ട്രയിൽ ദുർഗ്ഗ. രാജസ്ഥാനിൽ ഭവാനി-ഇങ്ങനെ. കാളിയുടെ രൂപം ഭയങ്കരമാണ് കറു

ത്തനീരം, ചോരയിററുവീഴുന്നതായി തോന്നുന്ന ചുകചുകന്ന നാവ്, മനുഷ്യശിരസ് കോർത്തുണ്ടാക്കിയ മാല, വെട്ടിയെടുത്ത കൈകരം കോർത്ത അരഞ്ഞാണം, നാനാതരം ആയുധങ്ങരം-ഇമ്മാതിരിയൊരമ്മ നരബലിയിൽ ആനന്ദം കണ്ടില്ലെങ്കിലേ അത്ഭുതമുള്ളു!

അടുത്തകാലം വരെയും കാളിക്ഷേത്രങ്ങളിൽ യാതൊരുമറയും കൂടാതെ നരബലി പതിവായിരുന്നു. നവരാത്രിയാഘോഷത്തിൻെറ ഭാഗമായിരുന്നു നരബലി. ചില പ്രത്യേക സമുദായക്കാരെയാണ് ബലിമൃഗമാക്കിയിരുന്നത്. കുച്ച്ബീഹാറിൽ 'ഭോഗി' ജാതിക്കാരെ ബലികൊടുത്തിരുന്നു. പകരം അവരുടെ കടുംബത്തിന് പണം കൊടുത്തിരുന്നു. 'രാഗമാല' എന്ന കൃതിയിൽ, ത്രിപുരയിലെ ഒരു രാജാവ് 14 ദേവതകരംക്കായി തൻെറ സേവകന്മാരെ ബലികൊടുത്തതായിപ്പറയുന്നു. ഏതു പ്രധാനകാര്യത്തിനു് ഒരുങ്ങുമ്പോഴും ബലി നടത്തണമെന്നുണ്ട്. വയലിൽ വിതക്കുമ്പോരം, കൊയ്യുമ്പോരം, കിണർ, പാലം, അണക്കെട്ട് എന്നിവ നിർമ്മിക്കുമ്പോരം-എല്ലാം ബലിവേണം. മഴ പെയ്യാനും പെരുമഴ നിൽക്കാനും ബലി. യുദ്ധവിജയത്തിനും കുടുംബൈശ്വര്യത്തിനും ബലി. നരബലിയായാൽ അത്യുത്തമം. ഗ്രീക്കപുരാണത്തിലെ അഗമം നൺ എന്ന പടത്തലവൻ യുദ്ധയാത്രയ്ക്കൊരുങ്ങുമ്പോരം സ്വന്തം മകരം ഇഫിജീനിയയെ ആർത്തിമസ് ദേവിക്ക് ബലികൊടുത്തു. തിരഞ്ഞെടുപ്പുവിജയത്തിനുവേണ്ടി ബലി നടത്തുന്ന നേതാക്കരം ഇന്ത്യയിലുമുണ്ട്. ബീഹാർ മുഖ്യമന്ത്രിയായിരുന്ന ജഗന്നാഥമിശ്ര ബലിമൃഗങ്ങളുടെ രക്തത്തിൽ സ്നാനം ചെയ്തിരുന്നുപോലും! ചാർവാകന്മാരുടെ വിമർശനങ്ങളും ബൗദ്ധ ജൈനമതങ്ങളുടെ എതിർപ്പുകളുമാണ് ബലിക്ക് കുറച്ചെങ്കിലും അറുതിവരുത്തിയത് 1845ൽ ബ്രിട്ടീഷ് ഗവണ്മെൻറ് നരബലി നിരോധിച്ച അതിനുശേഷം രഹസ്യമായി നടത്തേണ്ടിവരുന്നു എന്ന വ്യത്യാസം മാത്രം.

നരബലിയെന്നല്ല, ഹിംസാത്മകമായ യാതൊരു കർമ്മവും ആർഷഭാരതത്തിൽ ഒരു കാലത്തും ഉണ്ടായിരുന്നില്ല എന്ന വാദം അസംബന്ധം മാത്രമാണ്. നേരത്തെ ചൂണ്ടിക്കാട്ടിയ വൈദിക ഗ്രന്ഥങ്ങളിൽ നരബലിയെന്നു പറയുന്നതിന് വേറെ അർത്ഥം പറയുകയാണ് പതിവ്. പക്ഷേ, അതൊരു നിഷ്ഫലയത്നം മാത്രം. 'മേധ' ശബ്ദം അറിവ് എന്നർത്ഥമുള്ള 'മേധൃ' ധാതുവിൽ നിന്നു ഉണ്ടാകുന്നു എന്നത്രേ ഋഗ്വേദ ഭാഷ്യഭൂമികയിൽ വേദബന്ധു വാദിക്കുന്നത്. അശ്വമെന്നാൽ ഇന്ദ്രിയമാണത്രേ. അപ്പോരം അശ്വമേധം, ഇന്ദ്രിയ ജ്ഞാനമായി. അശ്വമേധത്തിലെ അശ്വം കുതിരയെന്ന മൃഗമല്ല, ഒരുതരം ധാന്യമാണ് എന്ന വ്യാഖ്യാനവുമുണ്ട്. പക്ഷേ, ശതപഥ ബ്രാഹ്മണത്തിലെയും മററും അശ്വമേധ ക്രിയാ വിവരണം ശ്രദ്ധിച്ചാലറിയാം അതൊരു മൃഗബലിതന്നെയാണെന്നു്. ബലിമൃഗത്തെ തിരഞ്ഞെടുക്കുന്നവിധം, അതിൻെറ ലക്ഷണങ്ങരം, ബലി പീഠത്തിനരികിലെ തൂണിൽ (യൂപം എന്നു് യജ്ഞഭാഷ) കെട്ടേണ്ടക്രമം- ഇതെല്ലാം ഒരു മൃഗത്തിനുമാത്രമേ യോജിക്കുകയുള്ളു. അറുത്തശേഷം. ബലിമൃഗത്തിൻെറ അവയവ ഭാഗങ്ങരം മുറിച്ചെടുക്കുന്നതിനും ക്രമമുണ്ട്. ശങ്കരൻ ബ്രഹ്മസൂത്ര ഭാഷ്യ

ത്തിൽ. ബ്രഹ്മജ്ഞാനത്തിനുള്ള പൂർവോപാധികളുടെ അനുക്രമം വിവരിക്കുന്നിടത്ത് ഉദാഹരണമായി നൽകിയിട്ടുള്ളത് ബലിയിലെ ഈ ക്രമമാണ്. ''ഹൃദയസ്യാഗ്രേവദ്യതി, അഥ ജിഹ്വായാം, അഥ വക്ഷസി'' (ആദ്യം ഹൃദയം മുറിച്ചെടുക്കുക. പിന്നെ നാവ്, പിന്നെ നെഞ്ച്) ബലിമൃഗത്തിന്റെ മാംസഭാഗങ്ങൾ ഈ ക്രമത്തിൽ മുറിച്ചെടുത്തില്ലെങ്കിൽ യാഗം നിഷ്ഫലമാകും. (ബ്രഹ്മസൂത്രം ഒന്നാം സൂത്രത്തിന്റെ ഭാഷ്യം) ബലിമൃഗം ധാന്യമാണെങ്കിൽ ഏതാണ് നാവും കരളും മറ്റും?

പുരാണേതിഹാസങ്ങളിലെ അശ്വമേധത്തിൽ അശ്വം, കുതിര എന്ന മൃഗം തന്നെയാണ്. രാമന്റെ അശ്വമേധത്തിൽ ശത്രുഘ്നൻ അശ്വരക്ഷിതാവായി ഭൂപ്രദക്ഷിണത്തിനു വിട്ട അശ്വത്തെ സീതയുടെ മക്കൾ പിടിച്ചുകെട്ടിയതായി ഉത്തരകാണ്ഡത്തിൽ പറയുന്നു. യുധിഷ്ഠിരന്റെ അശ്വമേധത്തിലും അർജ്ജുനൻ നയിച്ചത് കുതിരയെ ആയിരുന്നു. അശ്വമേധത്തിൽ, കുതിരയെ രാജപത്നിയാണു അറുക്കുക. അതിനുശേഷം രാജപത്നി ആ കുതിരയുമായി സഹശയനം നടത്തണമെന്നും വിധിയുണ്ട്. അശ്വലിംഗം തന്റെ ഗുഹ്യഭാഗത്ത് പ്രവേശിപ്പിച്ചുകൊണ്ട് രാജ്ഞി രാത്രി കഴിച്ചുകൂട്ടണം. ഈ അവസരത്തിൽ രാജ്ഞിയും പരിചാരികമാരും തമ്മിൽ നടത്തുന്ന സംവാദം അങ്ങേയറ്റം അശ്ലീലമയമാണ്. ലൈംഗികവൈകൃതമാണ് ഇവിടെ വിഷയം. ദശരഥന്റെ യാഗത്തിൽ കൗസല്യ ഇപ്രകാരം പ്രവർത്തിച്ചതായി വാല്മീകി പറയുന്നു. ശതപഥ ബ്രാഹ്മണത്തിലും മറ്റും ഈ നിന്ദ്യകർമ്മം വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. ഇതെല്ലാം ശരിയായി മനസ്സിലാക്കിയ സ്വാമി വിവേകാനന്ദൻ എഴുതി: ''വൈദികമായ അശ്വമേധത്തിൽ ഏറ്റവും ബീഭത്സമായ കാര്യങ്ങൾ അനുശാസിച്ചിരിക്കുന്നു. സീത വനത്തിൽ പോയിരുന്നതിനാൽ രാമൻ തനിച്ച് അശ്വമേധം നടത്തി എന്നു വായിച്ചപ്പോൾ എനിക്ക് ആശ്വാസം തോന്നി.'' (കത്തുകൾ. വിവേകാനന്ദ സാഹിത്യസർവസ്വം. അഞ്ചാം ഭാഗം പി. 328) കൗസല്യ ചെയ്തതെല്ലാം സീതയും ചെയ്യേണ്ടിവരുമായിരുന്നു എന്നു ധ്വനി. പൂവും ധാന്യങ്ങളും കൊണ്ടുള്ള പൂജയായിരുന്നു അശ്വമേധമെങ്കിൽ സ്വാമി ബീഭത്സ കർമ്മമെന്നു പറയുമോ.

'യജ്ഞത്തിലെ ഹിംസ, ഹിംസയല്ല' (യജ്ഞവധോഽവധഃ-മനു. 5 39) എന്നു പറഞ്ഞ് ന്യായീകരിക്കുന്നു മനുസ്മൃതി. (യജ്ഞത്തിൽ ഹിംസയുണ്ട് എന്നു സമ്മതിച്ചല്ലോ.) അശ്വമെന്നാൽ കുതിരയെന്ന മൃഗമല്ല, ധാന്യമാണ് എന്ന വ്യാഖ്യാനക്കസർത്തിനെക്കാൾ ഭേദമാണ്. യജ്ഞത്തിലെ ഹിംസ മറ്റു ഹിംസപോലെയല്ല എന്നതിന് പ്രമാണമായി 'വിശ്വഗുണാദർശം' എന്ന കൃതിയിൽ വെങ്കിടാധ്വരി പറയുന്നു: സ്വഭാര്യയിലെ പുത്രോൽപ്പാദനവും പരസ്ത്രീയിലെ പുത്രോൽപ്പാദനവും ഒരുപോലെയല്ലല്ലോ. വിചിത്രമായ ന്യായംതന്നെയെങ്കിലും ഹിംസയുണ്ടെന്ന് സമ്മതിച്ചത് നന്നായി.

യജ്ഞത്തിലെ ബലി ക്രൂരതയല്ല എന്നു വരുത്തിത്തീർക്കാൻ പറയുന്ന ഒരു

ന്യായമുണ്ട്: ബലിമൃഗത്തിന്റെ സ്വർഗ്ഗപ്രാപ്തി. അതായത് ബലിമൃഗം തൽക്ഷണം സ്വർഗ്ഗംപ്രാപിക്കും. അതിനാൽ ബലികൊടുക്കുന്നവൻ യജ്ഞ പശുവിനു് സ്വർഗ്ഗഫലം നൽകുന്ന പുണ്യകർമ്മമാണു് ചെയ്യുന്നത്. ഇതിനു് ചാർവാകൻ മർമ്മം പിളർക്കുന്ന മറുപടി നൽകി:

''പശു ശ്ചേന്നിഹത; സ്വർഗ്ഗ
ജ്യോതിഷ്ടോമേ ഗമിഷ്യതി
സ്വ പിതാ യജമാനേന
തത്ര കസ്മാന്ന ഹിംസ്യതേ?''

ജ്യോതിഷ്ടോമ യജ്ഞത്തിൽ വധിക്കപ്പെടുന്ന പശു സ്വർഗ്ഗം പ്രാപിക്കുമെങ്കിൽ യാഗകർത്താവ് സ്വന്തം പിതാവിനെ സ്വർഗ്ഗത്തിലേയ്ക്കയക്കാൻ മുതിരാത്തതെന്ത്? ചാർവാകനെയും ചാർവാകഗ്രന്ഥങ്ങളെയും ദഹിപ്പിച്ചത് ഇമ്മാതിരി ചോദ്യങ്ങൾ ചോദിച്ചതുകൊണ്ടാണു്.

നരബലി മാഹാത്മ്യം പ്രകീർത്തിക്കുന്ന ഒരു പുരാണം തന്നെയുണ്ട്: 'കാളികാപുരാണം.' അതിലെ 64-ാം അധ്യായം നരബലിയുടെ ഫലത്തെക്കുറിച്ചാണു് പറയുന്നത്.

നരേണ ബലിനാ ദേവി
സഹസ്രം പരിവൽസരാൻ
വിധി ദത്തേന ചാപ്നോതി
തൃപ്തിലക്ഷം ത്രി ഭിർന്നരൈ;

(ഒരു നരബലി നടത്തിയാൽ ഒരായിരം വർഷത്തേയ്ക്ക് ദേവിയുടെ അനുഗ്രഹം ഉണ്ടാകും. മൂന്നു നരബലി നടത്തിയാൽ ഒരു ലക്ഷം വർഷത്തേയ്ക്ക് ദേവീ പ്രീതിയുണ്ടാകും.) കാളീദേവിയുടെ 'മാർക്കററിങ്ങ് തന്ത്രം' എത്ര ഉദാരം!

സ്വന്തം മകനെ ബലികൊടുക്കാൻ പ്രേരിപ്പിക്കുന്ന കഥയാണു് സത്യനാരായണ പൂജയുടെ മാഹാത്മ്യം പറയുന്നിടത്തുള്ളതു്. വിവാഹപ്പിറേറന്നു് നവവധൂവരന്മാരെ ഇരുത്തിക്കൊണ്ടു് സത്യനാരായണ പൂജ നടത്തുന്ന പതിവുണ്ട്. വ്രത മാഹാത്മ്യത്തിലാണു് മോരാധ്വജന്റെ കഥ. മോരാധ്വജൻ എന്ന രാജാവ് സ്വപുത്രനെ ബലിയർപ്പിച്ചു. ധാർമ്മികനായ ആ രാജാവിനു് മോക്ഷം ലഭിച്ചു.

''ധാർമ്മിക: സത്യസന്ധാശ്ച
സാധു മോര ധ്വജോഽഭവേത്
ദേഹാർദ്ധ ക്രക ചൈശ്ചിത്വാ
ദത്വാ മോക്ഷമാവ പഹ.

പുത്രനെ ബലികൊടുത്താൽ ഐശ്വര്യം ലഭിക്കുമെന്നു് മോഹിക്കുന്ന ഭക്തനെ കുററപ്പെടുത്താനാകുമോ? ധാർമ്മിക വിധിയല്ലേ അനുസരിക്കേണ്ടത്?

നേപ്പാൾ രാജാവ് ഇവിടെ വന്നു് ഈ ബലി കർമ്മങ്ങളെല്ലാം പരസ്യമായി നടത്തിയിട്ടും യാതൊരു പ്രതിഷേധസ്വരവും ഉയർന്നില്ല എന്നത് എന്താണു്

# ആഗോളവൽക്കരണവും മതതീവ്രവാദവും

സി. ഐ. ഉമ്മൻ

കന്യാകുമാരി മുതൽ കാശ്മീർവരെ സഞ്ചരിക്കാൻ നമുക്ക് അതിവിശാലമായ ദേശീയപാതകളുണ്ട്. ഇത് നാടിന്റെ പുരോഗതി, പ്രത്യേകിച്ച് നമ്മുടെ പാതനിർമാണ സാങ്കേതിക വിദ്യയുടെ വളർച്ച. കന്യാകുമാരി മുതൽ തിരുവനന്തപുരം വരെയുണ്ട്. ദേശീയപാത ടാറിടാനും വീതികൂട്ടാനും ദിവസക്കൂലിക്ക് കരാറുകാരന്റെ കീഴിൽ പണിയെടുത്ത കാളിമുത്തു ഇന്ന് വൃദ്ധനാണ്. പണിക്കാരായ അനവധി പേരിൽ ഒരുവൻ. വണ്ടിക്കൂലിക്കു കാശില്ലാതെ പണികിട്ടാത്ത ദിവസങ്ങളിൽ താൻ പണിത ദേശീയ പാതയിലൂടെ എട്ടും പത്തും കിലോമീററർ ചുട്ടുപൊള്ളുന്ന വെയിലിൽ. നടന്ന് വീട്ടിലേക്കു മടങ്ങിയ യൗവ്വനത്തിന്റെ ഓർമകൾ, തലേന്നേ അത്താഴപ്പണിയായിരുന്ന അന്നു മിക്കപ്പോഴും. നഗ്നപാദനായ കാളിമുത്തുവിന് പൊള്ളുന്ന കാൽപാദങ്ങളുടെയും വ്യഥിതമായ അലച്ചിലിന്റെയും നിരാലംബമായ വാർധക്യത്തിന്റെയും കണക്കുകൾ മാത്രമാണ് നാടിന്റെ പുരോഗതിയുടെ ബാക്കി പത്രത്തിലുള്ളത്.

ആഗോളവൽക്കരണം ലോകത്തെ ഒരൊററ ഗ്രാമമാക്കി മാററിയിരിക്കുന്നു, ഇൻറർനെററ്, ബഹിരാകാശടൂറിസം, ശബ്ദാതിവേഗതയുള്ള വിമാനങ്ങൾ, ഒട്ടവിലിതാ ലോകവ്യാപാരകരാറും. സാങ്കേതിക പുരോഗതിയുടെ നന്മകൾ ഇതാ എല്ലാവർക്കും. കാളിമുത്തുമാരുടെ എണ്ണം പണ്ട് കുറവായിരുന്നു. ഇപ്പോൾ മലവെള്ള പാച്ചിൽപോലെ പെരുകിവരുന്ന നിരവധികാളിമുത്തുമാരുടെ നിശബ്ദ ദുഃഖങ്ങൾ നമ്മെ വേട്ടയാടുകയാണ്.

അമേരിക്ക, ലോക വ്യാപാരകരാർ വഴി കൈവന്ന പുതിയ അവസരം പ്രയോജനപ്പെടുത്തി വിലയുടെ നാല്പതു ശതമാനം വരെ സബ്സിഡി നൽകി ഗോതമ്പ് വിദേശരാജ്യങ്ങളിലേക്ക് കയററുമതി ചെയ്തു. കമ്പോളമില്ലാതെ ഒരിക്കൽ അധിക വിളവ് കടലിൽ തള്ളേണ്ടതായി വന്നിരുന്നു എന്ന കാര്യവും മറ

---

കാണിക്കുന്നത്? ഇതെല്ലാം പതിവായി നടക്കുന്ന ധാർമ്മിക വൃത്തികളാണെന്നു തന്നെ. അയൽവക്കത്തെ രാജാവിനോടുള്ള മര്യാദയുടെ പേരിൽ പൊറുത്തതാണ് എന്നു കരുതുന്നതിനെക്കാൾ ശരി ഇങ്ങനെ ധരിക്കുന്നതല്ലേ?

ആർഷസംസ്ക്കാരത്തിന്റെ സ്വാധീനത്തിലും വ്യാപ്തിയിലും അഭിമാനിക്കാം.

തിരുക്കശാപ്പുകൾ ഇനിയും നടക്കട്ടെ!
അഖണ്ഡഹിന്ദുസ്ഥാൻ ജയിക്കട്ടെ!

'ജന്തുസ്ഥാൻ' എന്നു പറഞ്ഞാൽ യഥാർത്ഥ ജന്തുക്കൾ പ്രതിഷേധിക്കും! O

ക്കരുത്. നമ്മുടെ നാട്ടിലും അമേരിക്കൻ ഗോതമ്പ് എത്തി. പഞ്ചാബിലെ ഗോതമ്പു കർഷകർക്ക് വിലയിൽ അമേരിക്കൻ ഗോതമ്പിനോട് മത്സരിച്ചുനിൽക്കാനായില്ല ധനനഷ്ടവും കടബാധ്യതകളും പട്ടിണിയും ദുരിതവും ഒറ്റപ്പെട്ടആത്മഹത്യകളും അനന്തരഫലം. എന്തിനു കൃഷിക്കാരന്റെ കാര്യം മാത്രം. നമ്മുടെ രാസവളനിർമാണശാലയായ ഫാക്ടിന്റെ കാര്യം തന്നെയെടുക്കാം. ലോകവ്യാപാര കരാർ വരുത്തിവെച്ച ഇറക്കുമതിയുടെ കുത്തൊഴുക്കിലും സബ്സിഡി ഇല്ലാതാക്കലിലും പിടിച്ചുനിർത്താനാവാതെ അത് കൊയ്ത്തുകാലം കഴിഞ്ഞ് അറവിനായി അടിച്ചുതളിക്കപ്പെടുന്ന മാടുകളിൽ ഒന്നായി മാറി. ഇപ്പോൾ പ്രസ്തുത വ്യവസായ സ്ഥാപനം സ്വകാര്യ മുതലാളിമാർക്ക് എല്ലിന്റെയും തോലിന്റെയും വിലക്ക് വിൽക്കാനുള്ള ശ്രമത്തിലാണ് സർക്കാർ.

ആഗോളവൽക്കരണവും മതതീവ്രവാദവും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്ന് ''യുക്തിവിചാര''ത്തിൽ (ലക്കം ജൂലായ്) വന്ന മുഖക്കുറിപ്പിനുള്ള മറുപടിയാണ് ഈ ലേഖനം. 'ആഗോളവൽക്കരണം വേറെ. അത് സാമ്പത്തിക കാര്യം. സാങ്കേതിക വിദ്യയുടെ കാര്യം. മതതീവ്രവാദത്തിന് അതുമായി പുലബന്ധംപോലുമില്ല.' ഇത്, കാര്യങ്ങളെ ഉപരിപ്ലവമായി കാണുന്ന ചില പാവം മനുഷ്യരുടെ ചിന്താഗതിയാകുന്നു കാര്യങ്ങൾ മറിച്ചാണ്.

ലോകത്തിന്റെ സാമ്പത്തികവും സൈനികവുമായ സമഗ്രാധിപത്യത്തിനുവേണ്ടി അമേരിക്കയും സോവിയറ്റു റഷ്യയുമായുള്ള നിരന്തര ശീതയുദ്ധം കണ്ടുവരാണല്ലോ നാം. എക്കാലവും ഈ ശീതയുദ്ധം കമ്മ്യൂണിസവും ക്രിസ്തുമതവും തമ്മിലുള്ള പോരാട്ടമായിരുന്നു. ക്രിസ്തുമത വിശ്വാസത്തിന്റെ ആധിപത്യമോ കമ്മ്യൂണിസത്തിന്റെ തിരോധാനമോ ആയിരുന്നില്ല മുഖ്യലക്ഷ്യം. സോവിയറ്റ് റഷ്യയുമായുള്ള മൽസരവും അതിലെ വിജയവുമായിരുന്നു മുഖ്യം.

അഫ്ഗാനിസ്ഥാനിൽ റഷ്യ അധിനിവേശം നടത്തിയപ്പോൾ അതിനെ ചെറുക്കാൻ ഇസ്ലാം തീവ്രവാദത്തെ അമേരിക്ക പ്രോൽസാഹിപ്പിച്ചു. അമേരിക്കയും ഇസ്ലാം തീവ്രവാദവുമായുള്ള അവിഹിത ബന്ധത്തിൽ ജനിച്ച ജാരസന്തതിയാകുന്നു ബിൻലാദൻ ഒസാമ.

റഷ്യയുടെ പതനത്തോടെ അമേരിക്കക്കെതിരെ അറേബ്യൻ നാടുകളിലെ പെട്രോളിയംകൊണ്ട് സമ്പന്നമായ രാജ്യങ്ങൾ വെല്ലുവിളിയാകുമെന്ന ബോധ്യം കൂടുതൽ പ്രബലമായി. നേരത്തെ തന്നെ ഇറാനെതിരെയും പിന്നീട് ഇറാക്കിനെതിരെയും നീങ്ങാനും സൗദിഅറേബ്യപോലുള്ള രാജ്യങ്ങളെ വലയിൽ കുരുക്കി അമേരിക്ക കരുക്കൾ നീക്കിയത് ഇത്തരം ഒരു ഭീതിയുടെ പേരിലാണ്. ഒരുതരം ഫിയർസൈക്കോസിസ്.

ലോകവ്യാപാര കരാറിന്റെ വരവോടെ ലോകസാമ്പത്തിക വ്യവസ്ഥയുടെ ആധിപത്യം അമേരിക്കക്കു കൈവന്നു. അമേരിക്ക എന്ന് ഈ ലേഖനത്തിൽ വിവക്ഷിക്കുന്നത് യുണൈറ്റഡ് സ്റ്റേറ്റ്സ് (യു എസ്.) എന്ന അമേരിക്കൻ രാജ്യത്തെ ആകുന്നു. തങ്ങളുടെ ആധിപത്യത്തിന് ഇസ്ലാമിക രാജ്യങ്ങൾ വെല്ലുവിളിയാകുന്നു എന്ന് ധരിച്ച് വശായിരിക്കുന്ന അമേരിക്ക ഇറാക്കിൽ നേരിട്ടും പാലസ്റ്റീനിൽ ഇസ്രായേൽ വഴിയും. ഇസ്ലാമിനെതിരെ പോരാടുകയാണെന്നബോധ്യം നിലനിൽക്കുന്നതാണ് മുസ്ലീം തീവ്രവാദത്തിന് പുതിയ സമര

# ജനാധിപത്യത്തിനുള്ളിലെ താലിബാനുകൾ

## ആനക്കയം സെയ്ത്മുഹമ്മദ്

'മുസ്ലീം വ്യക്തിനിയമബോർഡിൻെറ നിലപാട് ആപത്ത്'—എന്ന ശീർഷകത്തിൽ കേരള യുക്തിവാദി സംഘം സംസ്ഥാനകമ്മിററി ഇറക്കിയ പ്രസ്താവനയിൽ (ദേശാഭിമാനി 13-7-2002) ഇങ്ങനെ പറയുന്നു:

'ബാലവിവാഹ നിരോധന നിയമം മുസ്ലീകൾക്ക് ബാധകമാക്കരുതെന്ന മുസ്ലീം വ്യക്തിനിയമബോർഡിൻെറ നിലപാട് ഇസ്ലാമിക ഫണ്ടമെൻറ

---

മുഖങ്ങൾ തുറക്കാൻ പ്രേരണയായത്.

ഭീകര പ്രവർത്തനങ്ങൾക്കെതിരെയുള്ള അമേരിക്കയുടെ പടനീക്കം പരോക്ഷമായി ക്രിസ്ത്യൻ ഇസ്ലാം സംഘർഷം തന്നെയാകുന്നു. അഫ്ഗാനിസ്ഥാനിൽ ആക്രമണം തുടങ്ങുന്ന അവസരത്തിൽ കുരിശുയുദ്ധം പോലുള്ള പദപ്രയോഗങ്ങൾ അമേരിക്കൻ പ്രസിഡൻറ് നടത്തുകയും മററ് ഇസ്ലാമിക രാജ്യങ്ങളെ ഭയന്ന് വെള്ളപൂശി പാതി വിഴുങ്ങുകയും ചെയ്തതു് ഓർമ്മയുണ്ടല്ലോ. വെളിപ്പാട്ടപുസ്തകത്തിലെ ലോകാവസാനത്തിനായുള്ള അർമഗദോൻ യുദ്ധം ആസന്നമായി എന്ന് ചില ക്രിസ്തീയ സുവിശേഷ പ്രവർത്തകർ അമേരിക്കൻ പ്രസിഡൻറ് റൊണാൾഡ് റീഗിനെ (1981-'89) വേദപുസ്തകവാക്യങ്ങളുടെ വ്യാഖ്യാനത്തിലൂടെ തെററിദ്ധരിപ്പിക്കുകയും റഷ്യയുമായൊരു ആണവയുദ്ധം റീൻ പ്രതീക്ഷിക്കുകയും ചെയ്തതാണ്. വെളിപ്പാട്ടപുസ്തകത്തിലെ അർമഗദോൻ യുദ്ധത്തിൽ ഏററുമുട്ടുന്ന മാഗ്, മഗോഗ് എന്നീ രണ്ടു മൃഗങ്ങൾ സോവിയററ് യൂണിയനും അമേരിക്കയും ആണെന്നായിരുന്നു ഉപദേശിമാരുടെ തിരുവെഴുത്തു വ്യാഖ്യാനം. സോവിയററു യൂണിയൻ ലോകഭൂപടത്തിൽനിന്ന് അപ്രത്യക്ഷ്യമായിരിക്കുന്നു. അതിൻെറ ഭാഗമായിരുന്ന റഷ്യ ഇന്ന് സടകൊഴിഞ്ഞ സിംഹവും. ഇനി വെളിപ്പാട്ട പുസ്തകത്തിലെ അർമഗദോൻ യുദ്ധം ആരു തമ്മിലാണാവോ?

ലോകവ്യാപാരകരാറിലൂടെ സാധിതമായ ആഗോളവൽക്കരണത്തിൻെറയും ഏകലോക കമ്പോള വ്യവസ്ഥയുടെയും കുത്തക കയ്യാളുന്ന അമേരിക്ക ഒളിഞ്ഞും തെളിഞ്ഞും തങ്ങളുടെ ആധിപത്യത്തെയും മികവിനെയും നിലനിത്തുന്നതിനായി മതനിരപേക്ഷതയുടെ പഞ്ചസാര പൊതിഞ്ഞ് കപടനാട്യങ്ങളുടെ നിറം പിടിപ്പിച്ച ക്രിസ്ലീയ വർഗീയവാദവുമായി ലോകത്തെ ബദൽ സാമ്പത്തിക ശക്തിയായി മാറുന്ന ഇസ്ലാമിക രാജ്യങ്ങളോട്ട് ശീതസമരത്തിലാണിന്ന്. പക്ഷെ, ഒരു വ്യത്യാസം മാത്രം. സമ്പന്നമായ ഇസ്ലാമിക രാജ്യങ്ങളിലെ സമ്പന്നർ നൽകുന്ന സാമ്പത്തിക സഹായംകൊണ്ടു പ്രവത്തിക്കുന്ന ഇസ്ലാം തീവ്രവാദികളാണ് ഈ ശീതസമരത്തിൻെറ മുകൾ പരപ്പിലുള്ള നേർയുദ്ധത്തിൽ അമേരിക്കയുമായി ഏററുമുട്ടുന്നത് എന്നുമാത്രം. O

ലിസ്റ്റ് വാദമാണ്. വിവാഹം മതപരമായ പ്രശ്നമല്ല. പുനരുല്പാദനം, ജനസംഖ്യാവർദ്ധന, ജനകീയാരോഗ്യസംരക്ഷണം, വനിതാവകാശ സംരക്ഷണം എന്നീ പ്രശ്നങ്ങളുടെ നീതിപൂർവ്വകമായ വിനിയോഗത്തിന്ന് ബാലവിവാഹ നിരോധനം അനിവാര്യമാണ്. മുസ്‌ലീംകൾക്ക് മാത്രം പ്രത്യേക പ്രായപരിധി വേണമെന്ന വാദം തികഞ്ഞ വർഗ്ഗീയവാദമാണ്. അതിന്ന് ശരീഅത്തിനെ കൂട്ടുപിടിക്കുന്നത് ജീർണവും കാലഹരണപെട്ടതുമായ മതനിയമങ്ങളെ പുരോഗമന സാമൂഹ്യ നിയമങ്ങൾക്ക് പകരംവെക്കാനാണ്. ഏക സിവിൽകോഡ് നിർമ്മിക്കാനും ന്യൂനപക്ഷാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുപകരിക്കും വിധം പരിഷ്ക്കരിക്കാനും സർക്കാർ തയ്യാറാകണം.'

എൻ. ഡി. എഫ്.ന്റെ മുഖപത്രമായ തേജസ് ദ്വൈവാരിക ജൂലൈ ലക്കം (15) കണ്ടിരുന്നുവെങ്കിൽ സംസ്ഥാന കമ്മിറ്റി ഇങ്ങനെയൊരു പ്രസ്താവന പത്രമാധ്യമങ്ങൾക്ക് നൽകുമായിരുന്നില്ലെന്ന് ചില നിഷ്പക്ഷമതികൾ പറഞ്ഞേക്കാം. കാരണം ശൈശവ വിവാഹം മുസ്‌ലീംകൾക്ക് അനുവദിക്കണമെന്നും, പർദ്ദ മുസ്‌ലീം സ്ത്രീകൾക്ക് നിർബ്ബന്ധമാക്കണമെന്നുമുള്ള പ്രമേയം മുസ്ലീം പേർസണൽ ലോ ബോർഡ് പാസ്സാക്കിയെന്ന മലയാള മാധ്യമങ്ങളിൽ വന്ന വാർത്ത ബോർഡിനെ അപകീർത്തിപെടുത്താനുള്ളതാണെന്നാണ് തേജസ് ലേഖകൻ എഴുതിവിട്ടിരിക്കുന്നത്. ഇക്കഴിഞ്ഞ ജൂൺ 21-ാം തിയതി മുതൽ 23-ാം തിയതിവരെ ഹൈദരാബാദിൽ ചേർന്ന മുസ്‌ലീം പേർസണൽ ബോർഡിന്റെ പ്രമേയതീരുമാനങ്ങൾ ധീരവും നിർണായകവുമാണെന്നാണ് ലേഖകൻ മാലോകരെ തെറ്റിദ്ധരിപ്പിക്കുന്നത്. ഇതിന്നവർ ന്യായീകരണം കണ്ടെത്തുന്നതിങ്ങനെയാണ്. അഖിലേന്ത്യാ മുസ്‌ലീം പേർസണൽ ലോ ബോർഡ് ചെയർമാനായി ഈ യോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രശസ്ത പണ്ഡിതനും ലഖ്നോ നദ്‌വത്തുൽ ഉലമായുടെ റക്റ്ററുമായ മൗലാന സയ്യിദ് മുഹമ്മദ് റാബി നദ്‌വി തന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ പത്രസമ്മേളനത്തിൽ അറിയിച്ചത് മുസ്‌ലീം പേർസണൽ ലോ ബോർഡിന്റെ നയമായി അംഗീകരിക്കാൻ പറ്റില്ല'' ഇന്ത്യയെപോലുള്ള ഒരു ജനാധിപത്യ-മതേതരത്വ വ്യവസ്ഥിതി അംഗീകരിച്ച ഒരു സമൂഹത്തിൽ ഖുർആനെ അടിസ്ഥാനമാക്കി മുസ്‌ലീംകൾക്ക് മാത്രമായി സിവിൽ-ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കാൻ സാധ്യമല്ലെന്ന ഉത്തമ ബോധ്യം തേജസ് ലേഖകനുള്ളതുകൊണ്ടാണിത് പറയുന്നതെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ശൈശവ വിവാഹവും, പർദ്ദാസമ്പ്രദായവും പ്രവാചകനും അനുയായികളും മാതൃക കാണിച്ചുകൊടുത്ത നിയമങ്ങളാണ്. ഒന്നാം ഖലീഫ അബൂബക്കർ സിദ്ധിഖിന്റെ പുത്രിയായ ആയിശയെ തന്റെ 6-ാം വയസ്സിലാണ് അമ്പതുവയസ്സ് പ്രായമുള്ള പ്രവാചകന് വിവാഹം ചെയ്ത് കൊടുത്ത് മാതൃക കാണിച്ചത്. ഖുർആൻ വളരെ വ്യക്തമായി പറഞ്ഞ കാര്യമാണ് സ്ത്രീകൾ ഒരു മറയിൽകൂടിയല്ലാതെ അന്യപുരുഷന്മാരോട് സംസാരിക്കരുതെന്നും അന്യപുരുഷനെ ആകർഷിക്കത്തക്ക ഉച്ചത്തിൽ

ശബ്ദമുയർത്തി സംസാരിക്കരുതെന്നും. ഈ നിയമം പ്രവാചകന്റെ പത്നിമാർക്ക് പ്രത്യേകമായി ഉണ്ടാക്കിയ നിയമങ്ങളാണെന്ന് പറഞ്ഞ് (ചില പരിഷ്കരണവാദികളുടെ കുപ്പായമണിഞ്ഞ്) ആ നിയമത്തെ എതിർക്കുന്നത് ഖുർആന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ പററില്ല.

കേരളത്തിൽ നിന്ന് ബോർഡിന്റെ വിശേഷാംഗങ്ങളായി പങ്കെടുത്തവരുടെ വിവരങ്ങൾ അറിയുന്നത് നന്നായിരിക്കും. ജമാഅത്ത് ഇസ്ലാമിയുടെ വക്താവും, ഐ എൻ എൽ. നേതാവുമായ ഇബ്രാഹിം സുലൈമാൻസേട്ട്, ടി. കെ. അബ്ദുല്ല മൗലവി, എൻ. ഡി. എഫ് ചെയർമാൻ ഇ. അബൂബക്കർ, സുപ്രീംകൗൺസിൽ അംഗം പ്രൊഫ. പി. കോയ (അ... വി), ജമാഅത്തെ ഇസ്ലാമി കേരള ശൂറാ അംഗം ടി. ആരിഫലി എന്നിവരാണ്. ഇനി ബോർഡിന്റെ ധീരവും നിർണായകവുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. പർദ്ദയെക്കുറിച്ചും ശൈശവ വിവാഹത്തെക്കുറിച്ചും പ്രസിഡന്റ് ഇറക്കിയ പ്രസ്താവന ബോർഡ് അംഗീകരിച്ചിട്ടില്ലെങ്കിൽ നമുക്കതിനെ സ്വാഗതം ചെയ്യാം. ഇത് മാത്രം ചൂണ്ടിക്കാണിച്ച് മുസ്ലീം പേർസണൽ ലോ ബോർഡ് പിന്തിരിപ്പൻ നയങ്ങളല്ല പിൻതുടരുന്നതെന്ന് പറയാൻപററില്ല. ഈ യോഗം പാസ്സാക്കിയ പ്രമേയംതന്നെ അതിന്ന് ഉത്തമ ഉദാഹരണമാണ്. ആന്ധ്രപ്രദേശ് സർക്കാർ എല്ലാ വിവാഹവും രജിസ്റ്റർ ചെയ്തിരിക്കണമെന്ന് അനുശാസിക്കുന്ന നിയമം കൊണ്ടുവരുന്നതിനെ എതിർക്കുന്ന പ്രമേയമായിരുന്നു അതിലൊന്ന്. ഇത് ഫലത്തിൽ ശൈശവ വിവാഹത്തെ അനുകൂലിക്കുന്ന പ്രമേയമല്ലെ. പിന്നെ എങ്ങനെയാണ് ബോർഡ് ചെയർമാനെ വിമർശിക്കാൻ എൻ. ഡി. എഫിന്ന് അർഹതയുള്ളത്?

എൻ. ഡി. എഫിന്റെ പുരോഗമനമുഖം ദർശിക്കാൻ അവരുടെ ജൂലൈ ലക്കം ദ്വൈവാരികയിൽതന്നെ കൊടുത്ത 'കലാം അയ്യർ' എന്ന കവർ സ്റ്റോറി തന്നെ മതിയാകും. നമ്മുടെ രാഷ്ട്രത്തിന്റെ പ്രഥമ പുരുഷനായി തിരഞ്ഞെടുക്കപ്പെട്ട ഡോ; എ. പി. ജെ. അബ്ദുൾ കലാമിനെ ''കലാം അയ്യരായി'' ചിത്രീകരിക്കുവാൻ മതവർഗീയവാദികൾക്കല്ലാതെ മററാർക്കാണ് കഴിയുക? തേജസ് മാസിക പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഉദാഹരണത്തിന്നായി താഴെ കൊടുക്കാം:

''രാഷ്ട്രപതിയാകാൻ ഫഖ്റുദ്ദീൻ അലി അഹമ്മദിനേക്കാൾ എന്തുകൊണ്ടും യോഗ്യൻ അബ്ദുൾ കലാമാണ്. ജനനംകൊണ്ട് ബ്രാഹ്മണനല്ലെങ്കിലും ജീവിതംകൊണ്ട് അതാവാൻ ശ്രമിച്ചവനാണ്. കണിശമായ സസ്യഭോജി, കർണ്ണാടകസംഗീതാരാധകൻ, ബ്രഹ്മചാരി ഇവയെല്ലാം ബ്രഹ്മണിക ഗുണങ്ങളല്ലേ? അയാൾ മുസ്ലീമായത് ജന്മം എന്ന അബദ്ധവശാലാണ്. കലാം അയ്യർ, മുസ്ലീം ബ്രാഹ്മണൻ, ഗാന്ധിയൻ മിസൈലുകാരൻ എന്നീ ഓമനപേരുകൾ അദ്ദേഹത്തിന്ന് യോജിക്കും. ആധുനിക ഹിന്ദുത്വ സൈദ്ധാ



ശ്രീനി പട്ടത്താനം

# ശ്രീനി പട്ടത്താനത്തിനെ പ്രോസിക്യൂട്ട് ചെയ്യാൻ നീക്കം

'മാതാ അമൃതാനന്ദമയി-ദിവ്യകഥകളും യാഥാർത്ഥ്യവും' എന്ന പുസ്തകം രചിച്ചതിനു പ്രസിദ്ധ യുക്തിവാദിയും സാഹിത്യകാരനും ഭാരതീയ യുക്തിവാദി സംഘം ജനറൽ സെക്രട്ടറിയും യുക്തിരാജ്യം മാസികയുടെ പത്രാധിപരും അദ്ധ്യാപകനുമായ ശ്രീനി പട്ടത്താനത്തിനെ പ്രോസിക്യൂട്ട് ചെയ്യാൻ സംസ്ഥാന സർക്കാർ നീക്കം നടത്തുന്നതായി അറിയുന്നു.

മാതാ അമൃതാനന്ദമയി മഠത്തിലെ അന്തേവാസിയായ തട്ടാമല സ്വദേശി അഡ്വ. ടി. കെ അജൻ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണു ഈ നടപടി. 2002 ജനുവരിയിലാണു പുസ്തകം പ്രസിദ്ധീകരിച്ചത്. കഴിഞ്ഞ മെയ് 23 നു അജൻ നൽകിയ പരാതിയിൽ ഗ്രന്ഥകർത്താവിനെ

---

ന്തികതയുടെ പിതാവായ അരബിന്ദോയുടെ 'ദിവ്യ ജീവിതം'-ശരിക്കുമൊരണ്ണാച്ചിപ്പട്ടര്'''

ഇതിനു പകരം അഞ്ചു നേരം ദൈവത്തിനുമുമ്പിൽ കുമ്പിടുന്ന, ഭക്തനായ താടിവെച്ച, തൊപ്പിയിട്ട, പോത്തിറച്ചി തിന്നുന്ന ഒരു മുസൽമാനെ നമുക്കു രാഷ്ട്രപതിയായി സങ്കല്പിക്കാനാവുമോ? എൻ. ഡി. എഫിന്റെ മനസ്സിലിരുപ്പ എന്താണെന്നതിൽനിന്നു വ്യക്തമാണു. അവർക്കു ചെച്നിയ, അൽജീരിയ, പാലസ്തീൻ. അഫ്ഘാൻ തുടങ്ങിയ നാടുകളിലെ ഇസ്ലാമിക ഒളിപ്പോരാളികളെ മാത്രമേ വീരനേതാക്കളായി അംഗീകരിക്കാൻ പറ്റുകയുള്ളുവെന്നു തേജസ് വ്യക്തമാക്കുന്നു. ഇതെങ്ങിനെഒരു ജനാധിപത്യ മതേതരത്വവാദിക്കു അംഗീകരിക്കാൻ പററും?

പർദ്ദാസമ്പ്രദായം എതിർക്കപ്പെടേണ്ടതല്ലെന്നും ആധുനിക ലോകത്തിലെ നഗ്നതാ പ്രദർശനത്തെയാണ് എതിർക്കപ്പെടേണ്ടതെന്നുമാണ് ചിലർ അഭിപ്രായപ്പെടാറുള്ളത്. ആഭാസകരമായ നഗ്നതാ പ്രദർശനത്തെ ആധുനിക മനുഷ്യൻ അംഗീകരിക്കുന്നില്ല എന്നാൽ പൂണൂലിനെപോലെ പർദ്ദയും ഒരു മതചിഹ്നമാണ്. പർദ്ദയിൽനിന്നും, പൂണൂലിൽനിന്നും വർഗീയവാദത്തിലേക്കും മതമൗലികവാദത്തിലേക്കുമുള്ള ദൂരം ചെറുതാണ്. അതുകൊണ്ടു ഒരു ജനാധിപത്യ സമൂഹത്തിലെ നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടു ഏതു മതവിഭാഗങ്ങളും കലാപമുണ്ടാക്കാൻ ശ്രമിച്ചാലും അതു ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അവർ ജനാധിപത്യത്തിനുള്ളിലെ താലിബാന്മാരാണ്

കൂടാതെ പ്രസാധകനായ കൊല്ലം മാസ് പബ്ലിക്കേഷൻസ് ഉടമ പി. എസ്. കുമാർ, പ്രിൻറർ എസ്. സജി എന്നിവർക്കെതിരേയും നടപടിയെടുക്കാൻ ആവശ്യപ്പെടുന്നു

ആത്മീയ ഗുരുവായ മാതാഅമൃതാനന്ദമയിയെ മനഃപൂർവ്വം അവഹേളിക്കാൻ ശ്രമം നടത്തിയ ഗ്രന്ഥകർത്താവിനെതിരെ ഇന്ത്യൻ ശിക്ഷാനിയമം 295, 292 വകുപ്പുകൾ പ്രകാരം കേസെടുത്ത ശേഷം ക്രിമിനൽ നടപടി ക്രമം 196 പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നതെന്നാണു പരാതിക്കാരന്റെ ആവശ്യം. പരാതി ഫയലിൽ സ്വീകരിച്ച വകുപ്പു സെക്രട്ടറി തുടർ നടപടികൾക്കായി ഉടനടി ഡി. ജി. പി. ക്ക് കൈമാറുകയായിരുന്നു. പ്രോസിക്യൂഷന് സർക്കാർ അനുമതി നൽകുന്നതിനു മുമ്പുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഡി. ജി. പി. ജില്ലാ പോലീസ് സൂപ്രണ്ടിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതുപ്രകാരം ജൂലൈ അഞ്ചിനു എസ്. പി. ജില്ലാ ഗവർമ്മേണ്ട് പ്ലീഡറോട് നിയമോപദേശം തേടി. ജൂലൈ 10 നു പോലീസ് സൂപ്രണ്ടിനു നൽകിയ മറുപടിയിൽ സർക്കിൾ ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് പ്രാഥമികാന്വേഷണം നടത്തിയ ശേഷം സർക്കാർ അനുമതിയോടെ പ്രോസിക്യൂഷൻ നടപ്പാക്കാവുന്നതാണെന്നു സൂചിപ്പിച്ചിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥനു 155 (1) വകുപ്പു നൽകുന്ന അധികാരമുപയോഗിച്ച് ഗ്രന്ഥകർത്താവിനെ ചോദ്യം ചെയ്യാനായി കസ്റ്റഡിയിലെടുക്കാം.

മനുഷ്യദൈവമായി മാതാ അമൃതാനന്ദമയി സ്വയം പ്രഖ്യാപിച്ച് നടത്തുന്ന പ്രവൃത്തികളെല്ലാം അവർക്കു പിന്നിൽ മായാവലയത്തിൽ എന്നപോലെ അകപ്പെട്ടു പോകുന്ന നമ്മുടെ സഹജീവികളായ മനുഷ്യരെയും വിമർശന ബുദ്ധ്യാവിലയിരുത്തി അതിന്റെ ദൂഷ്യവശങ്ങൾ തുറന്നുകാട്ടുകമാത്രമാണു താൻ ചെയ്തിട്ടുള്ളതെന്നും ഇതു ഇന്ത്യൻ ഭരണഘടന അനുവദിക്കുന്നതാണെന്നും പറഞ്ഞുകൊണ്ടു തനിക്കെതിരെയുള്ള പ്രോസിക്യൂഷൻ നടപടിയെപറ്റി അന്വേഷിക്കണമെന്നാവശ്യപ്പെട്ടു മനുഷ്യാവകാശ കമ്മീഷൻ അംഗം ഡോ: എസ്. ബലരാമനു ശ്രീനി പരാതി നൽകിയിട്ടുണ്ട്.

കേരള പോലീസിൽ 5 വർഷം കോൺസ്റ്റബിളായി ജോലി നോക്കിയിട്ടുള്ള ശ്രീനി (46) ഇപ്പോൾ പേരൂർ മീനാക്ഷി വിലാസം ഹൈസ്കൂൾ അദ്ധ്യാപകനാണ് 'കേരളത്തിലെ മനുഷ്യ ദൈവങ്ങൾ' 'കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാൽഭുത രഹസ്യങ്ങളും' 'ശബരിമല അയ്യപ്പൻ–സങ്കല്പവും യാഥാർത്ഥ്യവും' എന്നീ ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഈ നീക്കത്തെ തടയുന്നതിനു പല സംഘടനകളും പ്രസ്താവനകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രതിഷേധിച്ചു വരുന്നു. പ്രസിദ്ധ സാഹിത്യകാരന്മാരായ സക്കറിയ, പെരുമ്പടവം, ഡോ: പി. വി. വേലായുധൻ പിള്ള, പഴവിള രമേശൻ തുടങ്ങിയവർ പ്രതിഷേധിച്ച വിവരം പത്രങ്ങളിലൂടെ വന്നി

## (1) ശുഭമുഹൂർത്തം നോക്കാതെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചാൽ........

''.......ഏതു സമയവും എന്നെ സംബന്ധിച്ചിടത്തോളം ശുഭമുഹൂർത്തമാണ്....'' രാഷ്ട്രപതി തിരഞ്ഞെടുപ്പിന്ന് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതെപ്പോഴാണെന്ന ചോദ്യത്തിന്ന് സ്ഥാനാർത്ഥികളിൽ ഒരാളായ ഡോക്ടർ എ. പി. ജെ. അബ്ദുൾ കലാമിൽ നിന്നുണ്ടായ ഈ പ്രതികരണം (മാതൃഭൂമി, 12-2-2002) ഓരോ തിരഞ്ഞെടുപ്പിന്നു മുമ്പും പിമ്പും 'മുഹൂർത്തം' നോക്കാൻ പരക്കം പായാറുള്ള നമ്മുടെ ജനനേതാക്കളെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും നിഗ്രഹാനുഗ്രഹ ശക്തിയുണ്ടെന്നു വിശ്വസിക്കുന്നവരാൽ നിർമ്മിതമായ 'മുഹൂർത്തം', ആദ്യമായി പരിഗണിച്ചത് 'യാഗകർമ്മങ്ങൾ നടത്തുമ്പോൾ ജന്തുബലികൊരുങ്ങിയ 'അഗ്നിദേവ'ന്റെ ആരാധകന്മാരാണ്.

ഈ വിഷയത്തിൽ ഹിന്ദുദൈവങ്ങളിൽ പലരും പരാങ്മുഖരാണെന്നു കാണാം. സീതയെ വേട്ട ശ്രീരാമനും, പഞ്ചാലിയെ വേട്ട പാണ്ഡവന്മാരും മുഹൂർത്തം നോക്കുകയുണ്ടായില്ല.

''മുഹൂർത്തസമയത്തിന്റെ-
മുമ്പെ വന്നു, ഗമിക്കനീ....'' എന്നു രുക്മിണി അഭ്യർത്ഥിച്ചപ്പോൾ അപ്രകാരം തന്നെ പ്രവർത്തിച്ച ശ്രീകൃഷ്ണന്നു ഒരുകഴപ്പത്തേയും നേരിടേണ്ടിവന്നില്ല. ''ആരെങ്കിലും മുഹൂർത്തം നോക്കി പ്രസവിക്കാറുണ്ടോ?'' എന്ന മറുചോദ്യം കൊണ്ടാണ് മുഹൂർത്തം നോക്കാതെ അരുവിപ്പുറത്ത് നടത്തിയ പ്രതിഷ്ഠാ കർമ്മത്തെ ശ്രീനാരായണഗുരുപോലും ന്യായീകരിച്ചത്.

വരാഹമിഹിരൻ പണ്ടുപണ്ടേ തള്ളിപ്പറഞ്ഞ 'രാഹുകാലം' എന്ന വില്ലൻ, സ്വകാര്യ പഞ്ചാംഗങ്ങളിൽ മാത്രമല്ല സർക്കാർ കലണ്ടറുകളിൽപോലും

---

ട്ടുണ്ട് ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള ഈ കടന്ന കയററത്തിനു അനുമതി നൽകരുതെന്നാവശ്യപ്പെട്ട് താങ്കളും താങ്കളുടെ സംഘടനയും പ്രതിഷേധ പ്രസ്താവനകളും പ്രതിഷേധ പരിപാടികളും സംഘടിപ്പിക്കണമെന്ന അഭ്യർത്ഥിക്കുന്നു.

മാതാ അമൃതാനന്ദമയി-ദിവ്യകഥകളും യാഥാർത്ഥ്യവും എന്ന ഗ്രന്ഥത്തിനു 100 ക. യാണു വില. ആവശ്യപ്പെടേണ്ട വിലാസം: **റാഷ്ണലിസ്ററ് ബുക്സ് സെൻറർ, പട്ടത്താനം പി. ഒ. കൊല്ലം-21**

N. B:- ഏതാനും കോപ്പികൾ യുക്തിവിചാരം ഓഫീസിലും സ്റേറാക്കുണ്ട്, വില മുൻകൂർ അയച്ചു തരുന്നവർക്കു പോസ്റേറജ് സൗജന്യമായി പുസ്തകം അയച്ചുതരുന്നതാണ്. എ, വി ജോസ്, യുക്തിവിചാരം—തൃശ്ശൂർ-680 004

'കുടികിടപ്പ്'കാരനായിട്ടുണ്ട്. 'മുഹൂർത്ത വിചാരം' നടത്തുമ്പോൾ 'രാഹുകാല'ത്തെ വർജ്ജിക്കണമെന്ന് ഏതു പ്രാമാണിക ഗ്രന്ഥമാണ് പറഞ്ഞിട്ടുള്ളതെന്ന ചോദ്യത്തിന്ന് ഖണ്ഡിതമായ ഉത്തരമില്ല. മുഹൂർത്തം മുറപോലെ നോക്കി വിവാഹിതയായ ചിലപ്പതികാരത്തിലെ കണ്ണകിയുടെ ദാമ്പത്യ ബന്ധം തകർന്നതെന്തുകൊണ്ടെന്ന ചോദ്യത്തിനും തൃപ്തികരമായ മറുപടി ഇല്ല. രാഹുകാലത്ത് സത്യപ്രതിജ്ഞ ചെയ്യാൻ നിയുക്ത മന്ത്രിമാർവരെ ധൈര്യം കാട്ടുന്നില്ല. മുപ്പത്തഞ്ച് കൊല്ലംമുമ്പ് സിലോൺ പ്രധാനമന്ത്രി സിരിമാവോ രാഹുകാലത്തെ പേടിച്ച് മൂന്നുമണിക്കൂറോളം ഒരു വിമാനത്താവളത്തിൽ കഴിച്ചുകൂട്ടിയ കഥ 21-5-67ന്റെ 'സിലോൺ ഡെയ്‌ലി മിററിൽ ഉണ്ടായിരുന്നു.

1985 ജൂലൈ 15 എന്ന ദുർദ്ദിനത്തിൽ-യമകണ്ടകം, മരണയോഗം എന്നിവയുള്ള 'അശുഭമുഹൂർത്തത്തിൽ തമിഴ്നാട്ടിലെ ''വെള്ളിസ്സാരി വിരുദ്ധസംഘം'' പ്രസിഡണ്ട് ആട്ടൂർ മുത്തുസ്വാമിയുടെ മകൻ ജവഹർ എന്ന യുവാവ് കലൈ ശെൽവി എന്ന യുവതിയെ വിവാഹം ചെയ്യാൻ ധൈര്യം കാട്ടി. യാഥാസ്ഥിതികർ പലതും ഭയപ്പെട്ടുവെങ്കിലും നവദമ്പതികൾക്ക് ഒരു കുഴപ്പവും സംഭവിച്ചില്ല. 1986 മെയ് 5-ാം തിയ്യതി അവർക്ക് ഒരു കുട്ടിയുണ്ടായി. അതാകട്ടെ 'സുഖപ്രസവവും'!

ഇന്ത്യൻ സ്വാതന്ത്ര്യദിനം 1947 ആഗസ്ററ് 14-ാംതിയ്യതി അർദ്ധരാത്രിയിലേക്ക് മാററിയത്. 'മുഹൂർത്തവാദി'കളുടെ സമ്മർദ്ദതന്ത്രം നിമിത്തമായിരുന്നു. എന്നിട്ടും സ്വതന്ത്ര ഇന്ത്യയിൽ 'അശുഭകാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നില്ല.

എല്ലാ നവ്യമായ പ്രഭാതങ്ങളും പൊട്ടിവിടരുമ്പോൾ, പൊന്നുവാഗ്ദാനം കൊണ്ട് ദിങ്മുഖം തുടുക്കുന്നുണ്ട്. തുറന്ന മനസ്സോടെ, ശുഭപ്രതീക്ഷയോടെ സമീപിച്ചാൽ ഒരു കാര്യവും 'അമംഗള'കരമാവില്ല. ഇവിടെ, ഇപ്പോൾ ശുഭമുഹൂർത്തം നോക്കാതെ ഡോക്ടർ എ. പി. ജെ. അബ്ദുൾകലാം രാഷ്ട്രപതിസ്ഥാനത്തേക്ക് നാമനിർദ്ദേശപത്രിക സമർപ്പിച്ചാൽ അദ്ദേഹം ഭാരതത്തിന്റെ' പ്രഥമ പൌരൻ' എന്ന പദവിയിലേക്കുയരും എന്നല്ലാതെ വേറെ 'ഒരപകടവും' സംഭവിക്കാൻ പോവുന്നില്ല.

## (2) സമാധാന സംസ്ഥാപനത്തിന്ന് യുദ്ധം അനിവാര്യമോ?

''ഇന്ത്യയിൽ ഭീകരപ്രവർത്തനം അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ പാക്കിസ്ഥാനുമായുള്ള യുദ്ധം അനിവാര്യമാണ്!''

''യുദ്ധത്തിന്ന് പോകാതെതന്നെ നമ്മൾ പാക്കിസ്ഥാനുമേൽ വിജയം നേടി'' എന്ന് പ്രധാനമന്ത്രി പോലും സമാശ്വാസം കൊള്ളുമ്പോഴാണ് മുകളിൽ ഉദ്ധരിച്ച വി. എച്ച്. പി. ജനറൽ സെക്രട്ടറി പ്രവീൺഭായി തൊഗാഡിയാ ഭാഷണം (മാതൃഭൂമി, 18-6-2002) സമാധാന പ്രേമികളുടെ ഉറക്കം കെടുത്തിയത്.

പത്തൊമ്പതാംനൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇററലിയിലും, പിന്നീട് ജമ്മ

നിയിലും ദുരിതം വിതച്ച യുദ്ധവെറി, ജനാധിപത്യ വ്യവസ്ഥിതിക്കും മാനവികമൂല്യങ്ങൾക്കും കടുത്ത ഭീഷണിയായി ഇന്നും നിലനിൽക്കുന്നുവെന്നത് ആരോഗ്യകരമായ ഒരു പ്രവണതയല്ല.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള യുദ്ധത്തെ മഹത്തായൊരു യജ്ഞമായി കണ്ട ആർഷഭാരത മക്കളുടെ കുററിയററിട്ടില്ലെന്നതിന് വേറെ തെളിവ് ആവശ്യമില്ല ''വിനാശായ ച ദുഷ്കൃതാം'' എന്ന് വിളംബരം ചെയ്ത ഭഗവൽഗീത പറയുന്നതും മറെറാന്നല്ലല്ലോ?

''ഫാസിസം ശാശ്വത സമാധാനത്തിന്റെ സാദ്ധ്യതയിലോ പ്രയോജനത്തിലോ വിശ്വസിക്കുന്നില്ല. യുദ്ധം മാത്രമാണ് മനുഷ്യശക്തിയെ അതിന്റെ ഉയർന്ന തോതിൽ തുറന്നുവിടുന്നത്. യുദ്ധം അതു നേരിടാൻ ധൈര്യമുള്ള ജനങ്ങൾക്ക് കുലീനതയുടെ മുഖമുദ്ര ചാർത്തുന്നു'': മുസ്സോളിനി പണ്ട് പറഞ്ഞതാണിത്.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഒരാണവയുദ്ധം നടത്തിയാൽ ഒന്നര ക്കോടി ജനങ്ങൾ ഈ ഭൂമുഖത്തുനിന്ന് ഒററയടിക്ക് തുടച്ചുനീക്കപ്പെടുമെന്നു മാത്രമല്ല; ശേഷിക്കപ്പെടുന്ന അനന്തരതലമുറകൾ രോഗാദ്യാരിഷ്ടങ്ങളുടെ നോക്കുകുത്തികളായി മാറുമെന്നുള്ള തിരിച്ചറിവാണ്, അഥവാ ദീർഘവീക്ഷണമാണ് ഇവിടെ ഇല്ലാതെപോവുന്നത്.

യുദ്ധം ഒന്നിനും പരിഹാരമല്ല. ബലത്തെ ബലംകൊണ്ടു നേരിടുന്നതിലും, ആത്മരക്ഷയ്ക്ക് ആയുധം എടുക്കുന്നതിലും തെററില്ലെന്നു ഗാന്ധിജി പറഞ്ഞത് യുദ്ധവാസനയെ പ്രോൽസാഹിപ്പിക്കാനല്ല. യുഗപ്രഭാവനായ ഗാന്ധിജിയെ മുൻനിർത്തിക്കൊണ്ടു ''സമാധാനത്തിലൂടെയുള്ള പരിവർത്തനമാകണം ഇനിയുള്ള വിപ്ലവം'' എന്ന ആർനോൾഡ് ടോയൻബി പറഞ്ഞത് ഇവിടെയാണ് കൂട്ടിവായിക്കേണ്ടത്. യുദ്ധം ചെയ്തിട്ട് സമാധാനം നേടാനാവില്ല. അത് ശ്മശാനത്തിലെ ശാന്തതയാണ്. യുദ്ധവും സമാധാനവും പരസ്പര പൂരകമല്ലെന്നു മാത്രമല്ല; പരസ്പര വിരുദ്ധവുമാണ്. മനുഷ്യമനസ്സിൽ പൊട്ടിമുളക്കുന്ന യുദ്ധത്തിന്റെ വിഷബീജത്തെ വേരോടെ പിഴുതുകളയണം. ''യുദ്ധത്തിനെക്കൊണ്ടൊരിക്കലുമാവുകില്ലുദ്ധരിച്ചീടാൻ സമാധാനരീതികൾ!'' എന്നാണു കവിവാക്യം. ❍


## വിവാഹാലോചന ക്ഷണിക്കുന്നു

ഈഴവ സമുദായത്തിൽ ജനിച്ച 30 വയസ്സുള്ള യുവതി, സ്വന്തമായി 3000-5000 രൂപ മാസവരുമാനം. ഹേൻഡ് എംബ്രോയ്ഡറിയും മെഷ്യൻ എംബ്രോയ്ഡറിയിലും പരിചയം. വീട്ടിൽ സാമ്പത്തികം കുറവ്. 5'1'' ഉയരം. തൃപ്തികരമായ ആരോഗ്യം. നിർമത വിവാഹം ആഗ്രഹിക്കുന്നു. പുനർവിവാഹിതരേയും പരിഗണിക്കും.

ബന്ധപ്പെടുക:- പോൾ തോമസ്, ചക്കാലക്കൽ, നിർമ്മല കോളേജിനു സമീപം, പൂത്തോൾ പി ഒ. തൃശ്ശൂർ-680 004.

## കത്തുകളിൽ നിന്ന്:-

### അങ്ങയെ ഒരു പ്രതിലോമകാരിയും പിന്തിരിപ്പനുമായി ചിത്രീകരിക്കും:-

ഒരു സംഘടന എന്ന നിലയിൽ ഞങ്ങൾക്ക പോലും അസാദ്ധ്യമായ ഒരു വലിയ കാര്യമാണ് ''യുക്തിവിചാര''ത്തിന്റെ മുടക്കംകൂടാതെയുള്ള പ്രസിദ്ധീകരണം. അനന്യസാധാരണമായ അർപ്പണബോധവും ഏറെ ത്യാഗവും അതിന്റെ പന്നിലുണ്ടെന്ന് അറിയാം. നിറഞ്ഞ സ്നേഹാദരങ്ങളോടെതന്നെ പറയട്ടെ, മാസികയുടെ മുഖക്കുറിപ്പുകളിൽ തികച്ചും പ്രതിലോമകരവും പിന്തിരിപ്പനുമായ ആശയങ്ങൾ കടന്നുകൂടുന്നു. നന്മയും നല്ലതും ഇല്ലെന്നല്ല. ജെ. വി. എന്ന പേരിൽ ആരാണ് ഈ കുറിപ്പുകൾ എഴുതുന്നതെന്ന് അറിയില്ല. പത്രാധിപർ എ. വി. ജോസ് അല്ല ഇവ എഴുതുന്നതെങ്കില് ചരിത്രം അങ്ങയെ ഒരു പ്രതിലോമകാരിയും പിന്തിരിപ്പനുമായി ചിത്രീകരിക്കാൻവേണ്ട വകകളൊക്കെ ഇടയ്ക്കിടെ കാണാം. ലോകവ്യാപാരകരാർ നമ്മുടെ കൃഷിയെയും വ്യവസായത്തെയും ജനജീവിതത്തെയും ദോഷമായി ബാധിച്ചിരിക്കുന്നതു് അറിയാതെ മുഖക്കുറിപ്പുകൾ വരുന്നു. തിരുവനന്തപുരം കാൻസർസെന്റർ പരീക്ഷണവിവാദത്തിൽ കേരളക്കാരനെ ഗിനിപ്പന്നികളാക്കുന്നവർക്ക് നമ്മുടെ മുഖക്കുറിപ്പുകൾ ഓശാന പാടുന്നതും കണ്ടു. — സി. ഐ. ഉമ്മൻ, പ്രസിഡണ്ട്,

ഭാരതീയ യുക്തിവാദിസംഘം, കൊച്ചി-682035

### പോൾതോമസിന്റെ കത്തിനെപ്പററി:-

പോൾ തോമസ് ഡി. ചക്കാലക്കലിന്റെ കഴിഞ്ഞ യുക്തിവിചാരത്തിലെ കത്തു് ''സായം സന്ധ്യയായാൽ പനി. തണുപ്പും ഉൾക്കടയലുമായാണ് അതു തുടങ്ങുക തൊട്ടുനോക്കിയാൽ അധികചൂട് അനുഭവപ്പെടുകയില്ല'' എന്ന പ്രസ്താവത്തിൽ പോൾതോമസിന് യഥാർത്ഥത്തിൽ പനിയുണ്ടാകാറില്ല എന്നു വ്യക്തമാണ്. ഒരുതരം ന്യൂറോസിസാണ് രോഗം. ''കുറച്ചുകഴിഞ്ഞാൽ പൊള്ളിത്തുടങ്ങും കുറച്ചു കഴിഞ്ഞാൽ വിയർക്കും എല്ലാം അടങ്ങും'' എന്ന പ്രസ്താവനയും ഇതു മാനസിക വിഭ്രാന്തിമൂലം ഉണ്ടാകുന്നതാണ് എന്ന വസ്തുതയെ ശരിവെക്കുന്നു. ഇതെല്ലാം കഴിയുമ്പോൾ രോഗിക്ക കടുത്ത ക്ഷീണം തോന്നുന്നതു് അതുകൊണ്ടാണ്. ''അലോപ്പതി ചികിത്സകൻ'' എന്നു് തോമസ് നിരവധി തവണ പ്രയോഗിച്ചു കാണുന്നു. അലോപ്പതി എന്നൊരു ചികിത്സ ഇന്നില്ല. പിന്നെങ്ങിനെയാണ് പോൾതോമസ് അലോപ്പതി ചികിത്സ ചെയ്യുക. 3000 രൂപയുടേതല്ല 10000 രൂപയുടെ തൈലം ഉപയോഗിച്ച് പിഴിച്ചിൽ നടത്തിയാലും ന്യൂറോളജിക്കൽ തകരാറുമൂലം ഉണ്ടാകുന്ന ഒരു രോഗവും മാറുകയില്ല ക്ഷയരോഗത്തിനുള്ള മരുന്നുകൾ—റിഫാബിസിൻ, എത്താംബുട്ടോൾ, ഐസോനയാസിസ് പൈറസനാമൈസ് എന്നിവയിൽ ഒന്നും കാലിന് തളർച്ചയുണ്ടാക്കുകയില്ല. ഇന്നുവരെ ലോകത്തിലാരുടെയും കൈകാലുകൾ ഇവകൊണ്ടു തളർന്ന ച

രിത്രവുമില്ല. മാനസികമായ കാരണങ്ങളാൽ കൈകാലുകൾക്ക് തളർച്ചയും മററു സുഖലക്ഷണങ്ങളും ഉണ്ടാകാം. ഇത്തരത്തിലുള്ള ലക്ഷണങ്ങൾ രോഗത്തിന്റെ ഫലമല്ല. ഇത്തരം ലക്ഷണങ്ങൾ ഉഴിച്ചിൽ നടത്തിയാൽ മാറുന്നതാണ്. ഓട്ടോസജഷൻ മൂലം രോഗലക്ഷണം പ്രകടമാക്കാൻ—എന്തിന് മുറിവുകൾതന്നെ സൃഷ്ടിക്കാൻ—ഒരു വ്യക്തിക്കു കഴിയുമെന്ന് ആധുനീക മനഃശാസ്ത്രം തെളിയിച്ചിട്ടുണ്ട്.

— ജെ. വി.

## യുക്തിവാദി എന്നാൽ മനുഷ്യനാണ്:-

ജൂലൈ ലക്കം യുക്തിവിചാരത്തിലെ കുറിപ്പുകളിൽ 'നാസ്തികരെല്ലാം യുക്തിവാദികളോ?' എന്നൊരു ചോദ്യമുണ്ട്. മറുപടിയും കുറിപ്പുകളിലുണ്ട്. മറുപടി വായിച്ചപ്പോൾ മനുഷ്യനെ താഴ്ത്തികെട്ടിയതായി ഒരു പ്രതീതി. കൂടുതലായി ചിന്തിച്ചപ്പോൾ അടിസ്ഥാനപരമായി മനുഷ്യനെന്നവനെയാണ് നാസ്തികനായും യുക്തിവാദിയായും തരംതിരിച്ചിരിക്കുന്നത് എന്നു മനസ്സിലായി.

മനുഷ്യന്റെ തലച്ചോറ് വികാസം പ്രാപിച്ചതായതുകൊണ്ട് അവൻ യുക്തിപരമായി ചിന്തിക്കുന്നു. അതുകൊണ്ട് ബുദ്ധിക്ക് വൈകല്യമില്ലാത്ത മനുഷ്യരെല്ലാം യുക്തിവാദികൾ തന്നെ. അതോ, വാദിക്കാനറിയാവുന്നവരെ മാത്രമേ യുക്തിവാദികളുടെ പട്ടികയിൽ പെടുത്തുകയുള്ള എന്നുണ്ടോ? 'യുക്തിവാദത്തിൽ മുൻവിധിക്ക് സ്ഥാനമില്ല' എന്നു പറഞ്ഞിരിക്കുമ്പോൾ സാങ്കല്പികസിദ്ധാന്തങ്ങൾക്ക് സ്ഥാനമുണ്ടോ എന്നാണ് ചോദിച്ചുപോകുന്നത്. സാങ്കല്പിക സിദ്ധാന്തങ്ങൾ യുക്തിയുടെ ഭാഗമായ ഭാവനയിൽനിന്നും ഉറവെടുക്കുന്നു. അതും യുക്തിവാദത്തിന്റെ ഭാഗമല്ലാതാകുന്നില്ല. പ്രപഞ്ചിന്റെ ആവിർഭാവത്തെക്കുറിച്ച് ഒരു സാങ്കല്പികസിദ്ധാന്തം ഉന്നയിച്ച് അതന്വേഷിക്കുന്ന മനുഷ്യനും യുക്തിവാദിയാണെന്നാണ് എന്റെ പക്ഷം. പക്ഷേ, അന്വേഷണം പുതിയൊരു കണ്ടുപിടുത്തത്തിലേക്കെത്തുന്നതിനു മുമ്പ് ദൈവമുണ്ടെന്നംഗീകരിച്ച് മതങ്ങളുണ്ടാക്കിയവരും, അതിൽ വിശ്വാസമർപ്പിച്ചവരും അക്കാര്യത്തിൽ യുക്തിവാദം വെച്ചുപുലർത്തുന്നില്ല എന്നതൊഴിച്ചാൽ മറ്റു പല കാര്യങ്ങളിലും അവർ യുക്തിവാദികളാണ്.

മനുഷ്യരെല്ലാം യുക്തിവാദികളുടെ പട്ടികയിൽ പെടുന്നുവെങ്കിലും ദൈവത്തിന്റെ കാര്യത്തിൽ ഭൂരിഭാഗവും ആസ്തികരും, ചെറിയൊരു വിഭാഗം നാസ്തികരുമാണ്. പ്രപഞ്ചത്തിന്റെ ഉല്പത്തി എങ്ങനെയെന്നു ശാസ്ത്രീയമായ വിശകലനം ചെയ്യുന്നതുവരെ ഇതിങ്ങനെതന്നെയായിരിക്കും. അതായത് ശൂന്യതയിൽനിന്ന് പ്രപഞ്ചം എങ്ങിനെയുണ്ടായി എന്നു ശാസ്ത്രത്തിനു തെളിയിക്കാൻ കഴിയുന്നതുവരെ. മതവിശ്വാസത്തിന്റെ കാര്യമെടുക്കുമ്പോൾ വിശ്വാസമില്ലാത്ത യുക്തിവാദികളും വിശ്വാസികളുടെ കൂടെ ചേർന്നുപോകുന്നു. അതുകൊണ്ട് ഇവരെ യുക്തിവാദികളല്ലെന്നു പറയാനാകില്ല. കാര്യം കാണാൻ

അവസരവാദികൾ എന്ന പേരാണ് ഇവർക്ക് യോജിച്ചത്. മനുഷ്യരെ യുക്തിവാദിയെന്നും, നാസ്തികരെന്നും തരംതിരിച്ചു കാണേണ്ട ആവശ്യമില്ല. അവർ തെളിയിക്കപ്പെടാത്ത ദൈവങ്ങളുടെ പേരിൽ നടമാടുന്ന ചൂഷണങ്ങൾക്കെതിരെ പ്രതികരിക്കുന്ന മനുഷ്യരാണോ എന്നു നോക്കിയാൽ മതി. നാസ്തികനാണെങ്കിൽ തീർച്ചയായും അയാൾ യുക്തിവാദിയുമായിരിക്കും. ബുദ്ധിക്ക് വികാസം പ്രാപിച്ച ഒരാൾക്കേ നാസ്തികനാകാൻ കഴിയുകയുള്ളു. അയാൾ മററുകാര്യത്തിൽ യുക്തി പ്രയോഗിക്കുന്നില്ലെങ്കിൽ അതയാളുടെ കഴിവുകേടുകൊണ്ടല്ല. അവസരവാദംകൊണ്ടാണ്.

മനുഷ്യരിൽ യുക്തിവാദത്തിന്റെ തോതു് കൂടിയും കുറഞ്ഞുമിരിക്കും. പ്രപഞ്ചത്തിനു് ഒരു കാരണം ഉണ്ടെന്നു് വിശ്വസിക്കുകയും അതു് ഭൗതീകാധീത ശക്തിയാണെന്നു് വാദിക്കുകയും ചെയ്യുന്ന യുക്തിവാദിയും. അതല്ല പ്രപഞ്ചം താനെ ഉണ്ടായതാണെന്നു വാദിക്കുന്ന യുക്തിവാദിയും. അവർ ഉന്നയിച്ച സാങ്കല്പിക സിദ്ധാന്തങ്ങളുടെ തെളിവുകൾക്ക് പിന്നാലെ പോകുകയാണ് ഉത്തമം. അവർ തിരിച്ചുവന്നു് മററു മനുഷ്യരെ നാസ്തികരായി കണ്ടാൽ മതി. അതുവരെ ഇവിടെ നാസ്തികരെന്ന ഒരു വർഗ്ഗമില്ല. ഉള്ളവരെല്ലാം യുക്തിവാദികളായ മനുഷ്യരാണ്.

— ഡോ: ലാസർ തേർമഠം, ആലപ്പുഴ.

## ഇടമറുകിന്റെ സമീപനം അന്നും ഇന്നും:--

മേയ് ലക്കം യുക്തിരേഖ ബ്രഹ്മാനന്ദശിവയോഗി സപ്ലിമെൻറായി പ്രസിദ്ധീകരിച്ചതിൽ വന്ന എം. സിയുടെ ലേഖനത്തിലെ ഉള്ളടക്കത്തിൽ ചിലതിനെക്കുറിച്ച് ജൂൺ ലക്കം തേരാളിയിൽ ഇടമറുക് ദുരാരോപണങ്ങളും ദുർയുക്തികളും നടത്തികണ്ടു. ബ്രഹ്മാനന്ദശിവയോഗിയുടെ മഹത്തായ യശസ്സിനെ ഹനിക്കാനുള്ള ശ്രമം ഇയ്യിടെയായി നടത്തികൊണ്ടിരിക്കുന്ന ഇടമറുകിനു് ആ സപ്ലിമെൻറ് പ്രസിദ്ധീകരിച്ചത് തീരെ രസിച്ചിട്ടില്ല എന്നതിൽ അത്ഭുതപ്പെടാനില്ല. വിനാശകാലെ വിപരീത ബുദ്ധി.

പൊന്നിനെ പിച്ചള എന്നു ചൊന്നാൽ
വന്നിടാ മാററിനു ഹാനിതെല്ലും
നിന്നെ ദൂഷിച്ചാൽ നിനക്കും കുറവില്ലാ
ഒന്നും പറയാതെ ജ്ഞാനപ്പെണ്ണേ (സിദ്ധാനുഭൂതി)

എന്നു് ബ്രഹ്മാനന്ദശിവയോഗി പാടിയിട്ടുള്ളതുകൊണ്ടാവാം ഇടമറുകിന്റെ കത്തിനു് നിർമ്മലാനന്ദയോഗി മറുപടി എഴുതാതിരുന്നതെന്നു് കരുതുന്നു.

എം. സി. ജോസഫ്, കററിപ്പുഴ, വി. ടി. ഭട്ടതിരിപ്പാട്, എം. ആർ. ബി. ചൊവ്വര പരമേശ്വരൻ, പവനൻ, യു. കലാനാഥൻ തുടങ്ങിയ ഒട്ടേറെ യുക്തിവാദിപ്രമുഖന്മാർ ബ്രഹ്മാനന്ദശിവയോഗിയെ ആദരിച്ചും ആനന്ദമതത്തെ അംഗീകരിച്ചും ലേഖനങ്ങൾ എഴുതുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കേരള യുക്തിവാദി സംഘത്തിലേയും ഭാരത യുക്തിവാദി സംഘത്തിലെയും പ്രമുഖ പ്രവർത്തകരും അനുയായികളും ആനന്ദാദർശ പ്രചരണ തത്പരരുമാണ്. എന്തിന് ഇടമറുക് തന്നെ കാറൽമാർക്സിനെക്കാൾ ഒരുപടി മുന്നിൽ നില്ക്കുന്ന ബ്രഹ്മാനന്ദശിവയോഗി എന്ന് അന്ന് ലേഖനം എഴുതിയിരുന്നുവല്ലോ. യുക്തിവാദികളിൽ വെച്ച് യുക്തിവാദിയും നിരീശ്വരന്മാരിൽ വെച്ച് നിരീശ്വരനും മനുഷ്യസ്നേഹിയുമായിരുന്നു ബ്രഹ്മാനന്ദശിവയോഗി. അദ്ദേഹം ഉയർത്തിവിട്ട ആശയവിപ്ലവം പൂർത്തീകരിക്കാൻ അദ്ദേഹത്തിന്റെ അനുയായികൾക്ക് കരുത്തും ആത്മാർത്ഥതയും ഉണ്ടായി കാണാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് 12-6-96ൽ സിദ്ധാശ്രമം സന്ദർശിച്ചപ്പോൾ ഇടമറുക് സന്ദർശക ഡയറിയിൽ രേഖപ്പെടുത്തിയതു് ഇത്രപെട്ടെന്ന് പാടെ മറന്ന് ഇപ്പോൾ എന്തൊക്കെയാണ് എഴുതുന്നതു്. ബ്രഹ്മാനന്ദസ്വാമിശിവയോഗി ഉയർത്തിപ്പിടിച്ച വിജ്ഞാനത്തിന്റെ തീപ്പന്തം കെടാതെ സൂക്ഷിക്കുക എന്നു പറഞ്ഞ ഇടമറുക് ഇന്ന് അത് ഊതികെടുത്താൻ ഉഴറിനടക്കുകയാണ്

മനോനിയന്ത്രണം മാത്രമാണ് രാജയോഗം എന്ന് ബ്രഹ്മാനന്ദസ്വാമി ശിവയോഗി വിശദീകരിച്ചിട്ടുണ്ട്. അതു് സത്യമാണെന്നും ആർക്കും അതംഗീകരിക്കാമെന്നും യുക്തിവാദി പ്രമുഖന്മാർ പലരും പറഞ്ഞു കഴിഞ്ഞ കാര്യങ്ങളാണ്. എന്നാൽ അതു് ഉച്ചക്കിറുക്കാണെന്ന് ഇടമറുക് തേരാളിയിൽ എഴുതികണ്ടു. ഗീത, ഉപനിഷത്ത്, വാസിഷ്ഠം, ഭാഗവതം മുതലായ പുരാതന ഗ്രന്ഥങ്ങളും വിവേകാനന്ദൻ തുടങ്ങിയ മതിമാന്മാരും രാജയോഗത്തിന്റെ യോഗ്യത പ്രഖ്യാപിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിനും രാജയോഗം അംഗീകാരയോഗ്യമാണ്. അങ്ങിനെയിരിക്കെ രാജയോഗം ഉച്ചകിറുക്കാണെന്ന് ഇടമറുക് പറയുന്നതിൽ സത്യമോ യുക്തിയോ ഇല്ല.

ആനന്ദമഹാസഭക്കും ഇടമറുക് കുറ്റം കാണുന്നു ജനാധിപത്യമില്ലത്രെ. 1956ൽ നിർമ്മലാനന്ദയോഗി ആനന്ദമഹാസഭയുടെ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്ത സ്ഥാനാരോഹണ സമ്മേളനത്തിൽ പങ്കെടുത്ത് തന്റെ ഗുരുവായ എം. സി. ജോസഫും ശിഷ്യനാണെന്നു പറയുന്ന ഇടമറുകും ആശംസാ പ്രസംഗം നടത്തിയതു് അന്ന് ആനന്ദമഹാസഭ നന്നു. ഇന്ന് ആനന്ദമഹാസഭക്ക് കുറ്റങ്ങളും കുറവുകളും. കോട്ടയത്തു് ആനന്ദമഹാസഭാ വാർഷികസമ്മേളനം വിജയിപ്പിക്കുവാൻ സജീവമായി ഇടമറുക് പ്രവർത്തിച്ചു. അന്ന് ഇടമറുകിന് ആനന്ദമഹാസഭ നന്നു. അന്നൊക്കെ ഇടമറുകിന് ആനന്ദമതവും ആനന്ദമഹാസഭയും ഇഷ്ടമായിരുന്നു. എം സി ക്ക് സാരഗ്രാഹിയുടെയും ആനന്ദസമാജത്തിന്റെയും പ്രവർത്തനം സ്തുത്യർഹവുമായിരുന്നു അഭിപ്രായം ഇരുമ്പുലക്കയല്ലല്ലോ. ഇത്തരത്തിലുള്ള ഇടമറുകിന്റെ പ്രവർത്തനശൈലികൊണ്ടാവാം തന്നോടൊപ്പം നിന്നു പ്രവർത്തിച്ച പലരും ഇടമറുകിൽ നിന്നകന്ന് വേറെ സംഘമുണ്ടാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു.

യുക്തിവാദത്തിൽ അധിഷ്ഠിതമായ തത്വചിന്തയിൽ ആനന്ദമതമെന്ന് ആചാര്യ വിനോബജിയും ശ്രീനാരായണൻേറതു് എത്രതന്നെ മഹത്തരമായാലും ഹൈന്ദവ വിശ്വാസങ്ങളെ തകർക്കുന്നതിൽ ശിവയോഗികൊണ്ട് മുൻതൂക്കമെന്ന് ഇ എം. എസ്. നമ്പൂതിരിപ്പാടും അഭിപ്രായപ്പെട്ടത് നിർമ്മലാനന്ദയോഗി കുത്തിതിരികിയതല്ല. അങ്ങിനെയെത്ര എത്ര മഹാരഥന്മാർ ആനന്ദാദർശത്തെ പ്രശംസിച്ചിരിക്കുന്നു. അതെല്ലാം സത്യമാണോ എന്നുതെളിയിക്കാനുള്ള ശ്രമവും ഇടമറുകിനിപ്പോൾ വേണ്ടിവന്നിരിക്കുന്നു. കേരളം കണ്ട ഏററവും മഹാനായ ചിന്തകനാണ് ബ്രഹ്മാനന്ദശിവയോഗി-യുക്തിവാദി പ്രമുഖനായിരുന്ന പനമ്പിള്ളിക്ക് ആ നിലയ്ക്ക് ബ്രഹ്മാനന്ദശിവയോഗിയേയും ആനന്ദാദർശത്തേയും എതൃത്തകററാനുള്ള ഇടമറുകിൻെറ ഇപ്പോഴത്തെ ശ്രമം ഇരിക്കുന്നകൊമ്പ് മുറിക്കുന്നതിനു് തുല്യമാണെന്ന് മനസ്സിലാക്കാനുള്ള ബുദ്ധിശക്തിപോലും ഇടമറുകിനു് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നോ?

— ഒരു ആനന്ദ മതക്കാരൻ

## എന്തുകൊണ്ടു പൊതുതാല്പര്യ ഹർജി കൊടുക്കുന്നില്ല?

മി. ജെ. വി. ചില കാര്യങ്ങൾ വ്യക്തമാക്കണം. 1 യുക്തിവിചാരം ജൂലൈ ലക്കം പേജ് 9 "പ്രപഞ്ച സീമകളിൽ എത്തിപ്പിടിക്കാൻ കഴിവുററവനാകുന്നു." അററമില്ലാത്ത പ്രപഞ്ചത്തിനു സീമയുണ്ടാകുന്നതെങ്ങിനെ? 2 നാസ്തികരെല്ലാം യുക്തിവാദികളോ എന്ന കുറിപ്പുകൊണ്ട് മി. ജെ. വി. പറയാൻ ഉദ്ദേശിച്ചതു അലോപ്പതി ചികിൽസാ സമ്പ്രദായം മാത്രമേ ശരിയായതായുള്ള എന്ന് ആർഗനൺ പറഞ്ഞുവച്ചിട്ടുണ്ടെന്നും അതുകൊണ്ട് ഹോമിയോപതി, ആയുർവേദം, സിദ്ധവൈദ്യം തുടങ്ങിയ ചികിത്സാ ശാഖകളൊക്കെ അശാസ്ത്രീയമാണെന്നുമല്ലേ? അങ്ങിനെയാണെങ്കിൽ അതു സമർത്ഥിക്കാൻ മി. ജെ. വി. എന്തുകൊണ്ട് കേരള ഹൈക്കോടതി മുമ്പാകെ ഒരു പൊതുതാല്പര്യ ഹർജി കൊടുക്കുന്നില്ല? സർക്കാർ ഖജനാവിൽനിന്നു കോടികൾ മുടക്കിയല്ലേ സംസ്ഥാനത്ത് ആയുർവേദ ആശുപത്രികളും ഹോമിയോപ്പതി ആശുപത്രികളും നടത്തികൊണ്ടിരിക്കുന്നതു്!

നീതി, ഗവ; ലോകോളേജ്,
വെള്ളമാട്ക്കുന്നു പി. ഒ., കോഴിക്കോട്.

## ദുഃഖം എനിക്കുണ്ട്:-

നമ്മുടെ സംഘടനയുടെ ഉൽക്കർഷത്തിൽ എനിക്കു വളരെ താത്പര്യമുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ, എന്നാൽ പ്രായം 90 കഴിഞ്ഞ ആ യാഥാർത്ഥ്യം എൻെറ ആഗ്രഹങ്ങളെ തകർത്തുകൊണ്ടിരിക്കുന്നു. നമ്മുടെ സംഘടന വേണ്ടതരത്തിൽ തഴച്ചുവളരുന്നില്ല എന്ന ദുഃഖം എനിക്കുണ്ട്. എല്ലാ അഭ്യുദയങ്ങളും ആശംസിക്കുന്നു.

അഡ്വ: എം. പ്രഭ വെസ്റ്റ് കാക്കനാട്ട് എർണാകുളം

## ടെലിവിഷനും പഠനവും ഒരുപോലെ:-

ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ രണ്ടാംറാങ്കു നേടിയ സ്വീറോ വർഗ്ഗീസ്സുമായി നേരിൽ കാണണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് യുക്തിവിചാരം പത്രാധിപർ ശ്രീ എ. വി. ജോസിന്റെ ബന്ധുവാണ് ഈ കുട്ടി എന്നറിയുന്നത്. സ്വീറോയെ കാണാൻ പോകുമ്പോൾ എന്നെ കൂടെ വിളിക്കണമെന്ന് ഞാൻ പറഞ്ഞു. അങ്ങനെയാണ് റാങ്കുജേതാവിനെ കാണാൻ അവസരം ഒരുക്കിയത്. സ്വീറോയുമായും അവന്റെ അച്ഛനമ്മമാരുമായും ഞങ്ങൾ സംസാരിച്ചു. കുട്ടിയുടെ കയ്യക്ഷരം കാണാൻ ഞങ്ങൾക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നു. അതിനായ ഒരു നോട്ടുബുക്ക് എടുത്തു നോക്കി. പെട്ടെന്ന് മനസ്സിലാകുന്ന രീതിയിൽ വലുതായും വരികൾക്കിടയിൽ ധാരാളം സ്ഥലം വിട്ട് എഴുതിയിരിക്കുന്നു.

ഞാൻ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന എൻ. എൽ. പി. (ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിംഗ്) എന്ന സങ്കേതവുമായി ബന്ധപ്പെടുത്തിയുള്ള കാര്യങ്ങൾ അറിയാനാണ് ഞാൻ മുഖ്യമായും ആഗ്രഹിച്ചത്. പഠനത്തെ കളിപോലെ രസകരവും കൗതുകകരവും ജിജ്ഞാസയുള്ളതുമായി കാണണമെന്നാണ് എൻ. എൽ. പി. പറയുന്നത്. സ്വീറ്റോ ക്രിക്കറ്റ് കളിക്കുകയും ടി. വി.യിൽ കളി കാണുകയും ചെയ്യുമായിരുന്നു.

അന്നന്നത്തെ പാഠങ്ങൾ അന്നുതന്നെ പഠിച്ചു തീരണമെന്ന് സ്വീറോയ്ക്ക് നിർബന്ധമായിരുന്നു. തന്റെ ജീവിതലക്ഷ്യം ഒരു ഡോക്ടറർ ആവുകയാണെന്ന് സ്വീറോ നേരത്തെ തന്നെ 'സ്വപ്നം.' കണ്ടിരുന്നു. റാങ്കു കിട്ടണമെന്ന ആഗ്രഹവും ഉണ്ടായിരുന്നു. തന്റെ ചേച്ചിക്ക് നല്ല മാർക്കുണ്ടായിരുന്നെങ്കിലും റാങ്കു കിട്ടാതെ വന്നപ്പോൾ ''അമ്മ വിഷമിക്കണ്ട, ഞാൻ റാങ്കു വാങ്ങിച്ചു തരാം'' എന്ന് അവൻ ആറാംസ്റ്റാൻേർഡിൽ പഠിക്കുമ്പോഴേ അമ്മയ്ക്ക് വാക്കു കൊടുത്തിരുന്നു.

ഉറച്ച വിശ്വാസവും വ്യക്തമായ ലക്ഷ്യവും ലക്ഷ്യം നേടാനായി ചിട്ടപ്പെടുത്തിയ മുൻഗണനാക്രമത്തിലുള്ള പ്രവർത്തനരീതിയും ഉണ്ടെങ്കിൽ ഏതു രംഗത്തും വിജയം വരിക്കാമെന്ന് സ്വീറോയുടെ റാങ്ക് വിളിച്ചോതുന്നു.

''പഠനമാണോ, ടി. വി. കാണലാണോ കൂടുതൽ രസകരം'' എന്നു ചോദിച്ചപ്പോൾ ഒന്നാലോചിച്ചിട്ട് ''എനിക്ക് രണ്ടും ഒരുപോലെ'' എന്ന് സ്വീറോ പറഞ്ഞു. ഒരേ പ്രവൃത്തിയിൽ ദീർഘനേരം മുഴുകിയിരിക്കുമ്പോൾ മടുപ്പ് വരാതിരിക്കാനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുകയോ മററെന്തിലെങ്കിലും മുഴുകുകയോ ചെയ്യുന്നത് ആ പ്രവൃത്തി കൂടുതൽ ആഹ്ളാദത്തോടെ തുടരാൻ സഹായിക്കും. അല്പനേരം ടി. വി. കാണുന്നതിലൂടെ സ്വീറോ ചെയ്തിരുന്നത് ഇതുതന്നെയാണ്. പഠനത്തിലായാലും തൊഴിലിലായാലും ഉന്നത വിജയംവരിച്ചവരാരും തങ്ങളുടെ വിഷയത്തിനു പുറത്ത് ആനന്ദം കണ്ടവരല്ല

— വി. ചിത്തരഞ്ജൻ (പ്രസിദ്ധ മനഃശാസ്ത്രജ്ഞൻ-'മസ്തിഷ്കം നിങ്ങളുടെ നിയന്ത്രണത്തിൽ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്),
യുവശക്തി റോഡ്, പി. ഒ. പേരാമംഗലം-680 545
(ഫോ: 0487-306656)

## വാർത്തകളിൽ നിന്നു്

### കർക്കടകമാസം 'രാവണ'മാസമായി ആചരിക്കുന്നു!;-

ക്ഷേത്രങ്ങളായ ക്ഷേത്രങ്ങളിലെല്ലാം കർക്കടകമാസം രാമായണമാസമായി ആചരിക്കുമ്പോൾ, ഞാൻ കർക്കടകമാസം രാവണമാസമായി ആചരിക്കുകയാണു്. വെറും ആചരണമല്ല, വൃദ്ധജനങ്ങളെ ആദരിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്ന സന്ദേശം പ്രചരിപ്പിക്കുകയുംകൂടിയാണു്. ഇതു സംബന്ധിച്ച പോസ്ററർപ്രചരണം വ്യാപകമായി നടത്തിയശേഷം, കർക്കടകമാസം മുഴുവൻ നാട്ടിലെ വൃദ്ധജനങ്ങൾക്കു് സൗജന്യ പായസൽക്കാരവും നടത്തുന്നു. 80-കഴിഞ്ഞവർക്കു് ഓരോ മുണ്ടും തോർത്തും കൂടി കൊടുക്കും. കഴിഞ്ഞ അഞ്ചുവർഷമായി തുടരുന്ന പരിപാടിയാണിതു്. മനോരമ ഉൾപ്പെടെയുള്ള പത്രങ്ങളിൽ വിചിത്രമായ കർക്കടകമാസാചരണം എന്ന ഹെഡിംഗിൽ ബോക്സു് കോളത്തിൽ വാർത്ത വന്നിട്ടുണ്ടു്, എന്റെ വീടിനു പരിസരത്തുള്ള ക്ഷേത്രത്തിന്റെ തെക്കുവശമുള്ള ചായക്കടയിലാണു് പായസൽക്കാരം ഏർപ്പാടുചെയ്തിരിക്കുന്നതു്. ചായക്കടയിലുള്ള വിഭവങ്ങൾ എന്താണെങ്കിലും ഇഷ്ടംപോലെ കഴിക്കാം. അതിനു് യാതൊരു നിയന്ത്രണവുമില്ല. (എല്ലാ ആഴ്ചയിലും 2 ദിവസം മാത്രം)

ഈ വിചിത്രമായ കർക്കടകമാസാചരണത്തെപ്പററി നാട്ടിൽ അനുകൂലമായും പ്രതികൂലമായും ചർച്ച നടക്കും. അവസാനം രാവണനാണു് രാമനേക്കാൾ സത്യസന്ധനെന്നും ധർമ്മിഷ്ഠനെന്നും ശക്തനെന്നും അവർ സമ്മതിക്കും. ശൂദ്രനു് രാമൻ പുല്ലുവിലയും കല്പിച്ചിരുന്നില്ല. തപസ്സു് അനുഷ്ഠിച്ച കാരണത്താൽ ശംബുകൻ എന്ന ശൂദ്രനെ വിചാരണപോലും ചെയ്യാതെ വെട്ടിക്കൊന്നു. ഈ കാരണങ്ങളെല്ലാം എതിരാളികളുടെ മുന്നിൽ നിരത്തുമ്പോൾ അവർക്കു മറുപടി തരാൻ കഴിയാതെ വിഷമിക്കുന്നു.

പി. പി. സുമനൻ, ആലപ്പുഴ

### സാമൂഹ്യ പുരോഗതിയിൽ മതത്തിനുള്ള പങ്കു്:-

ഭീകരവാദത്തിന്റെയും വർഗ്ഗീയതയുടേയും പരസ്പര വിദ്വേഷത്തിന്റെയും വിഷം പരത്തുന്ന ദൈവിക മതങ്ങൾ മനുഷ്യരെ ഒട്ടേറെ കൊന്നൊടുക്കുക വഴി സാമൂഹ്യ പുരോഗതിയിൽ ലോകം നൂററാണ്ടുകൾ പുറകോട്ടു പോകുമെന്നു് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇസ്രായേൽ-പാലസ്തീൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ കലഹങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊണ്ടു് യുക്തിവാദിസംഘം സംസ്ഥാനസമിതി അംഗം ജബ്ബാർ മാസ്ററർ പറഞ്ഞു. 14-7-02-ൽനിലമ്പൂർ കിൻസ് ഓഡിറേറാറിയത്തിൽ കെ. വൈ. എസ്. നിലമ്പൂർ ഏരിയ കമ്മിററി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബാബർ അമ്പലം പൊളിച്ചതിനു് നൂററാണ്ടുകൾക്കു് ശേഷം പ്രതികാരബുദ്ധിയോടെ പള്ളി പൊളിക്കുന്നതും, മുസ്ലീങ്ങളും ക്രിസ്ത്യാനികളും വിദേശികളാണെന്നു് ആരോപിച്ചു് അവരെ കൊന്നൊടുക്കാൻ തയ്യാറാ

കുന്നതും യുക്തിപരമായ സമീപനമല്ലെന്നും അതിൽ മനുഷ്യത്വമില്ലെന്നും അദ്ദേഹം പറഞ്ഞു.

കണ്ണ്, വൃക്ക, ഹൃദയം തുടങ്ങിയ മനുഷ്യാവയവങ്ങൾ ജന്മനാലോ അസുഖം മൂലമോ തകരാറിലായി ദുരിതമനുഭവിക്കുന്ന മനുഷ്യരെ സഹായിക്കാൻ, മരണ ശേഷം തന്റെ അവയവങ്ങൾ ദാനം ചെയ്യണമെന്ന് ആഹ്വാനം ചെയ്യാത്ത ദൈവിക മതങ്ങൾ മനുഷ്യത്വരഹിതവും സാമൂഹ്യപുരോഗതിക്ക തടസ്സവുമാണെന്നും മനുഷ്യന്റെ സുഖജീവിതത്തിനും പുരോഗതിക്കും 'ദൈവിക മത'ങ്ങൾക്ക് പകരം 'മാനുഷിക മത'ങ്ങൾ വളർത്തികൊണ്ടുവരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിജയചന്ദ്രൻകുട്ടി മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. പാറയ്ക്കൽ മുഹമ്മദ് സ്വാഗതവും മനു നന്ദിയും പറഞ്ഞു.

## ഗ്രന്ഥകർത്താവിനെതിരെയുള്ള പ്രോസിക്യൂഷൻ നടപടി ഭരണഘടനാവിരുദ്ധം:-

സാമൂഹ്യ പുരോഗതിയും മാനസിക വളർച്ചയും തടയുംവിധമുള്ള അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന ആൾദൈവങ്ങൾക്കെതിരെ പുസ്തകമെഴുതിയതിന് ശ്രീനി പട്ടത്താനത്തിനെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കാനുള്ള നീക്കം ഭരണഘടനയിലെ ശാസ്ത്രീയമായ കാഴ്ചപ്പാടിനും മാനവികതയ്ക്കും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള പൗരന്റെ മൗലിക കർത്തവ്യങ്ങൾക്കെതിരെയുള്ള കയ്യേറ്റമാണെന്ന് യുക്തിവാദിസംഘം നിലമ്പൂർ ഏരിയ കമ്മിറ്റി അഭിപ്രായപ്പെട്ടു. സി. കെ. ഭാസ്കരൻ മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. പാറയ്ക്കൽ മുഹമ്മദ് സ്വാഗതവും കെ. മനു നന്ദിയും പറഞ്ഞു.


# യുക്തിവിചാരം പഴയ ലക്കങ്ങൾ

1977 ഫെബ്രുവരി മുതലാണ് യുക്തിവിചാരം മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ഒറ്റലക്കം മുടക്കംകൂടാതെ ഇതുവരെ ഈ മാസിക പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. 'തുടർച്ച' അധികമില്ലാത്തതുകൊണ്ട് ഓരോ ലക്കവും സ്വയം പൂർണ്ണമാണ്. ഏതാനും ലക്കങ്ങൾ ഒഴിച്ചു ബാക്കിയെല്ലാം ഓഫീസിൽ സ്റ്റോക്കുണ്ട്. അന്ധവിശ്വാസങ്ങളുടെ ആഴവും പരപ്പും പഴക്കവും മനസ്സിലാക്കാൻ ശ്രമിക്കുന്ന സ്വതന്ത്ര ചിന്തകർക്കും യുക്തിവാദികൾക്കും കഴിഞ്ഞ ഓരോ ലക്കവും മറിച്ചുനോക്കുന്നതു വളരെയേറെ വിജ്ഞാനപ്രദമായിരിക്കും.-1977 ഫെ: മുതൽ 0-50; 1978 ഫെ: മുതൽ 1-00; 1986 ഫെ: മുതൽ 1-50; 1989 ജൂലായ് മുതൽ 3-00; 1993 ഫെ; മുതൽ 4-00; 1996 ഫെ. മുതൽ 5-00 എന്നിങ്ങനെയാണ് ഇതിന്റെ വിലനിരക്ക്. 1978 മുതൽ 2000 വരെ, ഇപ്പോൾ സ്റ്റോക്കുള്ള 220തോളം വരുന്ന മാസികകൾക്ക ആകെ 640 ക. യോളം വിലവരും. 25 ശതമാനം കമ്മീഷൻ കഴിച്ച് 480 ക. അയച്ചുതരുന്നവർക്ക് പോസ്റ്റേജ് സൗജന്യമായി മാസിക അയച്ചു തരുന്നതാണ്.

ആവശ്യപ്പെടേണ്ട വിലാസം:

**എ. വി. ജോസ്, യുക്തിവിചാരം, തൃശൂർ-680 004**

YUKTHIVICHARAM
Registration No. KL/CR/TCR/069/2002 Phone: 381020

# കുററിപ്പുഴ സ്മരണയോഗം

## 2002 ആഗസ്ററ് 18-ാംനു ഞായറാഴ്ച
## മലപ്പുറം കോട്ടപ്പടി Govt. L. P. സ്ക്കൂളിൽവെച്ച്

സുഹൃത്തുക്കളെ,

യുക്തിവാദികളുടെ താത്വികാചാര്യനായ കുററിപ്പുഴ കൃഷ്ണപിള്ളയെ ജീവിതകാലം മുഴുവനും സേവിച്ച, സ്വന്തം അനുജനും യുക്തിവിചാരം മാസികയുടെ ദീർഘകാലത്തെ പത്രാധിപരും ആയിരുന്ന കുററിപ്പുഴ ചന്ദ്രൻ അന്തരിച്ചത് 1988 ആഗസ്ററ് 9-ാംനു-യാണ്. ഇദ്ദേഹത്തിൻെറ ചരമദിനത്തോടനുബന്ധിച്ച് നടത്തിവരാറുള്ള കുററിപ്പുഴ സ്മരണയോഗം, ഈ കൊല്ലം കേരള യുക്തിവാദിസംഘം മലപ്പുറം ജില്ലാ കമ്മിററിയുടെ സഹകരണത്തോടെ, 2002 ആഗസ്റ്റ് 18-ാംനു- ഞായറാഴ്ച, മലപ്പുറം കോട്ടപ്പടി ഗവ: എൽ. പി. സ്കൂളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

രാവിലെ 10 മണിക്കു ആരംഭിക്കുന്ന സമ്മേളനത്തിൽ കുററിപ്പുഴ അനുസ്മരണവും ആനക്കയം സെയ്തുമുഹമ്മതിനുള്ള അവാർഡ്ദാനവും നടക്കും. ഉച്ചതിരിഞ്ഞു് 3 മണിക്കു് 'മതം ആധുനിക സമൂഹത്തിൽ' എന്ന വിഷയത്തെപ്പററി പ്രസിദ്ധ വാഗ്മി ഇ. എ. ജബ്ബാർ പ്രസംഗിക്കും. യോഗത്തിൽ യു. കലാനാഥൻ, ഡോ: ഇ. വി. ഉസ്മാൻകോയ, ശ്രീനി പട്ടത്താനം, കെ. കെ. അബ്ദുൽഅലി, അബ്ദുള്ള മേപ്പയ്യൂർ തുടങ്ങി പ്രശസ്തരും പ്രഗത്ഭരും ആയ പല മാന്യ വ്യക്തികളും പങ്കെടുത്തു സംസാരിക്കും.

യോഗത്തിൽ പങ്കെടുക്കുന്നവരിൽനിന്നും നറുക്കിട്ടെടുത്തു കിട്ടുന്ന 3 പേർക്ക് കുററിപ്പുഴയുടെ 286ക. വില വരുന്ന സമ്പൂർണ്ണ കൃതികൾ സൗജന്യമായി സമ്മാനിക്കും. താങ്കൾ സുഹൃത്തുക്കളോടൊപ്പം യോഗത്തിൽ പങ്കെടുക്കുവാൻ അപേക്ഷിക്കുന്നു.

കൺവീനർ, എന്ന്, സെക്രട്ടറി,

യുക്തിവാദപ്രചരണവേദി
തൃശൂർ-680 004
തൃശൂർ,
28.7.2002

കേരളയുക്തിവാദി സംഘം
മലപ്പുറം ജില്ലാ കമ്മിററി,
അരിയല്ലൂർ P. O.
മലപ്പുറം-676 312

N.B. യോഗസ്ഥലത്തു യുക്തിവാദ ഗ്രന്ഥങ്ങൾ വില്പനക്കൊരുക്കിയിട്ടുണ്ട്.

Edited, Printed & Published by A. V. Jose, Kuttipuzha Nagar, Thrissur-680 004 at Sulabha Printers, Calvari Road, Thrissur-680 004 (Ph: 384927)